# ബെനഡിക്ടിൻ സ്തുതിഗീതങ്ങൾ




ഡയറക്ടർ

ഫാ. ജോയ് ചെമ്പകശ്ശേരി OSB

**ബെനഡിക്ടിൻ ധ്യാനകേന്ദ്രം**

മക്കിയാട് പി.ഒ., വയനാട് - 670731

**Mobile: 9562624437, 8113906358**

Web: www.ben-retreat.com,

E-mail: benretreatoffice@gmail.com


-

## വിശുദ്ധീകരണ പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, അനാദിയിലുള്ള അങ്ങയുടെ തിരുഹിതമനുസരിച്ച് കാലത്തിന്റെ തികവിൽ ലോക വിശുദ്ധീകരണത്തിനായി അങ്ങു കനിഞ്ഞു നൽകിയ ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ദിവ്യകാരുണ്യ യേശുവേ, അങ്ങേ അനന്ത സ്നേഹത്താൽ സകല മനുഷ്യരെയും ആഴമായ അനുതാപത്തിലേക്ക് നയിക്കണമേ. ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളെയും ദേശത്തേയും എല്ലാവിധ പൈശാചിക ബന്ധനത്തിൽനിന്നും തിന്മയുടെ സ്വാധീനത്തിൽനിന്നും പാപശാപങ്ങളിൽനിന്നും രോഗപീഡകളിൽനിന്നും ദിവ്യകാരുണ്യ ശക്തിയാൽ മോചിപ്പിക്കണമേ. ഞങ്ങളെ അലട്ടുന്ന എല്ലാവിധ സാമ്പത്തിക ഞെരുക്കങ്ങളിൽനിന്ന് ഞങ്ങൾക്ക് വിടുതൽ നൽകണമേ.

കർത്താവായ യേശുവേ, അങ്ങയെ അറിയാത്ത അനേകായിരം മക്കളിലേയ്ക്ക് അവിടുത്തെ ദിവ്യസന്ദേശം നൽകുന്നതിനായി ഈ ധ്യാനകേന്ദ്രത്തെ ഉപകരണമാക്കണമേ. ഇവിടേയ്ക്കു വരുന്ന ഏവരെയും ദിവ്യകാരുണ്യസ്നേഹത്താൽ നിറയ്ക്കേണമേ. പരിശുദ്ധാത്മാഗ്നിയാൽ വിശുദ്ധീകരിച്ച് അഭിഷേകം ചെയ്യണമേ.

ആമ്മേൻ.

## ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തിനുവേണ്ടിയുള്ള പ്രാർത്ഥന

സ്നേഹസ്വരൂപനായ ദൈവമേ / അങ്ങേ അനന്തമായ പരിപാലനയാൽ രൂപം കൊണ്ടതും / നിരന്തരം ദിവ്യകാരുണ്യ ഈശോയുടെ സാന്നിദ്ധ്യം ജ്വലിച്ചുനിൽക്കുന്നതും / പരിശുദ്ധ കന്യകാമറിയത്തിന്റേയും / പൈശാചികശക്തികളുടെ പേടിസ്വപ്നമായ വിശുദ്ധ ബെനഡിക്ടിന്റേയും പ്രത്യേക സംരക്ഷണത്താൽ ധന്യവുമായ / ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തിന്/ അനുദിനം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നിരവധി അനുഗ്രഹങ്ങളെ പ്രതി / ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഈ ധ്യാനകേന്ദ്രം സഭയ്ക്കും/ ദൈവജനത്തിനും / വിശിഷ്യാ / ലോകം മുഴുവനും / ഒരു അനുഗ്രഹമായി എന്നും നിലകൊള്ളുവാൻ / ഇടവരുത്തണമെ / ഈ ധ്യാനകേന്ദ്രത്തിനെതിരെ / സാത്താന്റെ ഉയർത്തപ്പെടുന്ന കരങ്ങളെ / ദുർബലമാക്കണമെ. / തിന്മയുടെ സ്വാധീനത്തിൽനിന്നും / സാത്താന്റെ കെണികളിൽനിന്നും / ഈ ധ്യാനകേന്ദ്രത്തെയും / പരിസരപ്രദേശങ്ങളേയും / യേശുവിന്റെ / തിരുരക്തത്താൽ മുദ്രവെച്ച് / അഭിഷേകം ചെയ്യണമെ. / ഇവിടെ ശുശ്രൂഷ ചെയ്യുന്ന / എല്ലാവർക്കും വിശുദ്ധിയും / വിവേകവും/ വിജ്ഞാനവും / പ്രദാനം ചെയ്യണമെ / ഈ ധ്യാന കേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്ന / എല്ലാ ധ്യാനങ്ങളേയും / മറ്റെല്ലാ ശുശ്രൂഷകളേയും / പരിശുദ്ധാത്മാവിനാൽ / അഭിഷേകം ചെയ്യണമെ. / അനേകരെ പിതാവായ ദൈവത്താൽ / ആകർഷിച്ച് ഇവിടേയ്ക്ക് ആനയിക്കേണമെ / ഇവിടേയ്ക്കു കടന്നുവരുന്ന / മുഴുവൻ ദൈവജനത്തേയും / ദിവ്യകാരുണ്യ ഈശോയെ/ അങ്ങ് സ്പർശിച്ച് / അവരുടെ ഹൃദയങ്ങളെ / ഉജ്ജ്വലിപ്പിക്കണമെ. ഈ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകളിൽ / പങ്കെടുക്കുന്ന / ഓരോ വ്യക്തിയ്ക്കും / ബന്ധനത്തിൽനിന്നു വിടുതലും / ആഴമായ പാപബോധവും / അനുതാപവും / ദിവ്യകാരുണ്യ ഈശോയിലുള്ള / അടിയുറച്ച വിശ്വാസവും / ഉൾക്കാഴ്ചകളും / പുതിയ ബോധ്യങ്ങളും / അത്ഭുത രോഗസൗഖ്യവും നൽകി അനുഗ്രഹിക്കണമെ / ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തിന്റെ മദ്ധ്യസ്ഥയായ പരി. മറിയമേ / ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തിനുവേണ്ടി പ്രാർത്ഥിക്കണമെ / വി. ബെനഡിക്ടേ / ഈ ധ്യാനകേന്ദ്രത്തിനുവേണ്ടി പ്രാർത്ഥിക്കണമെ.

യേശുവേ നന്ദി, യേശുവേ സ്തുതി (അല്പനേരം സ്തുതിക്കുക.)

## ഉള്ളടക്കം


| | | |
|---|---|---|
| 1. | കുരിശടയാളം (ചെറുത്, വലുത്) | 7 |
| 2. | സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ | 7 |
| 3. | നന്മനിറഞ്ഞ മറിയം | 7 |
| 4. | സാധാരണ ത്രിസന്ധ്യാജപം | 8 |
| 5. | വിശുദ്ധവാര ത്രിസന്ധ്യാ ജപം | 8 |
| 6. | ഉയിർപ്പുകാല ത്രിസന്ധ്യാജപം | 9 |
| 7. | മനസ്താപപ്രകരണം | 10 |
| 8. | വിശ്വാസപ്രമാണം | 10 |
| 9. | ദൈവകല്പനകൾ | 11 |
| 10. | തിരുസഭയുടെ കല്പനകൾ | 11 |
| 11. | കൂദാശകൾ | 12 |
| 12. | കുമ്പസാരത്തിനുള്ള ജപം | 12 |
| 13. | നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ | 12 |
| 14. | പരിശുദ്ധ കന്യകാമാതാവിന്റെ ജപമാല | 13 |
| 15. | കരുണയുടെ ജപമാല | 22 |
| 16. | കുരിശിന്റെ വഴി | 22 |
| 17. | ദിവ്യകാരുണ്യ ജപമാല | 44 |
| 18. | തിരുരക്തത്തിന്റെ ജപമാല | 48 |
| 19. | മാതാവിന്റെ രക്തകണ്ണുനീർ ജപമാല | 52 |
| 20. | സകല വിശുദ്ധരുടെയും ലുത്തിനിയ | 54 |
| 21. | വി. മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന | 57 |
| 22. | ബന്ധനപ്രാർത്ഥന | 58 |
| 23. | തിരുരക്താഭിഷേക പ്രാർത്ഥന | 59 |
| 24. | കരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന | 59 |
| 25. | ബന്ധനവിമുക്ത പ്രാർത്ഥന | 60 |
| 26. | കുടുംബവിശുദ്ധീകരണ പ്രാർത്ഥന | 61 |

27. കൃഷിക്കാർക്കുവേണ്ടിയുള്ള പ്രാർത്ഥന .................. 62
28. വിശുദ്ധ ജോൺപോൾ രണ്ടാമൻ
മാർപാപ്പയോടുള്ള പ്രാർത്ഥന .............................. 63
29. ദൈവമാതാവിനോടുള്ള സംരക്ഷണ
പ്രാർത്ഥന ...................................................................... 64
30. നമ്മുടെ അനുദിനതെറ്റുകൾ
പരിഹരിപ്പാൻ ഒരു ജപം ............................................ 65
31. വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരുക്കം ......... 65
32. വിശുദ്ധ കുർബാന സ്വീകരണത്തിന്ശേഷം ........... 66
33. നീതിമാനായ മാർ യൗസേപ്പേ ................................ 67
34. മരിച്ചവിശ്വാസികൾക്കു വേണ്ടിയുള്ള ജപം ............ 68
35. മക്കൾക്കുവേണ്ടിയുള്ള മാതാപിതാക്കളുടെ
പ്രാർത്ഥന ...................................................................... 68
36. മാതാവ് പഠിപ്പിച്ച പ്രാർത്ഥന ....................................... 69
37. ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തിൽ
ധ്യാനിക്കുന്നവർക്കും ശുശ്രൂഷകർക്കും
വേണ്ടിയുള്ള പ്രാർത്ഥന ............................................. 69
38. ബഹിഷ്കരണ പ്രാർത്ഥന .......................................... 70
39. ബന്ധനവിമുക്ത പ്രാർത്ഥന ................................... 74
40. വി. അൽഫോൻസാമ്മയോടുള്ള പ്രാർത്ഥന .......... 75
41. വി. കുരിശിന്റെ പ്രാർത്ഥന ....................................... 75
42. വിശുദ്ധ ബെനഡിക്ടിന്റെ നൊവേന ...................... 77
43. വിശുദ്ധ ബെനഡിക്ടിന്റെ
ജീവചരിത്രസംക്ഷേപം .......................................... 83
44. ദിവ്യബലി (ലത്തീൻ ക്രമം) .................................... 88
45. 91-ാം സങ്കീർത്തനം .................................................. 110
46. വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന ..................... 111

47. ഗാനങ്ങൾ ........................................................................ 112

1. എന്റെ പുരയ്ക്കകത്തു വരാൻ .................... 112
2. ആത്മശക്തിയെ, ഇറങ്ങിയെന്നിൽവാ ............ 113
3. അപ്പസ്തോലർ ആരാധിച്ചൊരു ........................ 113
4. ആത്മാവേ അഗ്നിയാൽ നിറയ്ക്കേണമേ .......... 114
5. യേശുവെന്നനാമം അത്യുന്നതനാമം ................. 115
6. വെയിലുണക്കിയ മുൾ പടർപ്പിൽ ..................... 115
7. പെയ്യട്ടങ്ങനെ പെയ്യട്ടെ സ്നേഹത്തീമഴ .......... 116
8. കർത്താവു നിന്നെ നിരന്തരം നയിക്കും .......... 117
9. വിടുതലിൻ ആത്മാവേ എന്നിൽ നിറയണമേ .... 117
10. തളരരുതേ മനമേ ................................................. 118
11. അന്ത്യകാല അഭിഷേകം ..................................... 119
12. ദൈവം തന്നു എല്ലാം ........................................ 119
13. യേശുനാമം എന്റെ ആശ്രയം ............................ 120
14. ആത്മാവേ കനിയണമെ .................................... 121
15. ഇത്രത്തോളം ജയംതന്ന ദൈവത്തിനു .............. 121
16. ഈ ലോകത്തിൻ ബന്ധനമെല്ലാം ................. 122
17. സൈന്യാധിപേ, സൈന്യാധിപേ .................... 122
18. ഈ ഒരായുസ്സേ നമുക്കുള്ളു സോദരാ ............... 123
19. എനിക്കായ് കരുതുന്നവൻ ............................. 124
20. ആത്മാവേ അഗ്നിയായ് നിറയണമെ .................... 124
21. ആത്മാവിൻ ശക്തി അത്യുന്നത ശക്തി ............. 125
22. പുകഴ്ത്തീടാം യേശുവിനെ ............................ 126
23. കണ്ടാലോ ആളറിയുകയില്ല ................................ 126
24. അഭിഷേകം അഭിഷേകം ................................ 127

## പ്രാർത്ഥനകൾ

### കുരിശടയാളം (ചെറുത്)

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

### കുരിശടയാളം (വലുത്)

വിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളുടെ തമ്പുരാനെ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

### ത്രിത്വ സ്തുതി

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും. ആമ്മേൻ.

### സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ; അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ. ആമ്മേൻ.

### നന്മനിറഞ്ഞ മറിയം

നന്മ നിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ, സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ ആമ്മേൻ.

## സാധാരണ ത്രിസന്ധ്യാജപം

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോടു വചിച്ചു. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭം ധരിച്ചു. 1 നന്മ.

ഇതാ! കർത്താവിന്റെ ദാസി നിന്റെ വചനം പോലെ എന്നിലാവട്ടെ. 1 നന്മ.

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. 1 നന്മ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ.

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കേണമേ എന്ന് ഞങ്ങളുടെ കർത്താവായ ഈശോ മിശിഹാ വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.

## വിശുദ്ധവാര ത്രിസന്ധ്യാ ജപം

(വലിയ ബുധനാഴ്ച സായാഹ്നം മുതൽ ഉയിർപ്പു ഞായറാഴ്ച വരെ ചൊല്ലേണ്ടത്)

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്‌വഴങ്ങി. അതെ, അവിടുന്ന് കുരിശുമരണത്തോളം കീഴ്‌വഴങ്ങി. അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി; എല്ലാ നാമത്തെയുംകാൾ ഉന്നതമായ നാമം അവിടുത്തേക്ക് നൽകി.

1 സ്വർഗ്ഗ.

സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ മർദ്ദകരുടെ കരങ്ങളിൽ ഏൽപിക്കപ്പെട്ട്, കുരിശിലെ പീഡകൾ സഹിച്ചു രക്ഷിച്ച ഈ കുടുംബത്തെ തൃക്കൺ പാർക്കണമേ എന്ന് അങ്ങയോടുകൂടി എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവ് ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## ഉയിർപ്പുകാല ത്രിസന്ധ്യാജപം

(ഉയിർപ്പു ഞായറാഴ്ച തുടങ്ങി പരിശുദ്ധ ത്രിത്വത്തിന്റെ ഞായറാഴ്ചവരെ ചൊല്ലേണ്ടത്)

സ്വർലോക രാജ്ഞി, ആനന്ദിച്ചാലും! ഹല്ലേലൂയ്യ
എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ
തിരുവുദരത്തിൽ അവതരിച്ചയാൾ! ഹല്ലേലൂയ്യ
അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു!
ഹല്ലേലൂയ്യ
ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോട് പ്രാർത്ഥിക്കേണമേ.
ഹല്ലേലൂയ്യ
കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും!
ഹല്ലേലൂയ്യ
എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു!
ഹല്ലേലൂയ്യ

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നൽകേണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏറ്റം നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണ ഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും, സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ പാപ സാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുന്നതിനേക്കാൾ മരിക്കാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ) യിരിക്കുന്നു. ആമ്മേൻ.

## വിശ്വാസപ്രമാണം

സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്ന് പിറന്ന്; പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽ നിന്ന് മൂന്നാം നാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു; അവിടെ നിന്ന് ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിനാലും ഞാൻ വിശ്വസിക്കുന്നു, വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും, നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

## ദൈവകല്പനകൾ

1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.
2. ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്.
3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.
4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം.
5. കൊല്ലരുത്.
6. വ്യഭിചാരം ചെയ്യരുത്.
7. മോഷ്ടിക്കരുത്.
8. കള്ളസാക്ഷ്യം പറയരുത്.
9. അന്യന്റെ ഭാര്യയെ മോഹിക്കരുത്.
10. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്.

ഈ പത്തു കല്പനകൾ രണ്ടു കല്പനകളായി സംഗ്രഹിക്കാം.

1. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.
2. തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കണം.

## തിരുസഭയുടെ കല്പനകൾ

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങളിൽ വിലക്കപ്പെട്ട ജോലികൾ ചെയ്യരുത്.
2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാക്കാലത്ത് പരിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യണം.
3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും ചെയ്യണം.
4. വിലക്കപ്പെട്ട കാലത്ത് വിവാഹം ആഘോഷിക്കുകയോ, തിരുസഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്.
5. ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും വൈദികാദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള ഓഹരികൾ കൊടുക്കണം.

## കൂദാശകൾ

| | |
|---|---|
| 1. മാമ്മോദീസ | 2. സ്ഥൈര്യലേപനം |
| 3. കുർബാന | 4. കുമ്പസാരം |
| 5. രോഗീലേപനം | 6. തിരുപ്പട്ടം 7. വിവാഹം |

## കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപക യോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും ഞാൻ ഏറ്റുപറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തുപോയി, എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ.

ആകയാൽ, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമായോടും, സകല വിശുദ്ധരോടും പിതാവേ, അങ്ങയോടും, നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്ന് ഞാനപേക്ഷിക്കുന്നു. ആമ്മേൻ.

## നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്.
2. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നത്.
3. മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നത്.
4. ചെയ്തുപോയ മാരക പാപങ്ങളെങ്കിലും വൈദികനെ അറിയിക്കുന്നത്.
5. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നത്.

## പരിശുദ്ധ കന്യകാമാതാവിന്റെ ജപമാല

### പ്രാരംഭ പ്രാർത്ഥന

അളവില്ലാത്ത സകല നന്മസ്വരൂപനായിരിക്കുന്ന സർവ്വേശ്വരാ കർത്താവേ, എളിയവരും നന്ദിയറ്റ പാപികളുമായ ഞങ്ങൾ, നിസീമപ്രതാപവാനായ അങ്ങേ സന്നിധിയിൽ പ്രാർത്ഥിക്കുവാൻ അയോഗ്യരാകുന്നു. എങ്കിലും അങ്ങേ അനന്തമായ ദയയിൽ ശരണപ്പെട്ടുകൊണ്ട്, പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി ജപമാലയർപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ അർപ്പണം ഭക്തിയോടും ശ്രദ്ധയോടും കൂടെ ചെയ്യുന്നതിന് കർത്താവേ ഞങ്ങളെ സഹായിക്കണമേ. സർവശക്തനായ പിതാവും ....

1 സ്വർഗ്ഗ.

പിതാവായ ദൈവത്തിന്റെ മകളായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവവിശ്വസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ. 1 നന്മ.

പുത്രനായ ദൈവത്തിന്റെ മാതാവായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ.

1 നന്മ.

പരിശുദ്ധാത്മാവായ ദൈവത്തിന് ഏറ്റവും പ്രിയമുള്ള പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ. 1 നന്മ. 1 ത്രി.

### കൊന്തയുടെ ഓരോ ദശകവും കഴിഞ്ഞ് ചൊല്ലുന്ന ഫാത്തിമ സുകൃതജപം

ഓ! എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും പ്രത്യേകം അങ്ങേ സഹായം

കൂടുതൽ ആവശ്യമുള്ളവരേയും സ്വർഗ്ഗത്തിലേക്കാനയിക്കണമേ. പരിശുദ്ധ ജപമാലയുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

## സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ

(തിങ്കൾ, ശനി ദിവസങ്ങളിൽ ചൊല്ലുന്നു.)

1. പരിശുദ്ധ ദൈവമാതാവ് ഗർഭം ധരിച്ച് ഈശോമിശിഹായെ പ്രസവിക്കുമെന്ന മംഗളവാർത്ത ഗബ്രിയേൽ മാലാഖ ദൈവകല്പനയാൽ അറിയിച്ചു എന്നു ധ്യാനിക്കുക.

   1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

2. പരിശുദ്ധ ദൈവമാതാവ്, ഏലീശ്വാ ഗർഭിണിയായ വിവരം കേട്ടപ്പോൾ ആ പുണ്യവതിയെ ചെന്നു കണ്ടു മൂന്നുമാസം വരെ അവൾക്കു ശുശ്രൂഷ ചെയ്തു എന്നു ധ്യാനിക്കുക.

   1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

3. പരിശുദ്ധ ദൈവമാതാവ്, തന്റെ ഉദരത്തിൽ ഉത്ഭവിച്ച ദൈവകുമാരനെ പ്രസവിപ്പാൻ കാലമായപ്പോൾ ബെത്ലേഹം നഗരിയിൽ പാതിരായ്ക്കു പ്രസവിച്ച് ഒരു തൊഴുക്കൂട്ടിൽ കിടത്തി എന്നു ധ്യാനിക്കുക.

   1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

4. പരിശുദ്ധ ദൈവമാതാവ്, തന്റെ ശുദ്ധീകരണത്തിന്റെ നാൾ വന്നപ്പോൾ ഈശോമിശിഹായെ ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിനു കാഴ്ചവച്ച് ശെമയോൻ എന്ന മഹാത്മാവിന്റെ കരങ്ങളിൽ ഏല്പിച്ചു എന്നു ധ്യാനിക്കുക.

   1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

5. പരിശുദ്ധ ദൈവമാതാവ്, തന്റെ ദിവ്യകുമാരന് പന്ത്രണ്ടു വയസ്സായിരിക്കെ മൂന്നു ദിവസം അവിടുത്തെ കാണാതെ അന്വേഷിച്ചിട്ടു മൂന്നാം നാൾ ദൈവാലയത്തിൽ വച്ച് വേദശാസ്ത്രികളുമായി തർക്കിച്ചിരിക്കയിൽ അവിടുത്തെ കണ്ടെത്തി എന്നു ധ്യാനിക്കുക.

   1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

## പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ

(വ്യാഴാഴ്ചകളിൽ ചൊല്ലുന്നു.)

1. നമ്മുടെ കർത്താവീശോമിശിഹാ യോർദ്ദാൻ നദിയിൽ വച്ച് സ്നാപകയോഹന്നാന്റെ കരങ്ങളിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവിടുത്തെമേൽ എഴുന്നള്ളി വരികയും ചെയ്തുവെന്നു ധ്യാനിക്കുക.

   1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

2. നമ്മുടെ കർത്താവീശോമിശിഹാ കാനായിൽവെച്ച് വിവാഹവിരുന്നിന്റെ അവസരത്തിൽ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്താൽ വെള്ളം വീഞ്ഞാക്കി തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചുവെന്നു ധ്യാനിക്കുക.

   1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

3. നമ്മുടെ കർത്താവീശോമിശിഹാ ജോർദ്ദാനിലെ മാമ്മോദീസായ്ക്കും മരുഭൂമിയിലെ ഒരുക്കത്തിനും ശേഷം ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുവാൻ ആരംഭിച്ചുവെന്നു ധ്യാനിക്കുക.

   1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

4. നമ്മുടെ കർത്താവീശോമിശിഹാ താബോർ മലമുകളിൽ വച്ച് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ രൂപാന്തരപ്പെട്ട് തന്റെ സ്വർഗ്ഗീയ മഹത്ത്വം അവർക്ക് വെളിപ്പെടുത്തിയെന്നു ധ്യാനിക്കുക.

   1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

5. നമ്മുടെ കർത്താവീശോമിശിഹാ സെഹിയോൻ ഊട്ടുശാലയിൽ വച്ച് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും അവർക്ക് സ്നേഹത്തിന്റെ പുതിയ കല്പന നൽകുകയും ചെയ്തശേഷം അവിടുത്തെ സ്നേഹത്തിന്റെ ശാശ്വത സ്മാരകമായ വിശുദ്ധ കുർബാന സ്ഥാപിച്ചുവെന്നു ധ്യാനിക്കുക.

   1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

## ദുഃഖകരമായ ദിവ്യരഹസ്യങ്ങൾ

(ചൊവ്വ, വെള്ളി ദിവസങ്ങളിൽചൊല്ലുന്നു.)

1. നമ്മുടെ കർത്താവീശോമിശിഹാ പൂങ്കാവനത്തിൽ പ്രാർത്ഥിച്ചിരിക്കുമ്പോൾ ചോരവിയർത്തുവെന്നു ധ്യാനിക്കുക.

1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

2. നമ്മുടെ കർത്താവീശോമിശിഹാ പീലാത്തോസിന്റെ വീട്ടിൽ വച്ചു ചമ്മട്ടികളാൽ അടിക്കപ്പെട്ടുവെന്നു ധ്യാനിക്കുക.

1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

3. നമ്മുടെ കർത്താവീശോമിശിഹായെ യൂദന്മാർ മുൾമുടി ധരിപ്പിച്ചുവെന്നു ധ്യാനിക്കുക.

1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

4. നമ്മുടെ കർത്താവീശോമിശിഹാ മരണത്തിനു വിധിപ്പെട്ടതിനുശേഷം തനിക്ക് അധികം അപമാനവും വ്യാകുലവുമുണ്ടാകുവാൻവേണ്ടി അവിടുത്തെ തിരുത്തോളിന്മേൽ ഭാരമുള്ള കുരിശുമരം ചുമത്തപ്പെട്ടുവെന്നു ധ്യാനിക്കുക.

1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

5. നമ്മുടെ കർത്താവീശോമിശിഹാ ഗാഗുൽത്താമലയിൽ ചെന്നപ്പോൾ വ്യാകുലസമുദ്രത്തിൽ മുഴുകിയ പരിശുദ്ധ മാതാവിന്റെ മുമ്പാകെ തിരുവസ്ത്രങ്ങളുരിഞ്ഞെടുക്കപ്പെട്ടു കുരിശിന്മേൽ തറയ്ക്കപ്പെട്ടുവെന്നു ധ്യാനിക്കുക.

1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

## മഹിമയുടെ ദിവ്യരഹസ്യങ്ങൾ

(ബുധൻ, ഞായർ ദിവസങ്ങളിൽ ചൊല്ലുന്നു.)

1. നമ്മുടെ കർത്താവീശോമിശിഹാ പീഡസഹിച്ചു മരിച്ചതിന്റെ മൂന്നാംനാൾ ജയസന്തോഷങ്ങളോടെ ഉയിർത്തെഴുന്നള്ളിയെന്നു ധ്യാനിക്കുക.

1. സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

2. നമ്മുടെ കർത്താവീശോമിശിഹാ തന്റെ ഉയിർപ്പിന്റെ ശേഷം നാല്പതാംനാൾ അത്ഭുതകരമായ മഹിമയോടും

ജയത്തോടുംകൂടെ തന്റെ ദിവ്യമാതാവും ശിഷ്യരും കണ്ടു കൊണ്ടു നിൽക്കുമ്പോൾ സ്വർഗ്ഗാരോഹണം ചെയ്തു വെന്നു ധ്യാനിക്കുക.

1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

3. നമ്മുടെ കർത്താവീശോമിശിഹാ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് എഴുന്നള്ളിയിരിക്കുമ്പോൾ സെഹിയോൻ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന കന്യകാമാതാവിന്റെമേലും ശ്ലീഹന്മാരുടെമേലും പരിശുദ്ധാത്മാവിനെ അയച്ചുവെന്നു ധ്യാനിക്കുക.

1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

4. നമ്മുടെ കർത്താവീശോമിശിഹാ ഉയിർത്തെഴുന്നള്ളി കുറേ ക്കാലം കഴിഞ്ഞപ്പോൾ കന്യകാമാതാവ് ഈ ലോകത്തിൽ നിന്ന് മാലാഖമാരാൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നു ധ്യാനിക്കുക.

1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

5. പരിശുദ്ധ ദൈവമാതാവ് പരലോകത്തിൽ എത്തിയ ഉടനെ തന്റെ ദിവ്യകുമാരനാൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മുടി ധരിപ്പിക്കപ്പെട്ടുവെന്നു ധ്യാനിക്കുക.

1. സ്വഗ്ഗ. 10 നന്മ. 1 ത്രിത്വ.

## ജപമാല സമർപ്പണം

മുഖ്യദൂതനായ വിശുദ്ധ മിഖായേലേ, ദൈവദൂതന്മാരായ വിശുദ്ധ ഗബ്രിയേലേ, വിശുദ്ധ റപ്പായേലേ, മഹാത്മാവായ വി. യൗസേപ്പേ, ശ്ലീഹന്മാരായ വി. പത്രോസേ, വി. പൗലോസേ, വി. യോഹന്നാനേ, ഞങ്ങളുടെ പിതാവായ മാർതോമ്മാ, ഞങ്ങൾ വലിയ പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ ജപിച്ച ഈ പ്രാർത്ഥന നിങ്ങളുടെ കീർത്തനങ്ങളോടുകൂടെ ഒന്നായി ചേർത്തു പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ കാഴ്ച വയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ദൈവമാതാവിന്റെ ലുത്തിനിയ

കര്‍ത്താവേ, അനുഗ്രഹിക്കണമേ — കര്‍ത്താവേ....
മിശിഹായേ, അനുഗ്രഹിക്കണമേ — മിശിഹായേ..
കര്‍ത്താവേ, അനുഗ്രഹിക്കണമേ — കര്‍ത്താവേ.....
മിശിഹായേ, ഞങ്ങളുടെ പ്രാര്‍ത്ഥന കേള്‍ക്കണമേ..
മിശിഹായേ...
മിശിഹായെ, ഞങ്ങളുടെ പ്രാര്‍ത്ഥന കൈക്കൊള്ളണമേ
മിശിഹായേ...

സ്വര്‍ഗ്ഗസ്ഥനായ പിതാവായ ദൈവമേ
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ
പരിശുദ്ധാത്മാവായ ദൈവമേ
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ

ഞങ്ങളെ അനുഗ്രഹിക്കണമേ

പരിശുദ്ധ മറിയമേ,
ദൈവത്തിന്റെ പരിശുദ്ധ ജനനീ
കന്യകള്‍ക്കു മകുടമായ നിര്‍മ്മലകന്യകേ
മിശിഹായുടെ മാതാവേ
ദൈവവരപ്രസാദത്തിന്റെ മാതാവേ
പ്രത്യാശയുടെ മാതാവേ
ഏറ്റം നിര്‍മ്മലയായ മാതാവേ
അത്യന്ത വിരക്തയായ മാതാവേ
കളങ്കമറ്റ കന്യകയായ മാതാവേ
കന്യാത്വത്തിനു ഭംഗം വരാത്ത മാതാവേ
സ്നേഹത്തിനു ഏറ്റം യോഗ്യയായ മാതാവേ
അത്ഭുതത്തിനു വിഷയമായ മാതാവേ
സദുപദേശത്തിന്റെ മാതാവേ
സ്രഷ്ടാവിന്റെ മാതാവേ
രക്ഷകന്റെ മാതാവേ
കരുണയുടെ മാതാവേ
തിരുസഭയുടെ മാതാവേ
ഏറ്റം വിവേകമതിയായ കന്യകേ
വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ

ഞങ്ങള്‍ക്കുവേണ്ടി അപേക്ഷിക്കണമേ

സ്തുതിക്ക് യോഗ്യയായ കന്യകേ
മഹാ വല്ലഭയായ കന്യകേ
കനിവുള്ള കന്യകേ
ഏറ്റം വിശ്വസ്തയായ കന്യകേ
നീതിയുടെ ദർപ്പണമേ
ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ
ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ
ആത്മജ്ഞാന പൂരിത പാത്രമേ
ബഹുമാനത്തിന്റെ പാത്രമേ
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ
ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസപുഷ്പമേ
ദാവീദിന്റെ കോട്ടയേ
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ
സ്വർണ്ണാലയമേ
വാഗ്ദാനത്തിന്റെ പേടകമേ
സ്വർഗ്ഗത്തിന്റെ വാതിലേ
ഉഷഃകാല നക്ഷത്രമേ
രോഗികളുടെ ആരോഗ്യമേ
പാപികളുടെ സങ്കേതമേ
പീഡിതരുടെ ആശ്വാസമേ
കുടിയേറ്റക്കാരുടെ ആശ്വാസമേ
ക്രിസ്ത്യാനികളുടെ സഹായമേ
മാലാഖമാരുടെ രാജ്ഞി
പൂർവ്വപിതാക്കന്മാരുടെ രാജ്ഞി
ദീർഘദർശികളുടെ രാജ്ഞി
ശ്ലീഹന്മാരുടെ രാജ്ഞി
വേദസാക്ഷികളുടെ രാജ്ഞി
വന്ദകന്മാരുടെ രാജ്ഞി
കന്യകകളുടെ രാജ്ഞി
സകല വിശുദ്ധരുടെയും രാജ്ഞി
അമലോത്ഭവയായ രാജ്ഞി
സ്വർഗ്ഗാരോപിതയായ രാജ്ഞി

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

പരിശുദ്ധ ജപമാലയുടെ രാജ്ഞി
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി
കുടുംബങ്ങളുടെ രാജ്ഞി
സമാധാനത്തിന്റെ രാജ്ഞി
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യ കുഞ്ഞാടേ
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ! ഇതാ, ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യ നേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ; ഭാഗ്യ വതിയും അനുഗ്രഹീതയുമായ കന്യകാമാതാവേ, സകല ആപ ത്തുകളിൽനിന്നും എപ്പോഴും ഞങ്ങളെ കാത്തുകൊള്ളണമേ.

ഈശോമിശിഹായുടെ എല്ലാ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**പ്രാർത്ഥിക്കാം**

കർത്താവേ, പൂർണ്ണമനസ്സോടുകൂടി സാഷ്ടാംഗം വീണു കിടക്കുന്ന ഈ കുടുംബത്തെ (സമൂഹത്തെ) തൃക്കൺ പാർത്ത് നിത്യകന്യകയായ പരിശുദ്ധ മറിയത്തിന്റെ അപേക്ഷ യാൽ സകല ശത്രുക്കളുടെയും ഉപദ്രവങ്ങളിൽനിന്നു രക്ഷിച്ചു കൊള്ളണമേ; ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളേക്കുറിച്ച് ഞങ്ങൾക്കു തരണമേ. ആമ്മേൻ

**പരിശുദ്ധരാജ്ഞി**

പരിശുദ്ധരാജ്ഞീ, കരുണയുള്ള മാതാവേ സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ, സ്വസ്തി!

ഹവ്വായുടെ പുറന്തള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേ പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽനിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേ പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ! അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീതഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ.

ഈശോമിശിഹായുടെ എല്ലാ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ,

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**പ്രാർത്ഥിക്കാം**

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയത്തിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ അങ്ങേ ദിവ്യപുത്രന് യോഗ്യമായ പീഠമായിരിക്കാൻ ആദിയിൽ അങ്ങു നിശ്ചയിച്ചുവല്ലോ; ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ അവളുടെ ശക്തിയുള്ള അപേക്ഷയാൽ, ഈ ലോകത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലും നിന്നു രക്ഷിക്കപ്പെടുവാൻ കൃപ ചെയ്യണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളേക്കുറിച്ചു ഞങ്ങൾക്കു സാധിച്ചുതരേണമേ. ആമ്മേൻ.

## എത്രയും ദയയുള്ള മാതാവേ

എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന്, നിന്റെ സഹായം തേടി, നിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ലോകത്തിൽ ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്നു നീ ഓർക്കണമേ. കന്യകകളുടെ രാജ്ഞിയായ കന്യകേ, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ധൈര്യപ്പെട്ട് നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു.

വിലപിച്ച് കണ്ണുനീർ ചിന്തി, പാപിയായ ഞാൻ നിന്റെ ദയാധി കൃത്തെ കാത്തുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ! എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമേ, ആമ്മേൻ.

## കരുണയുടെ ജപമാല

1. സ്വർഗ്ഗ., 1 നന്മ., വിശ്വാസപ്രമാണം.

നിത്യപിതാവേ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായി ഞങ്ങളുടെ നാഥനും രക്ഷകനും അങ്ങേ ഏറ്റവും വാത്സല്യമുള്ള പുത്രനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ പീഡാനുഭവത്തെക്കുറിച്ച് പിതാവേ, ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമേ. (5 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്യനേ,
ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ
കരുണയായിരിക്കണമേ. (3 പ്രാവശ്യം)

## കുരിശിന്റെ വഴി

പ്രാരംഭഗാനം (കുരിശുചുമന്നവനേ)

കുരിശിൽ മരിച്ചവനേ, കുരിശാലേ
വിജയം വരിച്ചവനേ,
മിഴിനീരൊഴുക്കിയങ്ങേ, കുരിശിന്റെ
വഴിയേവരുന്നു ഞങ്ങൾ.

ലോകൈകനാഥാ, നിൻ
ശിഷ്യനായ്ത്തീരുവാ-

നാശിപ്പോനെന്നുമെന്നും
കുരിശുവഹിച്ചു നിൻ
കാല്പാടു പിഞ്ചെല്ലാൻ
കല്പിച്ച നായകാ.

നിൻ ദിവ്യരക്തത്താ–
ലെൻ പാപമാലിന്യം
കഴുകേണമേ, ലോകനാഥാ.

**പ്രാരംഭ പ്രാർത്ഥന**

നിത്യനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലി കഴിക്കുവാൻ തിരുമനസ്സായ കർത്താവേ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. അങ്ങു ഞങ്ങളെ സ്നേഹിച്ചു: അവസാനം വരെ സ്നേഹിച്ചു. സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. പീലാത്തോസിന്റെ ഭവനം മുതൽ ഗാഗുൽത്താ വരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാനയാത്ര അങ്ങേ സ്നേഹത്തിന്റെ ഏറ്റം മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീരിന്റെയും രക്തത്തിന്റെയും ആ വഴിയിൽക്കൂടി; വ്യാകുലയായ മാതാവിന്റെ പിന്നാലെ ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി ഞെരുക്കമുള്ളതും, വാതിൽ ഇടുങ്ങിയതുമാണെന്ന് ഞങ്ങളെ അറിയിച്ച കർത്താവേ, ജീവിതത്തിന്റെ ഓരോ ദിവസവും ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും സന്തോഷത്തോടെ സഹിച്ചുകൊണ്ട് ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ.*

*പരിശുദ്ധ ദൈവമാതാവേ,*

*ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.*

(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

മരണത്തിനായ് വിധിച്ചു, കറയറ്റ
ദൈവത്തിൻ കുഞ്ഞാടിനെ
അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.

അറിയാത്ത കുറ്റങ്ങൾ
നിരയായ് ചുമത്തി
പരിശുദ്ധനായ നിന്നിൽ;
കൈവല്യദാതാ, നിൻ
കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ

അവസാനവിധിയിൽ നീ-
യലിവാർന്നു ഞങ്ങൾക്കാ-
യരുളേണമേ നാകഭാഗ്യം.

**ഒന്നാം സ്ഥലം**

*ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു*

*ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു:*

*എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.*

മനുഷ്യകുലത്തിന്റെ പാപപ്പരിഹാരത്തിനുള്ള ബലി ആരംഭിച്ചുകഴിഞ്ഞു.... ഈശോ പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്നു.... അവിടുത്തെ ഒന്നു നോക്കുക..... ചമ്മട്ടിയടിയേറ്റ ശരീരം.... രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ.... തലയിൽ മുൾമുടി.... ഉറക്കമൊഴിഞ്ഞ കണ്ണുകൾ..... ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകൾ..... ദാഹിച്ചുവരണ്ട നാവ്..... ഉണങ്ങിയ ചുണ്ടുകൾ.

പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു.... കുറ്റമില്ലാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെട്ടു.... എങ്കിലും, അവിടുന്ന് എല്ലാം നിശബ്ദനായി സഹിക്കുന്നു.

എന്റെ ദൈവമായ കർത്താവേ, അങ്ങു കുറ്റമറ്റവനായിരുന്നിട്ടും കുരിശു മരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മറ്റുള്ളവർ തെറ്റിദ്ധരിക്കുമ്പോഴും, നിർദ്ദയമായി വിമർശിക്കുമ്പോഴും കുറ്റക്കാരനായി വിധിക്കുമ്പോഴും അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാതെ അവർക്കു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

*കർത്താവേ,......*

*പരിശുദ്ധ ദൈവമാതാവേ....*

(രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശു ചുമന്നീടുന്നു ലോകത്തിൻ
വിനകൾ ചുമന്നിടുന്നു
നീങ്ങുന്നു ദിവ്യനാഥൻ നിന്ദനം
നിറയും നിരത്തിലൂടെ.

"എൻ ജനമേ, ചൊൽക
ഞാനെന്തു ചെയ്തു
കുരിശെന്റെ തോളിലേറ്റാൻ?
പൂന്തേൻ തുളുമ്പുന്ന
നാട്ടിൽ ഞാൻ നിങ്ങളെ
ആശയോടാനയിച്ചു:

എന്തേ,യിദം നിങ്ങ-
ളെല്ലാം മറന്നെന്റെ
ആത്മാവിനാതങ്കമേറ്റി?"

**രണ്ടാം സ്ഥലം**

*ഈശോമിശിഹാ കുരിശു ചുമക്കുന്നു*

*ഈശോമിശിഹായേ, .......*

ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് അവിടുന്നു

മുന്നോട്ടു നീങ്ങുന്നു.... ഈശോയുടെ ചുറ്റും നോക്കുക.... സ്നേഹിതൻമാർ ആരുമില്ല.... യൂദാസ് അവിടുത്തെ ഒറ്റിക്കൊടുത്തു.... പത്രോസ് അവിടുത്തെ പരിത്യജിച്ചു... മറ്റു ശിഷ്യന്മാർ ഓടിയൊളിച്ചു. അവിടുത്തെ അത്ഭുതപ്രവൃത്തികൾ കണ്ടവരും അവയുടെ ഫലമനുഭവിച്ചവരും ഇപ്പോൾ എവിടെ?.... ഓശാന പാടി എതിരേറ്റവരും ഇന്നു നിശബ്ദരായിരിക്കുന്നു.... ഈശോയെ സഹായിക്കുവാനോ, ഒരാശ്വാസവാക്കു പറയുവാനോ അവിടെ ആരുമില്ല....

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു തന്റെ കുരിശും വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെ എന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. എന്റെ സങ്കടങ്ങളുടെയും ക്ലേശങ്ങളുടെയും കുരിശുചുമന്നുകൊണ്ട് ഞാൻ അങ്ങേ രക്തമണിഞ്ഞ കാല്പാടുകൾ പിന്തുടരുന്നു. വലയുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്ന കർത്താവേ എന്റെ ക്ലേശങ്ങളെല്ലാം പരാതികൂടാതെ സഹിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(മൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശിൻ കനത്ത ഭാരം താങ്ങുവാൻ
കഴിയാതെ ലോകനാഥൻ
പാദങ്ങൾ പതറിവീണു കല്ലുകൾ
നിറയും പെരുവഴിയിൽ

തൃപ്പാദം കല്ലിൻമേൽ
തട്ടി മുറിഞ്ഞു,
ചെന്നിണം വാർന്നൊഴുകി:
മാനവരില്ലാ

വാനവരില്ലാ
താങ്ങിത്തുണച്ചീടുവാൻ
അനുതാപമൂറുന്ന
ചുടുകണ്ണുനീർ തൂകി–
യണയുന്നു മുന്നിൽ ഞങ്ങൾ.

**മൂന്നാം സ്ഥലം**

*ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു*

*ഈശോമിശിഹായേ, .......*

കല്ലുകൾ നിറഞ്ഞ വഴി.... ഭാരമുള്ള കുരിശ്.... ക്ഷീണിച്ച ശരീരം... വിറയ്ക്കുന്ന കാലുകൾ.... അവിടുന്നു മുഖംകുത്തി നിലത്തുവീഴുന്നു.... മുട്ടുകൾ പൊട്ടി രക്തമൊലിക്കുന്നു.... യൂദൻമാർ അവിടുത്തെ പരിഹസിക്കുന്നു.... പട്ടാളക്കാർ അടിക്കുന്നു..... ജനക്കൂട്ടം ആർപ്പുവിളിക്കുന്നു.... അവിടുന്നു മിണ്ടുന്നില്ല..... "ഞാൻ സഞ്ചരിക്കുന്ന വഴികളിൽ അവർ എനിക്കു കെണികൾ വച്ചു. ഞാൻ വലത്തേയ്ക്കു തിരിഞ്ഞുനോക്കി, എന്നെ അറിയുന്നവർ ആരുമില്ല, ഓടിയൊളിക്കുവാൻ ഇടമില്ല, എന്നെ രക്ഷിക്കുവാൻ ആളുമില്ല."

"അവിടുന്നു നമ്മുടെ ഭാരം ചുമക്കുന്നു: നമുക്കുവേണ്ടി അവിടുന്നു സഹിച്ചു." കർത്താവേ, ഞാൻ വഹിക്കുന്ന കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശോടുകൂടെ ഞാനും നിലത്തു വീണു പോകുന്നു. മറ്റുള്ളവർ അതുകണ്ടു പരിഹസിക്കുകയും, എന്റെ വേദന വർദ്ധിപ്പിക്കുകയും ചെയ്യാറുണ്ട്. കർത്താവേ എനിക്കു വീഴ്ചകളുണ്ടാകുമ്പോൾ എന്നെത്തന്നെ നിയന്ത്രിക്കുവാൻ എന്നെ പഠിപ്പിക്കണമേ, കുരിശു വഹിക്കുവാൻ ശക്തിയില്ലാതെ ഞാൻ തളരുമ്പോൾ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

വഴിയിൽക്കരഞ്ഞു വന്നോരമ്മയെ
തനയൻ തിരിഞ്ഞുനോക്കി
സ്വർഗ്ഗീയകാന്തി ചിന്തും മിഴികളിൽ
കൂരമ്പു താണിറങ്ങി.

"ആരോടു നിന്നെ ഞാൻ
സാമ്യപ്പെടുത്തും
കദനപ്പെരുങ്കടലേ?"
ആരറിഞ്ഞാഴത്തി–
ലലതല്ലി നിൽക്കുന്ന
നിൻ മനോവേദന?

നിൻ കണ്ണുനീരാൽ
കഴുകേണമെന്നിൽ
പതിയുന്ന മാലിന്യമെല്ലാം.

**നാലാം സ്ഥലം**

*ഈശോ വഴിയിൽവച്ചു തന്റെ മാതാവിനെ കാണുന്നു*
*ഈശോമിശിഹായേ, .......*

കുരിശുയാത്ര മുന്നോട്ടു നീങ്ങുന്നു.... ഇടയ്ക്കു സങ്കടകരമായ ഒരു കൂടിക്കാഴ്ച.... അവിടുത്തെ മാതാവു ഓടിയെത്തുന്നു.... അവർ പരസ്പരം നോക്കി.... കവിഞ്ഞൊഴുകുന്ന നാലു കണ്ണുകൾ.... വിങ്ങിപ്പൊട്ടുന്ന രണ്ടു ഹൃദയങ്ങൾ.... അമ്മയും മകനും സംസാരിക്കുന്നില്ല... മകന്റെ വേദന അമ്മയുടെ ഹൃദയം തകർക്കുന്നു.... അമ്മയുടെ വേദന മകന്റെ ദുഃഖം വർദ്ധിപ്പിക്കുന്നു.... നാൽപതാം ദിവസം ഉണ്ണിയെ ദേവാലയത്തിൽ കാഴ്ചവച്ച സംഭവം മാതാവിന്റെ ഓർമ്മയിൽവന്നു. "നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും" എന്നു പരിശുദ്ധനായ ശിമയോൻ അന്നു പ്രവചിച്ചു. "കണ്ണുനീരോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യുന്നു. ഈ ലോകത്തിലെ നിസ്സാരസങ്കടങ്ങൾ നമുക്ക് നിത്യഭാഗ്യം പ്രദാനം ചെയ്യുന്നു."

ദു:ഖസമുദ്രത്തിൽ മുഴുകിയ ദിവ്യ രക്ഷിതാവേ, സഹനത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ അങ്ങേ മാതാവിന്റെ മാതൃക ഞങ്ങളെ ആശ്വസിപ്പിക്കട്ടെ. അങ്ങയുടെയും അങ്ങേ മാതാവിന്റെയും സങ്കടത്തിനു കാരണം ഞങ്ങളുടെ പാപങ്ങളാണെന്നു ഞങ്ങൾ അറിയുന്നു. അവയെല്ലാം പരിഹരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

*കർത്താവേ,......*

*പരിശുദ്ധ ദൈവമാതാവേ....*

(അഞ്ചാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശു ചുമന്നു നീങ്ങും നാഥനെ
ശിമയോൻ തുണച്ചീടുന്നു
നാഥാ നിൻ കുരിശു താങ്ങാൻ കൈവന്ന
ഭാഗ്യമേ, ഭാഗ്യം.

നിൻ കുരിശെത്രയോ
ലോലം, നിൻ നുക–
മാനന്ദദായകം
അഴലിൽ വീണുഴലുന്നോർ–
ക്കവലംബമേകുന്ന
കുരിശേ നമിച്ചിടുന്നു.

സുരലോകനാഥാ, നിൻ
കുരിശൊന്നു താങ്ങുവാൻ
തരണേ വരങ്ങൾ നിരന്തം.

**അഞ്ചാം സ്ഥലം**

*ശിമയോൽ ഈശോയെ സഹായിക്കുന്നു.*

*ഈശോമിശിഹായേ, .......*

ഈശോ വളരെയധികം തളർന്നു കഴിഞ്ഞു.... ഇനി കുരിശോടുകൂടെ മുന്നോട്ടുനീങ്ങുവാൻ ശക്തനല്ല... അവിടുന്നു വഴിയിൽ വച്ചുതന്നെ മരിച്ചുപോയേക്കുമെന്നു യൂദൻമാർ ഭയന്നു... അപ്പോൾ ശിമയോൻ എന്നൊരാൾ വയലിൽ നിന്നു

വരുന്നത് അവർ കണ്ടു.... കെവുറീൻകാരനായ ആ മനുഷ്യൻ അലക്സാണ്ടറിന്റെയും റോപ്പോസിന്റെയും പിതാവായിരുന്നു.... അവിടുത്തെ കുരിശു ചുമക്കുവാൻ അവർ അയാളെ നിർബ ന്ധിച്ചു. അവർക്ക് ഈശോയോട് സഹതാപം തോന്നിയിട്ടല്ല, ജീവനോടെ അവിടുത്തെ കുരിശിൽ തറയ്ക്കണമെന്ന് അവർ തീരുമാനിച്ചിരുന്നു.

കരുണാനിധിയായ കർത്താവേ, ഈ സ്ഥിതിയിൽ ഞാൻ അങ്ങയെ കണ്ടിരുന്നുവെങ്കിൽ എന്നെത്തന്നെ വിസ്മ രിച്ചു ഞാൻ അങ്ങയെ സഹായിക്കുമായിരുന്നു. എന്നാൽ "എന്റെ ഈ ചെറിയ സഹോദരൻമാരിൽ ആർക്കെങ്കിലും നിങ്ങൾ സഹായം ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തത് എന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ." അതിനാൽ ചുറ്റുമുള്ളവരിൽ അങ്ങയെ കണ്ടു കൊണ്ട് കഴിവുള്ള വിധ ത്തിലെല്ലാം അവരെ സഹായിക്കാൻ എന്നെ അനുഗ്രഹിക്ക ണമേ. അപ്പോൾ ഞാനും ശിമയോനെപ്പോലെ അനുഗൃഹീത നാകും, അങ്ങേ പീഡാനുഭവം എന്നിലൂടെ പൂർത്തിയാവുകയും ചെയ്യും.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(ആറാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

വാടിത്തളർന്നുമുഖം – നാഥന്റെ
കണ്ണുകൾ താണുമങ്ങി
വേറോനിക്കാ മിഴിനീർ തൂകിയാ–
ദിവ്യാനനം തുടച്ചു.

മാലാഖമാർക്കെല്ലാ–
മാനന്ദമേകുന്ന
മാനത്തെപ്പൂനിലാവേ,

താബോർ മാമല–
മേലെ നിൻമുഖം
സൂര്യനെപ്പോലെ മിന്നി.

ഇന്നാമുഖത്തിന്റെ
ലാവണ്യമൊന്നാകെ
മങ്ങി ദു:ഖത്തിൽ മുങ്ങി

**ആറാം സ്ഥലം**

*വേറോനിക്കാ മിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു.*
*ഈശോമിശിഹായേ, .......*

ഭക്തയായ വേറോനിക്കാ മിശിഹായെ കാണുന്നു.... അവളുടെ ഹൃദയം സഹതാപത്താൽ നിറഞ്ഞു.... അവൾക്ക് അവിടുത്തെ ആശ്വസിപ്പിക്കണം. പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ അവൾ ഈശോയെ സമീപിക്കുന്നു.... ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ.... സ്നേഹം പ്രതിബന്ധം അറിയുന്നില്ല... "പരമാർത്ഥഹൃദയർ അവിടുത്തെ കാണും." "അങ്ങിൽ ശരണപ്പെടുന്നവരാരും നിരാശരാവുകയില്ല." അവൾ ഭക്തിപൂർവ്വം തന്റെ തൂവാലയെടുത്തു... രക്തംപുരണ്ട മുഖം വിനയപൂർവ്വം തുടച്ചു....

"എന്നോടു സഹതപിക്കുന്നവരുണ്ടോ എന്നു ഞാൻ അന്വേഷിച്ചുനോക്കി. ആരെയും ഞാൻ കണ്ടില്ല; എന്നെ ആശ്വസിപ്പിക്കാൻ ആരുമില്ല." പ്രവാചകൻവഴി അങ്ങ് അരുളിച്ചെയ്ത ഈ വാക്കുകൾ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. സ്നേഹം നിറഞ്ഞ കർത്താവേ, വേറോനിക്കയെപ്പോലെ അങ്ങയോടു സഹതപിക്കുവാനും അങ്ങയെ ആശ്വസിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങേ പീഡാനുഭവത്തിന്റെ മായാത്തമുദ്ര എന്റെ ഹൃദയത്തിൽ പതിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(ഏഴാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

ഉച്ചവെയിലിൽ പൊരിഞ്ഞു-ദുസ്സഹ
മർദ്ദനത്താൽ വലഞ്ഞു
ദേഹം തളർന്നു താണു-രക്ഷകൻ
വീണ്ടും നിലത്തുവീണു

ലോകപാപങ്ങളാ-
ണങ്ങയെ വീഴിച്ചു
വേദനിപ്പിച്ചതേവം
ഭാരം നിറഞ്ഞൊരാ
ക്രൂശു നിർമ്മിച്ചതെൻ
പാപങ്ങൾ തന്നെയല്ലോ

താപം കലർന്നങ്ങേ
പാദം പുണർന്നു ഞാൻ
കേഴുന്നു; കനിയേണമെന്നിൽ.

**ഏഴാം സ്ഥലം**

*ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു.*

*ഈശോമിശിഹായേ, .......*

ഈശോ ബലഹീനനായി വീണ്ടും നിലത്തു വീഴുന്നു.... മുറിവുകളിൽ നിന്നു രക്തമൊഴുകുന്നു.... ശരീരമാകെ വേദനിക്കുന്നു.... "ഞാൻ പൂഴിയിൽ വീണുപോയി: എന്റെ ആത്മാവു ദു:ഖിച്ചു തളർന്നു" ചുറ്റുമുള്ളവർ പരിഹസിക്കുന്നു... അവിടുന്ന് അതൊന്നും ഗണ്യമാക്കുന്നില്ല.... "എന്റെ പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?" പിതാവിന്റെ ഇഷ്ടം നിറവേറ്റാനല്ലാതെ അവിടുന്നു മറ്റൊന്നും ആഗ്രഹിക്കുന്നില്ല.

മനുഷ്യപാപങ്ങളുടെ ഭാരമെല്ലാം ചുമന്ന മിശിഹായേ, അങ്ങയെ ആശ്വസിപ്പിക്കുവാനായി ഞങ്ങൾ അങ്ങയെ സമീ

പിക്കുന്നു. അങ്ങയെ കൂടാതെ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ ശക്തിയില്ല. ജീവിതത്തിന്റെ ഭാരത്താൽ ഞങ്ങൾ തളർന്നുവീഴുകയും എഴുന്നേൽക്കുവാൻ കഴിവില്ലാതെ വലയുകയും ചെയ്യുന്നു. അങ്ങേ തൃക്കൈ നീട്ടി ഞങ്ങളെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

*കർത്താവേ,......*

*പരിശുദ്ധ ദൈവമാതാവേ....*

(എട്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

"ഓർശ്ലെമിൻ പുത്രിമാരേ, നിങ്ങളി
ന്നെന്നെയോർത്തെന്തിനേവം
കരയുന്നു? നിങ്ങളേയും സുതരേയു–
മോർത്തോർത്തു കേണുകൊൾവിൻ"

വേദന തിങ്ങുന്ന
കാലം വരുന്നു
കണ്ണീരണിഞ്ഞ കാലം:
'മലകളേ, ഞങ്ങളെ
മൂടുവിൻ വേഗ'മെ–
ന്നാരവം കേൾക്കുമെങ്ങും

കരൾനൊന്തു കരയുന്ന
നാരീഗണത്തിനു
നാഥൻ സമാശ്വാസമേകി.

**എട്ടാം സ്ഥലം**

*ഈശോമിശിഹാ ഓർശ്ലം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.*

*ഈശോമിശിഹായേ, .......*

ഓറശ്ലത്തിന്റെ തെരുവുകൾ ശബ്ദായമാനമായി.... പതിവില്ലാത്ത ബഹളംകേട്ട് സ്ത്രീജനങ്ങൾ വഴിയിലേയ്ക്കു വരുന്നു.... അവർക്കു സുപരിചിതനായ ഈശോ കൊലക്കള

ത്തിലേയ്ക്കു നയിക്കപ്പെടുന്നു.... അവിടുത്തെ പേരിൽ അവർക്ക് അനുകമ്പ തോന്നി.... ഓശാന ഞായറാഴ്ചത്തെ ഘോഷയാത്ര അവരുടെ ഓർമ്മയിൽ വന്നു.... സൈത്തിൻ കൊമ്പുകളും ജയ്‌വിളികളും.... അവർ കണ്ണുനീർവാർത്തു കരഞ്ഞു.... അവരുടെ സഹതാപപ്രകടനം അവിടുത്തെ ആശ്വസിപ്പിച്ചു.... അവിടുന്ന് അവരോടു പറയുന്നു: "നിങ്ങളേയും നിങ്ങളുടെ കുഞ്ഞുങ്ങളേയും ഓർത്തു കരയുവിൻ."

ഏതാനും വർഷങ്ങൾക്കുള്ളിൽ ഓറശ്ലം ആക്രമിക്കപ്പെടും.... അവരും അവരുടെ കുട്ടികളും പട്ടിണികിടന്നു മരിക്കും... ആ സംഭവം അവിടുന്നു പ്രവചിക്കുകയായിരുന്നു.... അവിടുന്നു സ്വയം മറന്ന് അവരെ ആശ്വസിപ്പിക്കുന്നു.

എളിയവരുടെ സങ്കേതമായ കർത്താവേ, ഞെരുക്കത്തിന്റെ കാലത്ത് ഞങ്ങളെ ആശ്വസിപ്പിക്കുന്ന ദൈവമേ, അങ്ങേ ദാരുണമായ പീഡകൾ ഓർത്ത് ഞങ്ങൾ ദു:ഖിക്കുന്നു. അവയ്ക്കു കാരണമായ ഞങ്ങളുടെ പാപങ്ങളോർത്തു കരയുവാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(ഒൻപതാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കൈകാലുകൾ കുഴഞ്ഞു നാഥന്റെ
തിരുമെയ് തളർന്നുലഞ്ഞു
കുരിശുമായ് മൂന്നാമതും പൂഴിയിൽ
വീഴുന്നു ദൈവപുത്രൻ.

"മെഴുകുപോലെന്നുടെ
ഹൃദയമുരുകി
കണ്ഠം വരണ്ടുണങ്ങി
താണുപോയ് നാവെന്റെ;

ദേഹം നുറുങ്ങി
മരണം പറന്നിറങ്ങി"

വളരുന്നു ദു:ഖങ്ങൾ
തളരുന്നു പൂമേനി
ഉരുകുന്നു കരളിന്റെയുള്ളം.

**ഒൻപതാം സ്ഥലം**

*ഈശോ മൂന്നാം പ്രാവശ്യം വീഴുന്നു.*

*ഈശോമിശിഹായേ, .......*

മുന്നോട്ടു നീങ്ങുവാൻ അവിടുത്തേയ്ക്ക് ഇനി ശക്തിയില്ല.... രക്തമെല്ലാം തീരാറായി.... തല കറങ്ങുന്നു.... ശരീരം വിറയ്ക്കുന്നു..... അവിടുന്ന് അതാ നിലംപതിക്കുന്നു.... സ്വയം എഴുന്നേൽക്കുവാൻ ശക്തിയില്ല.... ശത്രുക്കൾ അവിടുത്തെ വലിച്ചെഴുന്നേൽപ്പിക്കുന്നു.... ബലി പൂർത്തിയാകുവാൻ ഇനി വളരെ സമയമില്ല.... അവിടുന്നു നടക്കുവാൻ ശ്രമിക്കുന്നു....

"നീ പീഡിപ്പിക്കുന്ന ഈശോയാകുന്നു ഞാൻ" എന്നു ശാവോലിനോട് അരുളിച്ചെയ്ത വാക്കുകൾ ഇപ്പോൾ നമ്മെ നോക്കി അവിടുന്ന് ആവർത്തിക്കുന്നു.

ലോകപാപങ്ങൾക്കു പരിഹാരം ചെയ്ത കർത്താവേ, അങ്ങേ പീഡകളുടെ മുമ്പിൽ എന്റെ വേദനകൾ എത്ര നിസ്സാരമാകുന്നു! എങ്കിലും ജീവിതഭാരം നിമിത്തം ഞാൻ പലപ്പോഴും ക്ഷീണിച്ചുപോകുന്നു. പ്രയാസങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ഒരു വേദന തീരുംമുമ്പ് മറ്റൊന്നു വന്നു കഴിഞ്ഞു: ജീവിതത്തിൽ നിരാശനാകാതെ അവയെല്ലാം അങ്ങയെ ഓർത്തു സഹിക്കുവാൻ എനിക്കു ശക്തിതരണമേ. എന്തെന്നാൽ എന്റെ ജീവിതം ഇനി എത്ര നീളുമെന്ന് എനിക്കറിഞ്ഞുകൂടാ "ആർക്കും വേല ചെയ്യാൻ പാടില്ലാത്ത രാത്രികാലം അടുത്തുവരികയാണല്ലോ."

1 സ്വർഗ്ഗ. 1 നന്മ.

*കർത്താവേ,......*

*പരിശുദ്ധ ദൈവമാതാവേ....*

(പത്താം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

എത്തീ വിലാപയാത്ര കാൽവരി-
ക്കുന്നിൻ മുകൾപ്പരപ്പിൽ
നാഥന്റെ വസ്ത്രമെല്ലാം ശത്രുക്ക-
ളൊന്നായുരിഞ്ഞുനീക്കി.

"വൈരികൾ തിങ്ങിവ-
രുന്നെന്റെ ചുറ്റിലും
ഘോരമാം ഗർജ്ജനങ്ങൾ
ഭാഗിച്ചെടുത്തെന്റെ
വസ്ത്രങ്ങളെല്ലാം"
പാപികൾ വൈരികൾ

നാഥാ, വിശുദ്ധിതൻ
തൂവെള്ള വസ്ത്രങ്ങൾ
കനിവാർന്നു ചാർത്തേണമെന്നെ.

**പത്താം സ്ഥലം**

*ദിവ്യരക്ഷകന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കുന്നു.*
*ഈശോമിശിഹായേ, .......*

ഗാഗുൽത്തായിൽ എത്തിയപ്പോൾ അവർ അവിടു ത്തേയ്ക്കു മീറ കലർത്തിയ വീഞ്ഞുകൊടുത്തു: എന്നാൽ അവിടുന്ന് അതു സ്വീകരിച്ചില്ല. അവിടുത്തെ വസ്ത്രങ്ങൾ നാലായി ഭാഗിച്ച് ഓരോരുത്തർ ഓരോ ഭാഗം എടുക്കുകയും ചെയ്തു. മേലങ്കി തയ്യൽകൂടാതെ നെയ്യപ്പെട്ടതായിരുന്നു. അത് ആർക്കു ലഭിക്കണമെന്നു ചിട്ടിയിട്ടു തീരുമാനിക്കാം എന്ന് അവർ പരസ്പരം പറഞ്ഞു. "എന്റെ വസ്ത്രങ്ങൾ അവർ ഭാഗി ച്ചെടുത്തു. എന്റെ മേലങ്കിക്കുവേണ്ടി അവർ ചിട്ടിയിട്ടു" എന്നുള്ള തിരുവെഴുത്തു അങ്ങനെ അന്വർത്ഥമായി.

രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെ ട്ടപ്പോൾ ദുസ്സഹമായ വേദനയനുഭവിച്ച മിശിഹായേ, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി അങ്ങയെ

ധരിക്കുവാനും, മറ്റൊരു ക്രിസ്തുവായി ജീവിക്കുവാനും എന്നെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(പതിനൊന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശിൽക്കിടത്തിടുന്നു നാഥന്റെ
കൈകാൽ തറച്ചിടുന്നു
മർത്യനു രക്ഷനൽകാനെത്തിയ
ദിവ്യമാം കൈകാലുകൾ

"കനിവറ്റ വൈരികൾ
ചേർന്നു തുളച്ചെന്റെ
കൈകളും കാലുകളും"
പെരുകുന്നു വേദന-
യുരുകുന്നു ചേതന
നിലയറ്റ നീർക്കയം

മരണം പരത്തിയോ-
രിരുളിൽക്കുടുങ്ങി ഞാൻ
ഭയമെന്നെയൊന്നായ് വിഴുങ്ങി

**പതിനൊന്നാം സ്ഥലം**

*ഈശോമിശിഹാ കുരിശിൽ തറയ്ക്കപ്പെടുന്നു*

*ഈശോമിശിഹായേ, .......*

ഈശോയെ കുരിശിൽ കിടത്തി കൈകളിലും കാലുകളിലും അവർ ആണി തറയ്ക്കുന്നു.... ആണിപ്പഴുതുകളിലേയ്ക്കു കൈകാലുകൾ വലിച്ചു നീട്ടുന്നു.... ഉഗ്രമായ വേദന.... മനുഷ്യനു സങ്കൽപ്പിക്കാൻ കഴിയാത്തവിധം ദുസ്സഹമായ പീഡകൾ.... എങ്കിലും അവിടുത്തെ അധരങ്ങളിൽ പരാതിയില്ല....

കണ്ണുകളിൽ നൈരാശ്യമില്ല.... പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് അവിടുന്നു പ്രാർത്ഥിക്കുന്നു.

ലോകരക്ഷകനായ കർത്താവേ, സ്നേഹത്തിന്റെ പുതിയ സന്ദേശവുമായി വന്ന അങ്ങയെ ലോകം കുരിശിൽ തറച്ചു. അങ്ങ് ലോകത്തിൽ നിന്നല്ലാത്തതിനാൽ ലോകം അങ്ങയെ ദ്വേഷിച്ചു. യജമാനനേക്കാൾ വലിയ ഭൃത്യനില്ലെന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. അങ്ങയെ പീഡിപ്പിച്ചവർ ഞങ്ങളെയും പീഡിപ്പിക്കുമെന്നു ഞങ്ങളറിയുന്നു. അങ്ങയോടുകൂടെ കുരിശിൽ തറയ്ക്കപ്പെടുവാനും, ലോകത്തിനു മരിച്ച്, അങ്ങേയ്ക്കുവേണ്ടി മാത്രം ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(പന്ത്രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശിൽ കിടന്നു ജീവൻ പിരിയുന്നു
ഭുവനൈകനാഥനീശോ
സൂര്യൻ മറഞ്ഞിരുണ്ടു - നാടെങ്ങു-
മന്ധകാരം നിറഞ്ഞു.

"നരികൾക്കുറങ്ങുവാ-
നളയുണ്ടു പറവയ്ക്കു
കൂടുണ്ടു പാർക്കുവാൻ
നരപുത്രനൂഴിയിൽ
തലയൊന്നു ചായ്ക്കുവാ-
നിടമില്ലൊരേടവും"

പുൽക്കൂടുതൊട്ടങ്ങേ
പുൽകുന്ന ദാരിദ്ര്യം
കുരിശോളം കൂട്ടായിവന്നു.

## പന്ത്രണ്ടാം സ്ഥലം

*ഈശോമിശിഹാ കുരിശിൻമേൽ തൂങ്ങി മരിക്കുന്നു*
*ഈശോമിശിഹായേ, .......*

രണ്ടു കള്ളൻമാരുടെ നടുവിൽ അവിടുത്തെ അവർ കുരിശിൽ തറച്ചു.... കുരിശിൽ കിടന്നുകൊണ്ടു ശത്രുക്കൾക്കു വേണ്ടി അവിടുന്നു പ്രാർത്ഥിക്കുന്നു... നല്ല കള്ളനെ ആശ്വസിപ്പിക്കുന്നു.... മാതാവും മറ്റു സ്ത്രീകളും കരഞ്ഞുകൊണ്ടു കുരിശിനുതാഴെ നിന്നിരുന്നു. 'ഇതാ നിന്റെ മകൻ' എന്ന് അമ്മയോടും, 'ഇതാ നിന്റെ അമ്മ' എന്ന് യോഹന്നാനോടും അവിടുന്ന് അരുളിച്ചെയ്തു. പന്ത്രണ്ടുമണി സമയമായിരുന്നു. 'എന്റെ പിതാവേ, അങ്ങേ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു,' എന്നരുളിച്ചെയ്ത് അവിടുന്നു മരിച്ചു. പെട്ടെന്നു സൂര്യൻ ഇരുണ്ടു, മൂന്നു മണിവരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. ദേവാലയത്തിലെ തിരശ്ശീല നടുവേ കീറിപ്പോയി. ഭൂമിയിളകി; പാറകൾ പിളർന്നു; പ്രേതാലയങ്ങൾ തുറക്കപ്പെട്ടു.

ശതാധിപൻ ഇതെല്ലാം കണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് 'ഈ മനുഷ്യൻ യഥാർത്ഥത്തിൽ നീതിമാനായിരുന്നു. എന്നു വിളിച്ചുപറഞ്ഞു. കണ്ടു നിന്നിരുന്നവർ മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി.

"എനിക്ക് ഒരു മാമ്മോദീസ മുങ്ങുവാനുണ്ട്. അതു പൂർത്തിയാകുന്നതുവരെ ഞാൻ അസ്വസ്ഥനാകുന്നു." കർത്താവേ, അങ്ങ് ആഗ്രഹിച്ച മാമ്മോദീസാ അങ്ങ് മുങ്ങിക്കഴിഞ്ഞു. അങ്ങേ ദഹനബലി അങ്ങ് പൂർത്തിയാക്കി. എന്റെ ബലിയും ഒരിക്കൽ പൂർത്തിയാകും. ഞാനും ഒരു ദിവസം മരിക്കും. അന്ന് അങ്ങയെപ്പോലെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ എന്നെ അനുവദിക്കണമേ. 'എന്റെ പിതാവേ,' ഭൂമിയിൽ ഞാൻ അങ്ങയെ മഹത്വപ്പെടുത്തി; എന്നെ ഏൽപ്പിച്ചിരുന്ന ജോലി ഞാൻ പൂർത്തിയാക്കി. ആകയാൽ അങ്ങേപ്പക്കൽ എന്നെ മഹത്വപ്പെടുത്തണമേ.

1 സ്വർഗ്ഗ. 1 നന്മ.

*കർത്താവേ,......*

*പരിശുദ്ധ ദൈവമാതാവേ....*

(പതിമൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

അരുമസുതന്റെ മേനി മാതാവു
മടിയിൽക്കിടത്തിടുന്നു
അലയാഴിപോലെനാഥേ, നിൻദു:ഖ-
മതിരുകാണാത്തതല്ലോ.

പെരുകുന്ന സന്താപ-
മുനയേറ്റഹോ നിന്റെ
ഹൃദയം പിളർന്നുവല്ലോ
ആരാരുമില്ല, തെ-
ല്ലാശ്വാസമേകുവാ-
നാകുലനായികേ.

"മുറ്റുന്ന ദു:ഖത്തിൽ
ചുറ്റും തിരിഞ്ഞു ഞാൻ
കിട്ടീലൊരാശ്വാസമെങ്ങും"

**പതിമൂന്നാം സ്ഥലം**

*മിശിഹായുടെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്നു.*

*ഈശോമിശിഹായേ, .......*

അന്ന് വെള്ളിയാഴ്ചയായിരുന്നു. പിറ്റേന്ന് ശാബത മാകും. അതുകൊണ്ടു ശരീരങ്ങൾ രാത്രി കുരിശിൽ കിടക്കാൻ പാടില്ലെന്നു യൂദൻമാർ പറഞ്ഞു. എന്തെന്നാൽ ആ ശാബതം വലിയ ദിവസമായിരുന്നു. തൻമൂലം കുരിശിൽ തറയ്ക്കപ്പെട്ട വരുടെ കണങ്കാലുകൾ തകർത്തു ശരീരം താഴെയിറക്കണ മെന്ന് അവർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. ആകയാൽ പടയാളികൾ വന്നു മിശിഹായോടുകൂടെ കുരിശിൽ തറയ്ക്ക പ്പെട്ടിരുന്ന രണ്ടുപേരുടെയും കണങ്കാലുകൾ തകർത്തു.

ഈശോ പണ്ടേ മരിച്ചുകഴിഞ്ഞിരുന്നു എന്നു കണ്ടതിനാൽ അവിടുത്തെ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരാൾ കുന്തംകൊണ്ട് അവിടുത്തെ വിലാപ്പുറത്തു കുത്തി. ഉടനെ അവിടെനിന്നു രക്തവും വെള്ളവും ഒഴുകി. അനന്തരം മിശിഹായുടെ മൃതദേഹം കുരിശിൽ നിന്നിറക്കി അവർ മാതാവിന്റെ മടിയിൽ കിടത്തി.

ഏറ്റം വ്യാകുലയായ നമാതാവേ, അങ്ങേ വത്സല പുത്രൻ മടിയിൽ കിടന്നുകൊണ്ടു മൂകമായ ഭാഷയിൽ അന്ത്യയാത്ര പറഞ്ഞപ്പോൾ അങ്ങ് അനുഭവിച്ച സങ്കടം ആർക്കു വിവരിക്കാൻ കഴിയും? ഉണ്ണിയായി പിറന്ന ദൈവകുമാരനെ ആദ്യമായി കൈയിലെടുത്തതു മുതൽ ഗാഗുൽത്താവരെയുള്ള സംഭവങ്ങൾ ഓരോന്നും അങ്ങേ ഓർമ്മയിൽ തെളിഞ്ഞുനിന്നു. അപ്പോൾ അങ്ങു സഹിച്ച പീഡകളെ ഓർത്തു ജീവിത ദുഃഖത്തിന്റെ ഏകാന്തനിമിഷങ്ങളിൽ ഞങ്ങളെ ധൈര്യപ്പെടുത്തിയാശ്വസിപ്പിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
*കർത്താവേ,......*
*പരിശുദ്ധ ദൈവമാതാവേ....*

(പതിനാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

നാഥന്റെ ദിവ്യദേഹം വിധിപോലെ
സംസ്കരിച്ചീടുന്നിതാ
വിജയം വിരിഞ്ഞുപൊങ്ങും ജീവന്റെ
ഉറവയാണാക്കുടീരം.

മൂന്നുനാൾ മത്സ്യത്തി–
നുള്ളിൽ കഴിഞ്ഞൊരു
യൗനാൻ പ്രവാചകൻ പോൽ

ക്ലേശങ്ങളെല്ലാം
പിന്നിട്ടു നാഥൻ
മൂന്നാം ദിനമുയിർക്കും.

പ്രഭയോടുയിർത്തങ്ങേ
വരവേൽപിനെത്തിടാൻ
വരമേകണേ ലോകനാഥാ.

**പതിനാലാം സ്ഥലം**

*ഈശോമിശിഹായുടെ മൃതദേഹം കല്ലറയിൽ സംസ്കരിക്കുന്നു.*

*ഈശോമിശിഹായേ, .......*

അനന്തരം പീലാത്തോസിന്റെ അനുവാദത്തോടെ റാംസാക്കാരനായ യൗസേപ്പ് ഈശോയുടെ മൃതദേഹം ഏറ്റെടുത്തു. നൂറുറാത്തലോളം സുഗന്ധക്കൂട്ടുമായി നിക്കൊദേമൂസും അയാളുടെകൂടെ വന്നിരുന്നു. യൂദൻമാരുടെ ആചാരമനുസരിച്ചു കച്ചകളും പരിമളദ്രവ്യങ്ങളുംകൊണ്ടു ശരീരം പൊതിഞ്ഞു. ഈശോയെ കുരിശിൽ തറച്ചിടത്ത് ഒരു തോട്ടവും, അവിടെ ഒരു പുതിയ കല്ലറയുമുണ്ടായിരുന്നു. ശാബതം ആരംഭിച്ചിരുന്നതുകൊണ്ടും, കല്ലറ അടുത്തായിരുന്നതുകൊണ്ടും, അവർ ഈശോയെ അവിടെ സംസ്കരിച്ചു.

"അങ്ങ് എന്റെ ആത്മാവിനെ പാതാളത്തിൽ തള്ളുകയില്ല; അങ്ങേ പരിശുദ്ധൻ അഴിഞ്ഞുപോകുവാൻ അനുവദിക്കയുമില്ല." അനന്തമായ പീഡകൾ സഹിച്ച് മഹത്വത്തിലേയ്ക്കു പ്രവേശിച്ച മിശിഹായേ, അങ്ങയോടുകൂടെ മരിക്കുന്നവർ അങ്ങയോടുകൂടെ ജീവിക്കുമെന്നു ഞങ്ങൾ അറിയുന്നു. മാമ്മോദീസാ വഴിയായി ഞങ്ങളും അങ്ങയോടുകൂടെ സംസ്കരിക്കപ്പെട്ടിരിക്കയാണല്ലോ. രാവും പകലും അങ്ങേ പീഡാനുഭവത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് പാപത്തിനു മരിച്ചവരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

*കർത്താവേ,......*

*പരിശുദ്ധ ദൈവമാതാവേ....*

## സമാപനഗാനം

ലോകത്തിലാഞ്ഞുവീശി സത്യമാം
നാകത്തിൻ ദിവ്യകാന്തി;
സ്നേഹം തിരഞ്ഞിറങ്ങി പാവന
സ്നേഹപ്രകാശതാരം

നിന്ദിച്ചു മർത്യനാ
സ്നേഹത്തിടമ്പിനെ
നിർദ്ദയം ക്രൂശിലേറ്റി,
നന്ദിയില്ലാത്തവർ
ചിന്തയില്ലാത്തവർ
നാഥാ, പൊറുക്കേണമേ

നിൻ പീഡയോർത്തോർത്തു
കണ്ണീരൊഴുക്കുവാൻ
നൽകേണമേ നിൻ വരങ്ങൾ

## സമാപനപ്രാർത്ഥന

നീതിമാനായ പിതാവേ, അങ്ങയെ രഞ്ജിപ്പിക്കുവാൻ സ്വയം ബലിവസ്തുവായിത്തീർന്ന പ്രിയപുത്രനെ തൃക്കൺപാർക്കണമേ. ഞങ്ങൾക്കുവേണ്ടി മരണംവരിച്ച അങ്ങേ പുത്രനെ സ്വീകരിച്ചുകൊണ്ടു ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും, ഞങ്ങളോടു രമ്യപ്പെടുകയും ചെയ്യണമേ. അങ്ങേ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ആ തിരുരക്തത്തെയോർത്തു ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ. ഞങ്ങളുടെ പാപം വലുതാണെന്നു ഞങ്ങളറിയുന്നു. എന്നാൽ അങ്ങേ കാരുണ്യം അതിനേക്കാൾ വലുതാണല്ലോ. ഞങ്ങളുടെ പാപങ്ങൾ കണക്കിലെടുക്കുമ്പോൾ അവയ്ക്കുവേണ്ടിയുള്ള ഈ പരിഹാരബലിയേയും ഗൗനിക്കേണമേ. ഞങ്ങളുടെ പാപങ്ങൾ നിമിത്തം അങ്ങേ പ്രിയപുത്രൻ ആണികളാൽ തറയ്ക്കപ്പെടുകയും കുന്തത്താൽ കുത്തപ്പെടുകയും ചെയ്തു. അങ്ങേ പ്രസാദിപ്പിക്കാൻ അവിടുത്തെ പീഡകൾ ധാരാളം മതിയല്ലോ.

തന്റെ പുത്രനെ ഞങ്ങൾക്കു നൽകിയ പിതാവിനു സ്തുതിയും കുരിശുമരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രന് ആരാധനയും, രക്ഷണകൃത്യം പൂർത്തിയാക്കിയ പരിശുദ്ധാത്മാവിനു സ്തോത്രവുമുണ്ടായിരിക്കട്ടെ. ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ.

*മനസ്താപപ്രകരണം.*

## ദിവ്യകാരുണ്യ ജപമാല

(ഈ പ്രാർത്ഥന ദിവസേന ചൊല്ലുന്ന കുടുംബങ്ങൾ അനുഗ്രഹിക്കപ്പെടും)

ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനം നിറവേറ്റിക്കൊണ്ട് തിരുവോസ്തിയിൽ ഞങ്ങളുടെ മദ്ധ്യേ സജീവനായി വസിക്കുന്ന കർത്താവായ ഈശോയെ, അങ്ങയെ ആരാധിക്കുവാനും സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനുമായി അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ അണഞ്ഞിരിക്കുന്നു. ഞങ്ങളുടെ ബലഹീനവും പാപപങ്കിലവുമായ ജീവിതത്തെ വിശുദ്ധീകരിക്കണമെന്നും അങ്ങയുടെ തിരുശരീരത്തിൽനിന്നും ഒഴുകുന്ന ദിവ്യമായ ശക്തിയാലും സ്നേഹത്താലും ഞങ്ങളെ അഭിഷേകം ചെയ്യണമെന്നും പ്രാർത്ഥിക്കുന്നു. ഇപ്പോൾ ലോകമെമ്പാടും അർപ്പിക്കുന്ന എല്ലാ പരിശുദ്ധ കുർബാനകളുടെയും ദിവ്യകാരുണ്യ ആരാധനകളുടെയും നിരവധിയായ അനുഗ്രഹങ്ങളും കൃപകളും, ഈ ദിവ്യജപമാല അർപ്പിക്കുന്ന ഞങ്ങളുടെമേലും ഉണ്ടാകുവാൻ കാരുണ്യം കാണിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

ദൈവമേ, അവിടുന്നു പരിശുദ്ധനാകുന്നു. ബലവാനേ, അവിടുന്നു പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ, അവിടുന്നു പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട മിശിഹാ തമ്പുരാനേ ഞങ്ങളെ അനുഗ്രഹിക്കണമേ (3 പ്രാവശ്യം)

**1–ാം രഹസ്യം**

മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പുൽക്കൂട്ടിൽ പിറന്ന ഈശോയുടെ കാരുണ്യത്തെ നമുക്ക് ധ്യാനിക്കാം.

പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

(10 പ്രാവശ്യം 1 ത്രിത്വ.)

ദൈവമേ അവിടുന്നു പരിശുദ്ധനാകുന്നു.... (3 പ്രാവശ്യം)

**2–ാം രഹസ്യം**

നിത്യജീവൻ നൽകുവാനും എന്നും ഞങ്ങളോടൊത്തു വസിക്കുവാനും പരിശുദ്ധ കുർബാന സ്ഥാപിച്ച ഈശോയുടെ കാരുണ്യത്തെ നമുക്ക് ധ്യാനിക്കാം.

പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്.....

(10 പ്രാവശ്യം 1 ത്രിത്വ.)

ദൈവമേ അവിടുന്നു പരിശുദ്ധനാകുന്നു.... (3 പ്രാവശ്യം)

**3–ാം രഹസ്യം**

ഞങ്ങളുടെ പാപപരിഹാരത്തിനുവേണ്ടി കുരിശുമരണം ഏറ്റെടുത്ത ഈശോയുടെ കാരുണ്യത്തെ നമുക്ക് ധ്യാനിക്കാം.

പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്.....

(10 പ്രാവശ്യം 1 ത്രിത്വ.)

ദൈവമേ അവിടുന്നു പരിശുദ്ധനാകുന്നു.... (3 പ്രാവശ്യം)

**4–ാം രഹസ്യം**

പാപത്തിന്റെ ഫലമായ നിത്യമരണത്തിൽനിന്നും പുനരുത്ഥാനത്തിന്റെ മഹത്വത്തിലേയ്ക്ക് നമ്മെ ഉയർത്തിയ ഈശോയുടെ കാരുണ്യത്തെ നമുക്ക് ധ്യാനിക്കാം.

പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്.....

(10 പ്രാവശ്യം 1 ത്രിത്വ.)

ദൈവമേ അവിടുന്നു പരിശുദ്ധനാകുന്നു.... (3 പ്രാവശ്യം)

**5-ാം രഹസ്യം**

ദൈവഹിതം അനുസരിച്ചു ജീവിക്കുവാൻ സഹായകനായ പരിശുദ്ധാത്മാവിനെ നൽകിയ ഈശോയുടെ ദിവ്യകാരുണ്യത്തെ നമുക്ക് ധ്യാനിക്കാം.

പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്.....

(10 പ്രാവശ്യം 1 ത്രിത്വ.)

ദൈവമേ അവിടുന്നു പരിശുദ്ധനാകുന്നു.... (3 പ്രാവശ്യം)

## ദിവ്യകാരുണ്യ ലുത്തീനിയ

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ അനുഗ്രഹിക്കണമേ
പിതാവായ ദൈവമേ
പുത്രനായ ദൈവമേ
പരിശുദ്ധാത്മായ ദൈവമേ
ത്രിത്വൈക ദൈവമായ പരിശുദ്ധ ത്രിത്വമേ
തിരുവോസ്തിയിൽ വസിക്കുന്ന ദൈവമേ
ഈശോയുടെ തിരുശരീരമേ
ഈശോയുടെ തിരുരക്തമേ
ദിവ്യകാരുണ്യമായ തിരുശരീരമേ
സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവന്റെ അപ്പമേ
മാലാഖമാരുടെ അപ്പമേ
നിത്യജീവൻ നൽകുന്ന അപ്പമേ
ആത്മാവിന്റെ ജീവനായ തിരുശരീരമേ
രോഗികൾക്ക് സൗഖ്യം നൽകുന്ന തിരുശരീരമേ
ഞങ്ങൾക്കുവേണ്ടി മുറിക്കപ്പെട്ട തിരുശരീരമേ
ഇസ്രായേൽ ജനത്തിനു നൽകിയ ജീവന്റെ മന്നയേ
ഏലിയാ പ്രവാചകനെ ശക്തീകരിച്ച അപ്പമേ
ഏശയ്യാ പ്രവാചകനെ ശുദ്ധീകരിച്ച തീക്കട്ടയേ
ഞങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച
ഈശോയുടെ തിരുരക്തമേ

ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു

ഞങ്ങൾക്കുവേണ്ടി ഉത്ഥാനം ചെയ്ത
ഈശോയുടെ തിരുശരീരമേ
സ്നേഹത്തിന്റെ കൂദാശയായ ദിവ്യകാരുണ്യമേ
മനുഷ്യമക്കളോടൊപ്പം വസിക്കുന്ന ദിവ്യകാരുണ്യമേ
നിരാശയിലായ ശിഷ്യരെ ശക്തിപ്പെടുത്തിയ
ദിവ്യകാരുണ്യമേ
തന്നിൽനിന്നകന്നു പോകുന്നവരെ തന്നെത്തന്നെ
നൽകി വീണ്ടെടുക്കുന്ന ദിവ്യകാരുണ്യമേ
പാപത്താലും ജീവിതനൈരാശ്യത്താലും
തകർന്നവരെ രക്ഷിക്കുന്ന ദിവ്യകാരുണ്യമേ
ഞങ്ങളെ അനുദിനം മാനസാന്തരത്തിലേക്ക്
നയിക്കുന്ന ദിവ്യകാരുണ്യമേ
ആദിമസഭയുടെ കൂട്ടായ്മയെ നിലനിർത്തിയ
ദിവ്യകാരുണ്യമേ
എല്ലാ പ്രേഷിത പ്രവർത്തനങ്ങളെയും
അഭിഷേകം ചെയ്യുന്ന ദിവ്യകാരുണ്യമേ
തിരുസഭയെ എന്നും നയിച്ചുകൊണ്ടിരിക്കുന്ന
ദിവ്യകാരുണ്യമേ
തിരുസഭയെ സ്നേഹിക്കുവാൻ സഹായിക്കുന്ന
ദിവ്യകാരുണ്യമേ
തിരുസഭയെ പടുത്തുയർത്തുന്ന ദിവ്യകാരുണ്യമേ
വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരെ വിശുദ്ധീ
കരിക്കുന്ന ദിവ്യകാരുണ്യമേ
സ്വർഗ്ഗം ലക്ഷ്യമാക്കി ജീവിക്കുവാൻ ഞങ്ങളെ
പ്രേരിപ്പിക്കുന്ന ദിവ്യകാരുണ്യമേ
സ്വർഗ്ഗീയ യാത്രയിൽ പാഥേയമായ ജീവൻ
നൽകുന്ന ദിവ്യകാരുണ്യമേ
ഈ ലോകപാപങ്ങളെ നീക്കുന്ന ദിവ്യകാരുണ്യമേ,
കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.
ഈ ലോകപാപങ്ങളെ....

കർത്താവെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഈ ലോകപാപങ്ങളെ.....
കർത്താവെ ഞങ്ങളെ അനുഗ്രഹിക്കണമേ.

**പ്രാർത്ഥിക്കാം**

ലോകത്തിന്റെ പ്രതീക്ഷയായ ദിവ്യകാരുണ്യനാഥാ അങ്ങ് ഞങ്ങളുടെ ഏകാലംബവും പ്രത്യാശയുമാകുന്നു. അസ്ഥിരവും അവിശ്വസ്തവുമായ ഈ ലോകത്തിൽ ഞങ്ങളുടെ വിശ്വസ്ത സ്നേഹിതനും അഭയവും അങ്ങ് മാത്രമാകുന്നു. ഞങ്ങളുടെ പ്രതീക്ഷകൾ തകരുമ്പോൾ സ്നേഹിതർ ഞങ്ങളെ അവഗണിക്കുമ്പോൾ, രോഗം ഞങ്ങളെ ഞെരുക്കുമ്പോൾ, ദിവ്യകാരുണ്യനാഥാ അങ്ങയുടെ സക്രാരിയെ ഞങ്ങൾ അഭയം പ്രാപിക്കും. അങ്ങയെ അനുഭവിച്ചു അനുഗ്രഹീതരാകുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മേൻ.

## തിരുരക്തത്തിന്റെ ജപമാല

കാൽവരിയിലെ കുരിശിൽ നിന്ന് ലോകപാപങ്ങളുടെ പരിഹാരാർത്ഥം ഇറ്റിറ്റുവീണ യേശുക്രിസ്തുവിന്റെ തിരുരക്തമേ എന്നെ കഴുകണമേ. അങ്ങേ അമൂല്യ തിരുരക്തത്തിന്റെ യോഗ്യതയാൽ എന്റെ പാപങ്ങളും ബലഹീനതകളും എടുത്തു മാറ്റണമേ. അങ്ങേ വാഗ്ദാനമായ പരിശുദ്ധാത്മാവിനാൽ എന്നെ പുതിയ സൃഷ്ടിയായി രൂപപ്പെടുത്തണമേ. അങ്ങേ ജീവിക്കുന്ന സാക്ഷിയാക്കി എന്നെ മാറ്റണമേ. ആമ്മേൻ.

1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ., 1 വിശ്വാസപ്രമാണം...

**1-ാം രഹസ്യം**

നല്ല ഈശോയെ, ഗെത്സമേൻ തോട്ടത്തിൽ വച്ച് അങ്ങ് ചിന്തിയ രക്ത വിയർപ്പിനെക്കുറിച്ച്, നഷ്ടപ്പെട്ടുപോയ പ്രസാദവരം ഞങ്ങൾക്ക് വീണ്ടും നൽകണമേ.

1. സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുര ക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

(10 പ്രാവശ്യം, 1. ത്രിത്വ.)

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മ യുടെ രക്തക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്ക പ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### 2-ാം രഹസ്യം

മാധുര്യവാനായ ഈശോ, ചമ്മട്ടിയടിയേറ്റപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, ഞങ്ങളുടെ മനസിന്റെ മുറി വുകൾ ഉണക്കി ഞങ്ങൾക്ക് ശാന്തി നൽകണമേ.

1. സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുര ക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

(10 പ്രാവശ്യം, 1. ത്രിത്വ.)

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മ യുടെ രക്തക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്ക പ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### 3-ാം രഹസ്യം

സ്നേഹ ഈശോ, മുൾമുടി ധരിപ്പിച്ചപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, അഹങ്കാരം ഞങ്ങളിൽ നിന്നും നീക്കി വിനയവും എളിമയും നൽകി ഞങ്ങളെ അനുഗ്രഹിക്ക ണമേ.

1. സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുര ക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

(10 പ്രാവശ്യം, 1. ത്രിത്വ.)

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ

അമ്മയുടെ രക്തക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### 4-ാം രഹസ്യം

കുരിശു ചുമന്നപ്പോഴും മുഖംകുത്തി നിലത്തുവീണപ്പോഴും ചിതറിവീണ തിരുരക്തത്തെക്കുറിച്ച്, ദൈവഹിതം അന്വേഷിക്കുവാനും അത് നിറവേറ്റുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. 1. സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

(10 പ്രാവശ്യം, 1. ത്രിത്വ.)

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### 5-ാം രഹസ്യം

കരുണാനിധിയായ ഈശോ, തിരുവസ്ത്രം ഉരിഞ്ഞെടുത്തപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.

1. സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

(10 പ്രാവശ്യം, 1. ത്രിത്വ.)

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

**6–ാം രഹസ്യം**

നല്ല ഈശോയെ, മൂന്ന് ആണികളാൽ അങ്ങ് കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ ചിന്തിയ തിരുരക്തത്തെക്കുറിച്ച്, സൃഷ്ടികളോടും, സൃഷ്ടവസ്തുക്കളോടുമുള്ള അമിതമായ സ്നേഹത്തിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ.

1. സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

(10 പ്രാവശ്യം, 1. ത്രിത്വ.)

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

**7–ാം രഹസ്യം**

സഹനമൂർത്തിയായ യേശുനാഥാ, കുന്തംകൊണ്ട് അങ്ങേ തിരുവിലാവിൽ കുത്തി മുറിവേൽപ്പിച്ചപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, അങ്ങയെ ഞാൻ സ്വന്തമാക്കി, ഞാൻ മുഴുവനും അങ്ങയുടേതും അങ്ങ് എന്റേതുമായി തീരുവാൻ കൃപയരുളണമേ 1. സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

(10 പ്രാവശ്യം, 1. ത്രിത്വ.)

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

**പ്രാർത്ഥിക്കാം**

സ്നേഹ ഈശോയെ! സ്നേഹത്തെപ്രതി അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച് ഞങ്ങൾ അങ്ങയെ സ്തുതി

ക്കുന്നു, സ്നേഹിക്കുന്നു, നന്ദി പറയുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങേ തിരുരക്തത്തിന്റെ യോഗ്യതയാൽ ഞങ്ങളെ വിശുദ്ധീകരിച്ച്, ആത്മാവിൽ നിറച്ച് അങ്ങയുടെ സ്വന്തമാക്കണമേ. നിലനിൽപിന്റെ വരവും, നിത്യരക്ഷയും, ആത്മാക്കളെ നേടാനുള്ള അഭിഷേകവും തരണമേ. ആമ്മേൻ.

ദൈവമേ നന്ദി, സ്തുതി, സ്തോത്രം!

യേശുവേ നന്ദി, സ്തുതി, സ്തോത്രം!

പരിശുദ്ധാത്മാവേ നന്ദി, സ്തുതി, സ്തോത്രം!

പരിശുദ്ധ ത്രിത്വമേ നന്ദി, സ്തുതി, സ്തോത്രം!

(സ്വതന്ത്രമായി സ്തുതിക്കുന്നു)

പാപികളുടെ സങ്കേതമേ, കന്യകകളുടെ രാജ്ഞി ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആമ്മേൻ.

പരിശുദ്ധാത്മാവേ വരണേ, അവിടുത്തെ ഇഷ്ടദാസിയായ പരിശുദധ കന്യാമറിയത്തിന്റെ വിമല ഹൃദയത്തിന്റെ ശക്തമായ മാദ്ധ്യസ്ഥത്താൽ എഴുന്നള്ളിവരണമെ; ഞങ്ങളിൽവന്ന് വസിക്കണമെ!

ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുവേ, പാപിയായ എന്റെമേൽ കരുണയായിരിക്കണമേ.

## മാതാവിന്റെ രക്തകണ്ണുനീർ ജപമാല

(പ്രചരിപ്പിക്കുന്നവരിലും ചൊല്ലുന്നവരിലും നിന്നു
പിശാച് തോറ്റ് ഓടിമറയുന്നു.)

ക്രൂശിതനായ എന്റെ ഈശോയെ 'അങ്ങേ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണുകൊണ്ട്' കരുണാർദ്രമായ സ്നേഹത്തോടെ, കാൽവരിമലയിലേക്കുള്ള വേദന നിറഞ്ഞ യാത്രയിൽ അങ്ങേ അനുഗമിച്ച പരി. അമ്മയുടെ രക്തക്കണ്ണീരുകളെ ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. നല്ലവനായ കർത്താവേ, പരി. അമ്മയുടെ രക്തം കലർന്ന കണ്ണുനീർ

തുള്ളികൾ തരുന്ന സന്ദേശം ശരിക്കു മനസിലാക്കുന്നതിനും അങ്ങനെ ഞങ്ങൾ ഇഹത്തിൽ അങ്ങയുടെ തിരുമനസ് നിറവേറ്റിക്കൊണ്ടു സ്വർഗ്ഗത്തിൽ പരി.അമ്മയോടൊത്ത് നിത്യമായി നിന്നെ വാഴ്ത്തി സ്തുതിക്കുന്നതിനുവേണ്ട അനുഗ്രഹം ഞങ്ങൾക്കു നൽകണമേ.

ഓ! ഈശോയെ, ഈ ലോകത്തിൽ അങ്ങേ അധികമായി സ്നേഹിക്കുകയും സ്വർഗ്ഗത്തിൽ അങ്ങയോടൊത്ത് വാഴുകയും ചെയ്യുന്ന പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീരുകളെ കരുണയോടെ വീക്ഷിക്കണമേ.

(3 പ്രാവശ്യം)

സ്നേഹം നിറഞ്ഞ ഈശോയെ, പരിശുദ്ധ അമ്മ ചിന്തിയ രക്തക്കണ്ണുനീരുകളെക്കുറിച്ച് എന്റെ യാചന കേൾക്കണമേ. (7 പ്രാവശ്യം)

ഓ! ഈശോയേ....

(ഇങ്ങനെ 7 പ്രാവശ്യം വിവിധ നിയോഗങ്ങൾ വച്ച് കൊന്ത ചൊല്ലി പൂർത്തിയാക്കുക.)

**പ്രാർത്ഥിക്കാം:** ഓ! മറിയമെ! വ്യാകുലവും കരുണയും സ്നേഹവും നിറഞ്ഞ അമ്മേ! ഞങ്ങളുടെ എളിയ യാചനകളെ അങ്ങേ പ്രാർത്ഥനയോടു ചേർത്ത് പ്രിയപുത്രന് കാഴ്ച വയ്ക്കണമേ. അങ്ങുന്ന് ഞങ്ങൾക്കായി ചിന്തിയ രക്തക്കണ്ണുനീരുകളെക്കുറിച്ച് ഇക്കാര്യം പ്രിയപുത്രനിൽ നിന്ന് ലഭിച്ചു തരണമേ. ഓ! മറിയമേ! രക്തക്കണ്ണുനീരാൽ പിശാചിന്റെ ഭരണത്തെ തകർക്കണമെന്നും ഞങ്ങളെപ്രതി ഈശോയുടെ തൃക്കരങ്ങളാൽ സകല തിന്മകളിൽനിന്നും ലോകത്തെ കാത്തു രക്ഷിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ

## സകല വിശുദ്ധരുടെയും ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമെ
മിശിഹായേ, അനുഗ്രഹിക്കണമെ
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമെ
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ
ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ
പരിശുദ്ധാത്മാവായ ദൈവമേ
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ

ഞങ്ങളെ അനുഗ്രഹിക്കണമേ

ദൈവത്തിന്റെ പരിശുദ്ധ ജനനീ
കന്യകകൾക്കു മകുടമായ നിർമ്മലകന്യകേ
വിശുദ്ധ യൗസേപ്പേ
വിശുദ്ധ മിഖായേലേ
വിശുദ്ധ ഗബ്രിയേലേ
വിശുദ്ധ റപ്പായേലേ
ഞങ്ങളുടെ കാവൽ മാലാഖമാരേ
നവവൃന്ദങ്ങളായ സകല മാലാഖമാരേ
വിശുദ്ധ സ്നാപകയോഹന്നാനേ
വിശുദ്ധ പത്രോസേ
വിശുദ്ധ പൗലോസേ
വിശുദ്ധ അന്ത്രയോസേ
വിശുദ്ധ യാക്കോബേ
വിശുദ്ധ യോഹന്നാനേ
വിശുദ്ധ തോമായേ
വിശുദ്ധ ചെറിയ യാക്കോബേ
വിശുദ്ധ പീലിപ്പോസേ
വിശുദ്ധ ബർത്തലൂമ്മായേ
വിശുദ്ധ ബെനഡിക്ടേ
വിശുദ്ധ മത്തായിയേ
വിശുദ്ധ മർക്കോസേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

വിശുദ്ധ ലൂക്കായേ
വിശുദ്ധ ബർണ്ണവാസേ
വിശുദ്ധ ശെമയോനേ
വിശുദ്ധ യൂദായേ
വിശുദ്ധ മത്തിയാസേ
വിശുദ്ധ ജറോമേ
വിശുദ്ധ എസ്തപ്പാനോസേ
വിശുദ്ധ സെബസ്ത്യാനോസേ
വിശുദ്ധ വിൻസെന്റേ
വിശുദ്ധ ഗീവർഗ്ഗീസേ
വിശുദ്ധ ഫ്രാൻസീസ് സേവ്യറേ
വിശുദ്ധ ഫ്രാൻസീസ് സാലസേ
വിശുദ്ധ ഡോൺ ബോസ്കോയേ,
വിശുദ്ധ ഡൊമിനിക് സാവിയോയേ
വിശുദ്ധ അക്വീനോസേ
വിശുദ്ധ അഗസ്തീനോസേ
വിശുദ്ധ അൽഫോൻസ് ലിഗോരിയേ
വിശുദ്ധ സിൽവസ്ട്രോസേ
വിശുദ്ധ അപ്രേമേ
വിശുദ്ധ അംബ്രോസേ
വിശുദ്ധ ഗ്രിഗോരിയോസേ
വിശുദ്ധ ബർണ്ണാർഡേ
വിശുദ്ധ ഡൊമിനിക്കേ
വിശുദ്ധ ഫ്രാൻസീസ് അസ്സീസിയേ
വിശുദ്ധ ഫ്രാൻസീസ് ഗൊൺസലോസേ
വിശുദ്ധ അമ്മ ത്രേസ്യായേ
വിശുദ്ധ കൊച്ചുത്രേസ്യായേ
വിശുദ്ധ മറിയം മഗ്ദലനായേ
വിശുദ്ധ തെക്ലായേ
വിശുദ്ധ റോസയേ
വിശുദ്ധ മരിയ ഗോരേത്തിയേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

വിശുദ്ധ അഗത്തായേ
വിശുദ്ധ ആഗ്നസ്സേ
വിശുദ്ധ ക്ലാരയേ
വിശുദ്ധ കത്രീനായേ
വിശുദ്ധ സിസിലിയായേ
വിശുദ്ധ അനസ്താസ്സിയായേ
വിശുദ്ധ സ്കൊളാസ്റ്റിക്കയേ
വിശുദ്ധ ഏലിശ്വായേ
വിശുദ്ധ അന്നായേ
വിശുദ്ധ അൽഫോൻസായേ
വിശുദ്ധ ചാവറ കുര്യാക്കോസച്ചാ
വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായേ
വിശുദ്ധ മറിയം ത്രേസ്യായേ
വി. ആഗ്നലേ
വി. ഡാമിയനേ
വി. മദർ തെരേസയേ
വാഴ്ത്തപ്പെട്ട കുഞ്ഞച്ചാ
കന്യകകളും വിധവകളുമായ സകല പുണ്യവതികളേ
കർത്താവിന്റെ ദാസരായിരിക്കുന്ന സ്ത്രീ പുരുഷന്മാരായ സകല വിശുദ്ധരേ
മുഖ്യപിതാക്കളും ദീർഘദർശികളുമായ സകല വിശുദ്ധരേ
കറയില്ലാത്ത സകല വിശുദ്ധ കുഞ്ഞിപൈതങ്ങളേ
വേദസാക്ഷികളായ സകല വിശുദ്ധരേ
ഗുരുക്കന്മാരും ആചാര്യന്മാരുമായ സകല വിശുദ്ധരേ
സന്യാസികളും തപോധനന്മാരുമായ സകല വിശുദ്ധരേ
ദയാപരനായിരിക്കുന്ന കർത്താവേ,
ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കണമെ.
ദയാപരനായിരിക്കുന്ന കർത്താവേ,
ഞങ്ങളുടെ പ്രാർത്ഥന നീ കേൾക്കണമെ
ദയാപരനായിരിക്കുന്ന കർത്താവേ,
ഞങ്ങളെ അനുഗ്രഹിക്കണമെ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

**പ്രാർത്ഥിക്കാം**

സർവ്വശക്തനും അളവറ്റ കൃപയുള്ളവനുമായ സർവ്വേശ്വരാ, ഞങ്ങളുടെ ആവശ്യങ്ങളിൽ മദ്ധ്യസ്ഥരായി അങ്ങേ പരിശുദ്ധരെ കാരുണ്യപൂർവ്വം ഞങ്ങൾക്ക് നൽകിയല്ലോ. പാപികളായിരിക്കുന്ന ഞങ്ങൾക്കു നേരിട്ടിരിക്കുന്ന അങ്ങേ കോപത്തെ അങ്ങേ സകല പരിശുദ്ധരുടെ യോഗ്യതകളാലും പ്രാർത്ഥനകളാലും ഞങ്ങളിൽനിന്ന് നീക്കി ഞങ്ങൾ അപേക്ഷിക്കുന്ന പ്രസാദവരങ്ങളും നന്മകളും അങ്ങേ തിരുമനസ്സിനൊത്തവണ്ണം ഞങ്ങൾക്കു നൽകണമെന്ന് അങ്ങേ തിരുക്കുമാരനായ ഞങ്ങളുടെ കർത്താവീശോമിശിഹായെക്കുറിച്ച് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

## വി. മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന

മുഖ്യദൂതനായ വി.മിഖായേലേ, സ്വർഗ്ഗീയ സൈന്യങ്ങളുടെ പ്രതാപവാനായ പ്രഭോ, ഉന്നതശക്തികളോടും അധികാരങ്ങളോടും, ഇരുളടഞ്ഞ ഈ ലോകത്തിലെ ഭരണകർത്താക്കളോടും, ഉപരിതലങ്ങളിലെ ദുരാത്മാക്കളോടുമുള്ള യുദ്ധത്തിൽ ഞങ്ങളെ സഹായിക്കണമെ. ദൈവം സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും വലിയ വിലകൊടുത്ത് വീണ്ടെടുക്കുകയും ചെയ്ത മനുഷ്യരെ പിശാചിന്റെ ക്രൂരഭരണത്തിൽനിന്നും രക്ഷിക്കുവാൻ വരേണമെ. അങ്ങയെ ആണല്ലോ തിരുസഭ തന്റെ പരിപാലകനും സംരക്ഷകനുമായി സ്നേഹിക്കുന്നത്. കർത്താവ് രക്ഷിച്ച ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ നിയുക്തനായിരിക്കുന്നത് അങ്ങ് തന്നെയാണല്ലോ. ആകയാൽ ഞങ്ങളുടെ പാദങ്ങളുടെ കീഴിൽ പിശാചിനെ അടിമപ്പെടുത്തുവാൻ സമാധാനദാതാവായ ദൈവത്തോടു പ്രാർത്ഥിക്കണമെ. അവൻ ഒരിക്കലും മനുഷ്യരെ കീഴ്പ്പെടുത്തുകയോ തിരുസഭയെ ഉപദ്രവിക്കുകയോ ചെയ്യാതിരിക്കട്ടെ. കർത്താവിന്റെ കരുണ വേഗം ഞങ്ങളുടെമേൽ ഉണ്ടാകുന്നതിനായി ഞങ്ങളുടെ യാചനകൾ അത്യുന്നതന്റെ

മുമ്പിൽ സമർപ്പിക്കണമെ. ദുഷ്ടജന്തുവും പഴയസർപ്പവുമായ സാത്താനെയും അവന്റെ കൂട്ടുകാരെയും പിടിച്ചുകെട്ടി പാതാളത്തിൽ തള്ളിത്താഴ്ത്തണമെ. അവൻ മേലാലൊരിക്കലും ജനങ്ങളെ വഴി തെറ്റിക്കാതിരിക്കട്ടെ. ആമ്മേൻ.

## ബന്ധനപ്രാർത്ഥന

കർത്താവായ യേശുവേ, അങ്ങ് കുരിശിൽ ചിന്തിയ തിരുരക്തത്തിന്റെ യോഗ്യതയാലും, കുരിശിലെ വിജയത്താലും അങ്ങയോട് ഐക്യപ്പെട്ട് പ്രാർത്ഥിക്കുന്ന എന്നേയും, എന്റെ കുടുംബത്തേയും, കുടുംബാംഗങ്ങളേയും, വസ്തുവകകളേയും, വളർത്തുമൃഗങ്ങളേയും, ബന്ധുമിത്രാദികളേയും, കൃഷിയിടങ്ങളേയും, ഭവനങ്ങളേയും, പ്രത്യേകമായി ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തെയും, എല്ലാ ശുശ്രൂഷകരേയും, പ്രേഷിതരേയും, ധ്യാനകേന്ദ്രത്തിന്റെ പരിസര പ്രദേശങ്ങളേയും അങ്ങയുടെ തിരുരക്തത്താൽ പൊതിഞ്ഞ് എല്ലാ പൈശാചിക സ്വാധീനങ്ങളിൽനിന്നും, തിന്മയുടെ ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കണമെ. കർത്താവേ, തെറ്റായ ബോദ്ധ്യങ്ങളിലൂടെയോ, ചിന്തകളിലൂടെയോ ഉള്ള യാതൊരു വിധ പ്രവർത്തനങ്ങളോ, സംസാരമോ പോലും ഞങ്ങളിൽ നിന്ന് ഉണ്ടാകുവാൻ ഇടവരുത്തരുതേ. ഞങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന എല്ലാ അന്ധകാരശക്തികളേയും, ദുഷ്ടപിശാചുക്കളേയും, അവയുടെ പ്രവർത്തനങ്ങളേയും കർത്താവായ യേശുവിന്റെ നാമത്തിൽ ബന്ധിക്കുകയും, ബഹിഷ്ക്കരിക്കുകയും അവിടുത്തെ പാദപീഠത്തിങ്കലേയ്ക്ക് ആട്ടിപ്പായിക്കുകയും ചെയ്യുന്നു. കർത്താവായ യേശുവേ, അങ്ങയുടെ നീതി അനുസരിച്ച് അവയോടു പെരുമാറേണമെ. ഞങ്ങളേവരെയും അങ്ങേ ആത്മാവിനാൽ അഭിഷേകം ചെയ്യണമെ. ആമ്മേൻ.

യേശുവേ നന്ദി, യേശുവേ സ്തുതി (അല്പനേരം സ്തുതിക്കുക.)

## തിരുരക്താഭിഷേക പ്രാർത്ഥന

കാൽവരിയിൽ എനിക്കുവേണ്ടി രക്തംചിന്തി മരിച്ച് എന്നെ വിലകൊടുത്ത് വാങ്ങിയ യേശുവേ, അവിടുത്തെ അമൂല്യമായ തിരുരക്തം എന്നെ സകല പാപങ്ങളിൽ നിന്നും രക്ഷിക്കുമല്ലോ. എന്റെ പഞ്ചേന്ദ്രിയങ്ങളേയും, ചിന്ത, ഭാവന, ബുദ്ധി, ഓർമ്മ, കല്പനാശക്തി, ഇച്ഛാശക്തി ഇവയേയും അങ്ങയുടെ തിരുരക്തത്താൽ ഓരോ നിമിഷവും കഴുകി വിശുദ്ധീകരിക്കണമേ. ഞാൻ ഇരിക്കുമ്പോഴും, കിടക്കുമ്പോഴും, ഓരോ പ്രവർത്തികൾ ചെയ്യുമ്പോഴും, സഞ്ചരിക്കുമ്പോഴും അവിടുത്തെ തിരുരക്തത്താൽ എന്നെ അഭിഷേകം ചെയ്യണമെന്ന് പ്രാർത്ഥിക്കുന്നു. അതുവഴി ഞാൻ സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുകൊണ്ട് അവിടുത്തെ പാതയിൽ സഞ്ചരിക്കുവാനും, എപ്പോഴും അവിടുത്തോടുകൂടെ ആയിരിക്കുവാനും ഇടയാകട്ടെ. ആമ്മേൻ.

യേശുവേ, അവിടുത്തെ അമൂല്യമായ തിരുരക്തത്താൽ ഓരോ നിമിഷവും എന്നെ അഭിഷേകം ചെയ്യണമെ.

(3 പ്രാവശ്യം)

## കരുണയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

കർത്താവേ, കരുണയായിരിക്കണമെ. പാപികളായ ഞങ്ങളുടെ മേൽ കരുണയായിരിക്കണമെ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും സഹോദരീ സഹോദരങ്ങളും പൂർവ്വികരും അയൽവാസികളും അധികാരികളും ഉപകാരികളും ബന്ധുക്കളും മിത്രങ്ങളും ശത്രുക്കളും ഞങ്ങളുമായി ഇടപഴകിയിട്ടുള്ള സകലരും വഴി വന്നുപോയ എല്ലാ പാപങ്ങളും അപരാധനങ്ങളും തെറ്റുകുറ്റങ്ങളും കടങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. കർത്താവേ ഞങ്ങളെ ശിക്ഷിക്കരുതേ, ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെ ശിരസ്സുമുതൽ പാദംവരെ അങ്ങയുടെ അമൂല്യമായ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിച്ച് അങ്ങയുടെ ആത്മാവിന്റെ വരദാനഫലങ്ങളാൽ നിറച്ച്

അഭിഷേകം ചെയ്യണമെ. അങ്ങേ തിരുരക്തത്തിന്റെ സംര ക്ഷണം ഞങ്ങൾക്കു നൽകേണമെ. കർത്താവേ മേലിൽ ഒരിക്കലും അന്ധകാരത്തിന്റെ ഒരു അരൂപിയും ഞങ്ങളിൽ വസിക്കുകയോ ഞങ്ങളെ ഭരിക്കുകയോ ചെയ്യാതിരിക്കട്ടെ.

യേശുവേ നന്ദി, യേശുവേ സ്തുതി

(അല്പനേരം സ്തുതിക്കുക)

## ബന്ധനവിമുക്ത പ്രാർത്ഥന

ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ശക്തിയുള്ള നാമത്തിൽ, അവിടുത്തെ തിരുശരീരരക്തങ്ങളുടെ യോഗ്യതയാൽ എല്ലാ അന്ധകാരശക്തികളും പൈശാചിക ബന്ധനങ്ങളും, ദുശ്ശീലങ്ങളും ഞങ്ങളെ വിട്ടുപോകട്ടെ. ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. അന്ധകാര ശക്തികൾക്ക് ഞങ്ങളുടെമേൽ അധികാരമില്ല. ഞങ്ങൾ യേശുക്രിസ്തുവിന്റെതാണ്. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ കല്പിക്കുന്നു. ഞങ്ങളെയും കുടുംബാംഗങ്ങളെയും സഹപ്രവർത്തകരെയും ബാധിച്ചിരിക്കുന്ന രോഗത്തിന്റെയും തകർച്ചയുടെയും ദുശ്ശീലങ്ങളുടെയും ദുരാത്മാക്കളെ പുറത്തുവരുക യേശുക്രിസ്തുവിന്റെ കുരിശിൻറെ കീഴെ ഈ ദുരാത്മാക്കൾ ബന്ധിക്കപ്പെടട്ടെ. ഒരിക്കലും തിരിച്ചുവരാനാവാത്തവിധം നിർവീര്യമാക്കപ്പെടട്ടെ തിരുരക്തത്താൽ കഴുകി ഞങ്ങളെയും ഞങ്ങൾക്കുള്ളവരെയും ശുദ്ധീകരിക്കണമെ. വിശുദ്ധ കുരിശിന്റേയും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ മിഖായേലിന്റെയും സകല മാലാഖമാരുടെയും സകല വിശുദ്ധരുടെയും മദ്ധ്യസ്ഥതയും വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ അപേക്ഷകളും ഞങ്ങൾക്ക് അഭയവും കോട്ടയുമായിരിക്കട്ടെ. വിശുദ്ധ ബെനഡിക്ടിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും വിശുദ്ധ ഗീവർഗ്ഗീസിന്റെയും

മദ്ധ്യസ്ഥ തയും സകല അപ്പസ്തോലന്മാരുടെയും സകല രക്ത സാക്ഷി കളുടെയും പ്രാർത്ഥനാസഹായവും ഞങ്ങളോടൊപ്പ മുണ്ടായിരിക്കട്ടെ. യേശുവിന്റെ ശക്തിയുള്ള നാമത്തിൽ അസൂ യയുടെയും, അഹങ്കാരത്തിന്റെയും അലസതയുടെയും, ശത്രു തയുടെയും, വെറുപ്പിന്റെയും, കോപത്തിന്റെയും, ആസക്തി കളുടെയും എല്ലാ ബന്ധനങ്ങളും ഞങ്ങളിൽ നിന്ന് അകന്നു പോകട്ടെ. കർത്താവായ യേശുക്രിസ്തു നിത്യജീവനിലേക്കും രക്ഷയുടെ പൂർണ്ണതയിലേക്കും ഞങ്ങളെ നയിക്കുമാറാകട്ടെ.
യേശുവേ സ്തോത്രം..... യേശുവേ നന്ദി.... യേശുവേ ആരാധന
(അല്പനേരം സ്തുതിക്കുക)

## കുടുംബവിശുദ്ധീകരണ പ്രാർത്ഥന

കുടുംബത്തെ സ്ഥാപിക്കുകയും, കുടുംബജീവിതത്തെ അനുഗ്രഹിക്കുകയും ചെയ്ത പിതാവും, പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങ് ഞങ്ങളുടെ മധ്യേ സന്നിഹിതനായിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങൾക്കു നൽകിയിട്ടുള്ള ആത്മീയവും, ശാരീരികവുമായ എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ച് മനസ്തപിക്കുന്നു. അവയ്ക്ക് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു. ഞങ്ങളുടെ ഭവനത്തിൽ അങ്ങ് വാസമുറപ്പിക്കണമെ. ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവർത്തികളും വ്യാപാരങ്ങളും അങ്ങു നിയന്ത്രിക്കണമെ. വിശ്വാസത്തിലും വിശുദ്ധിയിലും ഞങ്ങളെ വളർത്തണമെ. പരസ്പര സ്നേഹവും ബഹുമാനവും ഞങ്ങൾക്ക് നൽകണമെ. ഭിന്നതയും കലഹവുമുണ്ടാകാതെ സമാധാനത്തിലും, ഐക്യത്തിലും ഞങ്ങളെ നയിക്കണമെ. ദൈവശുശ്രൂഷയ്ക്കും സഭാസേവനത്തിനുമായി ഞങ്ങളുടെ കുടുംബ

ങ്ങളിൽ നിന്ന് പ്രേഷിതരെ വിളിക്കണമെ. രോഗികളെയും ആസന്നമരണരെയും കാത്തു പരിപാലിക്കണമെ. പാപസാഹചര്യങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും ഞങ്ങളെ ഓരോരുത്തരെയും കാത്തുരക്ഷിക്കണമെ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് മരിച്ചുപോയിട്ടുള്ളവർക്ക് സ്വർഗ്ഗഭാഗ്യം നൽകണമെ. ഞങ്ങളുടെ അയൽക്കാരെയും, ചാർച്ചക്കാരെയും സമൃദ്ധമായി അനുഗ്രഹിക്കണമെ. ഞങ്ങളെല്ലാവരും അവസാനം അങ്ങയോടൊന്നിച്ച് സ്വർഗ്ഗഭാഗ്യം അനുഭവിക്കുവാൻ ഇടവരുത്തുകയും ചെയ്യണമെ. ആമ്മേൻ.

യേശുവേ നന്ദി, യേശുവേ സ്തുതി

(അല്പനേരം സ്തുതിക്കുക)

## കൃഷിക്കാർക്കുവേണ്ടിയുള്ള പ്രാർത്ഥന

തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കു കേട്ട് തിന്നതുകൊണ്ട് "നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും" (ഉല്പത്തി 3:17) എന്ന് ആദത്തോട് അരുൾചെയ്ത ദൈവമേ, ഞങ്ങളുടെ കൃഷിഭൂമി തക്കതായ വിളവു തരാതെയും, വിളകൾക്കു തക്കവില കിട്ടാതെയും ഞങ്ങൾ ക്ലേശിക്കുന്നു. യേശുവിന്റെ അമൂല്യമായ തിരുരക്തം സകല പാപശാപങ്ങളും നീക്കി വിശുദ്ധീകരിക്കുന്നു എന്ന വാഗ്ദാനപ്രകാരം ഞങ്ങളുടെ കൃഷിഭൂമിയെ കഴുകി വിശുദ്ധീകരിക്കണമേയെന്നു പ്രാർത്ഥിക്കുന്നു. പലപ്പോഴും അങ്ങയെ കൂടാതെ അദ്ധ്വാനിച്ചതിനാലാണ് ഞങ്ങളുടെ കൃഷിയും, കൃഷിഭൂമിയും അനുഗ്രഹിക്കപ്പെടാതെ പോകുന്നത് എന്ന സത്യം മനസ്സിലാക്കാതെ പോയി. ദൈവമേ, പരമ്പരാഗതമായി പൂർവ്വികരിൽനിന്നു ഞങ്ങൾക്കു ലഭിച്ച കൃഷിഭൂമിയിൽ അനുഗ്രഹത്തിനു തടസ്സമായി അവരുടെ ഏതെങ്കിലും പാപങ്ങളോ, അപരാധങ്ങളോ ഉണ്ടെങ്കിൽ അവയെല്ലാം കരുണാപൂർവ്വം ക്ഷമിച്ച് ഞങ്ങളുടെ കൃഷിഭൂമിയെ അനുഗ്രഹിക്കണമേയെന്നു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ അദ്ധ്വാനത്തിനനുസൃതമായി നൂറും അറുപതും

മുപ്പതും മേനി വിളവു നൽകി ഞങ്ങളെ അനുഗ്രഹിക്കുന്നതിനെ ഓർത്ത് യേശുവേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ആരാധിക്കുന്നു. നന്ദി പറയുന്നു.

യേശുവേ നന്ദി, യേശുവേ സ്തുതി

(അല്പനേരം സ്തുതിക്കുക)

"ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവ് പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ"! ഹാല്ലേലൂയ്യ.. ഹാല്ലേല്ലൂയ്യ... ഹാല്ലേല്ലൂയ്യ.

## വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയോടുള്ള പ്രാർത്ഥന

ദിവ്യകാരുണ്യത്തിന്റെ പ്രഘോഷകനും, പ്രചാരകനും, വക്താവുമായ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പായേ, അങ്ങ് ദിവ്യകാരുണ്യത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുകയും, ആഴമായി വിശ്വസിക്കുകയും, സകലവും ദിവ്യകാരുണ്യത്തിൽനിന്നാണ് ഉത്ഭവിക്കുന്നത് എന്ന് തിരിച്ചറിയുകയും ചെയ്തുവല്ലോ! അങ്ങയെപ്പോലെ എല്ലാറ്റിനും ഉപരിയായി പൂർണ്ണഹൃദയത്തോടെ ദിവ്യകാരുണ്യയേശുവിനെ സ്നേഹിക്കാനും, ആഴമായി വിശ്വസിക്കാനുമുള്ള കൃപാവരം യേശുവിന്റെ ദിവ്യനാമത്തിൽ ഞങ്ങൾക്ക് ലഭിക്കുവാൻ അങ്ങ് പ്രാർത്ഥിക്കണമെ.

ദിവ്യകാരുണ്യ കേന്ദ്രീകൃതമായ ഈ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന ദിവ്യകാരുണ്യ ആത്മാഭിഷേക ധ്യാനവിജയത്തിനായും ഇവിടെ നടത്തപ്പെടുന്ന മറ്റെല്ലാ ശുശ്രൂഷകൾക്കായും, ബെനഡിക്ടിൻ ടീം പുറമേ നടത്തുന്ന എല്ലാ ധ്യാനങ്ങളുടെ വിജയത്തിനായും അങ്ങ് മാദ്ധ്യസ്ഥം വഹിക്കണമെ. ഈ ആലയത്തിലേയ്ക്ക് കടന്നുവരുന്നവർ സകലത്തിന്റെയും ഉത്തരം ദിവ്യകാരുണ്യമാണെന്നും, എല്ലാ പ്രശ്നങ്ങളുടെയും

പരിഹാരം ദിവ്യകാരുണ്യത്തിലാണെന്നും, അതുവഴി ദിവ്യകാരുണ്യശക്തി തിരിച്ചറിയുന്നതിനും, അനുദിനബലിയർപ്പ ണത്തിലൂടെ ദിവ്യകാരുണ്യ കേന്ദ്രീകൃത ജീവിതം നയിക്കു ന്നതിനും, ദൈവസന്നിധിയിൽ അങ്ങ് ഞങ്ങൾക്കായ് മാദ്ധ്യസ്ഥം വഹിക്കണമെ. ആമ്മേൻ.

1. സ്വർഗ്ഗ. 1. നന്മ. 1. ത്രിത്വ.

## ദൈവമാതാവിനോടുള്ള സംരക്ഷണ പ്രാർത്ഥന

ദൈവമാതാവായ പരിശുദ്ധ കന്യാമറിയമേ, മനുഷ്യ കുലം മുഴുവന്റെയും മാതാവും മദ്ധ്യസ്ഥയും സഹായവും സംരക്ഷകയുമാകുവാൻ ദൈവം മുൻകൂട്ടി തെരഞ്ഞെടുത്തി രിക്കുന്ന അങ്ങയെ ഞങ്ങൾ വണങ്ങുന്നു. ഞങ്ങളുടെ കുടും ബത്തിന്റെ മാതാവും സംരക്ഷകയുമായി ഇന്ന് ഞങ്ങൾ അങ്ങയെ സ്വീകരിക്കുന്നു. അമ്മേ, അങ്ങയുടെ ശക്തമായ സംരക്ഷണത്താൽ ആത്മീയവും ശാരീരികവുമായ എല്ലാ ആപത്തുകളിൽ നിന്നും പ്രത്യേകിച്ച് പൈശാചിക ശക്തിക ളുടെ ഉപദ്രവങ്ങൾ, അഗ്നിബാധ, പ്രളയം, ഇടിമിന്നൽ, കൊടു ങ്കാറ്റ്, ഭൂമികുലുക്കം, വാഹനാപകടങ്ങൾ എന്നിവയിൽ നിന്നും, കള്ളന്മാർ, അക്രമികൾ എന്നിവരിൽ നിന്നും ഞങ്ങളെയും, ഞങ്ങളുടെ ഭവനങ്ങളെയും സംരക്ഷിക്കണമെ. ഈ ഭവന ത്തിൽ വസിക്കുന്ന എല്ലാവരും അങ്ങയുടെ സ്വന്തമായതു കൊണ്ട് എല്ലാ അത്യാഹിതങ്ങളിൽ നിന്നും ശാരീരിക അസു ഖങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കണമെ. ഏറ്റം പ്രധാ നമായി പാപം വർജ്ജിക്കുന്നതിനും എല്ലാ കാര്യത്തിലും ദൈവേഷ്ടം നിറവേറ്റിക്കൊണ്ട് ദൈവാനുഗ്രഹത്തിൽ ജീവി ക്കുന്നതിനും എന്നേയ്ക്കുമായി അങ്ങേയ്ക്കു പ്രതിഷ്ഠിക്കപ്പെ ട്ടിരിക്കുന്ന ഞങ്ങൾ എല്ലാവർക്കുമായി അങ്ങേ തിരുക്കുമാര നോടു പ്രാർത്ഥിക്കണമെ. ആമ്മേൻ.

“എന്നാൽ, എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾവരെ ഞാൻ കരുണ കാണിക്കും”. (പുറ. 20:6)

## നമ്മുടെ അനുദിനതെറ്റുകൾ പരിഹരിപ്പാൻ ഒരു ജപം

നിത്യപിതാവേ! ഇന്നും എന്റെ കഴിഞ്ഞ ജീവിതകാലം മുഴുവനിലും ഞാൻ ചെയ്തുപോയ പാപങ്ങളെ പരിഹരിക്കുന്നതിനായി ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുഹൃദയത്തെ തന്റെ സ്നേഹം മുഴുവനോടും തന്റെ എല്ലാ പീഡകളോടും എല്ലാ യോഗ്യതകളോടുംകൂടെ അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. 1 ത്രിത്വ.

നിത്യപിതാവേ! ഇന്നും എന്റെ കഴിഞ്ഞ ജീവിതകാലം മുഴുവനിലും ഞാൻ ചെയ്ത എല്ലാ നന്മ പ്രവൃത്തികളിലും വന്നിട്ടുള്ള ന്യൂനതയെ പരിഹരിക്കുന്നതിനായി ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുഹൃദയത്തെ തന്റെ എല്ലാ പീഡകളോടും എല്ലാ യോഗ്യതകളോടുംകൂടെ അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു. 1 ത്രിത്വ.

നിത്യപിതാവേ! ഇന്നും എന്റെ കഴിഞ്ഞകാലം മുഴുവനിലും ഞാൻ ചെയ്യേണ്ടിയിരുന്നതും എന്നാൽ ഉപേക്ഷിച്ചുകളഞ്ഞതുമായ എല്ലാ നന്മപ്രവൃത്തികൾക്കും പകരമായി ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരൃഹൃദയത്തെ തന്റെ സ്നേഹം മുഴുവനോടും തന്റെ എല്ലാ പീഡകളോടും എല്ലാ യോഗ്യതകളോടുംകൂടെ അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. 1 ത്രിത്വ.

## വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരുക്കം

എന്നോടുള്ള സ്നേഹത്താൽ സ്വയം ശൂന്യനായി അപ്പത്തിന്റെ രൂപത്തിൽ വിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ, ഞാൻ അങ്ങേ ആരാധിക്കുന്നു, സ്തുതിക്കുന്നു. അങ്ങേക്കെതിരായ വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും അറിഞ്ഞും അറിയാതെയും ചെയ്തുപോയ എല്ലാ പാപങ്ങളും എന്നോടു ക്ഷമിച്ച് എന്നെ ശുദ്ധീകരിച്ച് എന്റെ ഹൃദയം അങ്ങേക്ക് വാസയോഗ്യമായ ആലയമാക്കി മാറ്റേണമേ. കർത്താവേ ഞാൻ പാപിയാണ്.

അങ്ങ് എന്നിൽ പ്രവേശിക്കാനുള്ള യോഗ്യത എന്നിലില്ല. അങ്ങ് എന്റെ അയോഗ്യതയെ പരിഗണിക്കാതെ എനിക്ക് ജീവനും ശക്തിയും സൗന്ദര്യവും നൽകുന്നതിനായി എന്നിലേക്ക് വരണമെ. ദാഹിക്കുന്ന കലമാൻ നീരുറവയ്ക്കെന്നപോലെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു. അങ്ങ് എന്നിലേക്ക് എഴുന്നെള്ളി വരണമെ. ഹാ, എന്റെ ദൈവമായ ഈശോയെ, എന്റെ ഭാഗ്യമേ, എന്റെ ആയുസ്സേ, എന്റെ ശരണമേ, എന്റെ സ്നേഹമേ, എന്റെ രക്ഷയേ, എന്റെ നാഥനേ, എഴുന്നെള്ളി വരണമെ. പരിശുദ്ധ അമ്മേ, മാലാഖമാരേ, വിശുദ്ധരേ, നിങ്ങളുടെ സുകൃതങ്ങളാൽ എന്റെ ഹൃദയത്തെ അലങ്കരിക്കണമേ.

## വിശുദ്ധ കുർബാന സ്വീകരണത്തിന്ശേഷം

ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ജീവനുള്ള അപ്പമാകുന്നു എന്നരുളിച്ചെയ്ത ഈശോയെ അങ്ങ് സത്യമായും എന്നിൽ എഴുന്നള്ളിവന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങേ ആരാധിക്കുന്നു, നന്ദി പറയുന്നു. അങ്ങ് എന്നിൽ ഒന്നായി തീരുന്നതുപോലെ ഞാൻ അങ്ങിലും ഒന്നായി തീരട്ടെ. എന്റെ ആത്മാവും ശരീരവും ബുദ്ധിയും മനസ്സും പഞ്ചേന്ദ്രിയങ്ങളും അങ്ങേക്കായി സമർപ്പിക്കുന്നു. ഞാൻ എവിടെപോയാലും എന്തു പ്രവർത്തിച്ചാലും സമസ്തവും നിന്റെ സ്തുതിക്കായി ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. നീ എന്നിൽ വസിച്ചുകൊണ്ട് എന്റെ കണ്ണുകൾ വഴി കാണുകയും നാവുവഴി സംസാരിക്കുകയും അവയവങ്ങളിലൂടെ പ്രവർത്തിക്കുകയും ചെയ്യേണമേ. നിന്റെ സ്നേഹമല്ലാതെ മറ്റൊരു സ്നേഹവും എന്നിൽ പ്രവേശിക്കാൻ അനുവദിക്കരുതേ.

എന്റെ ഈശോയെ! ഇനി മേലിൽ ഞാൻ മരിച്ച് നീ എന്നിൽ ജീവിക്കണമേ.

എന്റെ സ്നേഹമായ ഈശോ! ഏറ്റം നിസ്സാരമായ ഒരു പാപം പോലും ചെയ്ത് നിന്നെ ദ്രോഹിക്കാൻ എന്നെ അനുവദിക്കരുതേ.

നല്ല ഈശോയെ! ഞങ്ങളുടെ മാതാവായ തിരുസഭയേയും സഭാതലവനായ മാർപാപ്പായേയും മറ്റെല്ലാ സഭാദ്ധ്യക്ഷന്മാരെയും വൈദികരേയും സന്യാസിനീ സന്യാസികളേയും നിന്റെ അരൂപിയിൽ നിറയ്ക്കേണമേ.

നല്ല ഈശോ! അനേകം ആത്മാക്കളെ നിന്റെ ഉദ്യാനത്തിൽ വേലചെയ്യാനായി വിളിക്കേണമേ. നല്ല ഈശോ! രോഗികൾക്കാരോഗ്യവും മരണാസന്നർക്ക് നല്ലമരണവും മരിച്ചുപോയ ഞങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിത്യശാന്തിയും നൽകേണമേ.

നല്ല ഈശോ! സകല പാപികളും പിന്തിരിഞ്ഞു വരുവാനും സർവ്വമനുഷ്യരും നിന്നെ രക്ഷകനും നാഥനുമായി സ്വീകരിക്കുവാനും കൃപ ചെയ്യണമേ.

നല്ല ഈശോ! എന്റെ മാതാപിതാക്കളേയും സഹോദരങ്ങളേയും അങ്ങ് കാത്തുപരിപാലിക്കണമേ.

എല്ലാ ബാലികാബാലന്മാരെയും യുവതീയുവാക്കളേയും വിശുദ്ധിയുടെ മാർഗ്ഗത്തിൽ ചരിക്കാൻ ഇടയാക്കണമേ.

ഈശോയുടെ അമ്മേ, വി. യൗസേപ്പേ, കാവൽ മാലാഖയേ എന്റെ പേരിന്റെ പുണ്യവാനേ നിങ്ങൾ എന്നോടുകൂടി കർത്താവിനെ മഹത്വപ്പെടുത്തുവിൻ. ഈശോയെ സ്വീകരിച്ച എന്റെ നാവും, അങ്ങേ സിംഹാസനവും ആലയവുമായ എന്റെ ആത്മശരീരങ്ങളും എപ്പോഴും പരിശുദ്ധിയിൽ അഭിവൃദ്ധി പ്രാപിച്ചുവരാൻ നിങ്ങൾ എനിക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമേ. ആമ്മേൻ.

## നീതിമാനായ മാർ യൗസേപ്പേ

നീതിമാനായ മാർ യൗസേപ്പേ അങ്ങേക്കു സ്വസ്തി. കർത്താവ് അങ്ങയോടുകൂടെ. ദൈവത്താൽ അങ്ങ് തെരഞ്ഞെടുക്കപ്പെട്ടവനാകുന്നു. അങ്ങേ വളർത്തു കുമാരനായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു.

മാർ യൗസേപ്പേ, ദൈവകുമാരന്റെ വളർത്തു പിതാവേ പാപികളായ ഞങ്ങൾക്കുവേണ്ടി എപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ. ആമ്മേൻ.

## മരിച്ചവിശ്വാസികൾക്കു വേണ്ടിയുള്ള ജപം

മരിച്ച വിശ്വാസികളുടെ ആത്മാക്കൾ തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാകട്ടെ.

നിത്യപിതാവേ! ഈശോമിശിഹാ കർത്താവിന്റെ വില തീരാത്ത തിരുച്ചോരയെക്കുറിച്ച് അവരുടെ മേൽ കൃപയുണ്ടാകണമേ. 1. സ്വർഗ്ഗ. 1 നന്മ. 1 ത്രി. (അഞ്ചു പ്രാവശ്യം)

## മക്കൾക്കുവേണ്ടിയുള്ള മാതാപിതാക്കളുടെ പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങു ഞങ്ങൾക്ക് ദാനമായി നൽകിയ മക്കളെപ്രതി ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു.

"നിങ്ങളേയും, നിങ്ങളുടെ മക്കളേയും ഓർത്ത് കരയുവിൻ" എന്ന് അരുൾചെയ്ത ഈശോയെ, അമ്മയുടെ ഉദരത്തിൽ അവർ ആയിരുന്നപ്പോൾ മുതൽ ഞങ്ങളിൽ നിന്നും ലഭിച്ച ആന്തരിക മുറിവുകൾ, ഞങ്ങളുടെ ദുർമാതൃകകൾ, ഈ ലോകത്തിന്റെ സ്വാധീനം ഇവ വഴിയായി പല തരത്തിലുള്ള സ്വഭാവ വൈകല്യങ്ങൾക്ക് ഇന്ന് അവർ അടിമകളായിരിക്കുന്നു.

ഞങ്ങളുടെ മക്കൾക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകവും പഠനത്തിൽ വിജയവും ഉയർച്ചയും നൽകുകയും, തക്കസമയത്ത് ഉചിതമായ ജീവിതാന്തസ് തെരഞ്ഞെടുക്കുവാൻ ദൈവീകജ്ഞാനം നൽകി അനുഗ്രഹിക്കുകയും ചെയ്യണമേയെന്നു കണ്ണീരോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാവിധ രോഗപീഡകളിൽ നിന്നു സൗഖ്യവും പൈശാചിക സ്വാധീനങ്ങളിൽ നിന്ന് വിടുതലും ദീർഘായുസ്സും നൽകി ഞങ്ങളുടെ മക്കളെ അനുഗ്രഹിക്കണമെന്നു പ്രാർത്ഥിക്കുന്നു. ആമ്മേൻ.

1. സ്വർഗ്ഗ. 1. നന്മ. 1. ത്രിത്വ.

## മാതാവ് പഠിപ്പിച്ച പ്രാർത്ഥന

ക്രിസ്തുനാഥാ, പിതാവിന്റെ പുത്രാ, അങ്ങേ അരൂപിയെ ഇപ്പോൾ ഭൂമിയിലേയ്ക്കയക്കണമെ. എല്ലാ ജനപദങ്ങളുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവ് വസിക്കട്ടെ. അതുവഴി ധാർമ്മിക അധഃപതനം, ദുരന്തങ്ങൾ, യുദ്ധം, പൈശാചിക പീഡകൾ ആദിയായവയിൽ നിന്നും സംരക്ഷിക്കപ്പെടട്ടെ. യേശുവിന്റെ അമ്മയായ സർവ്വ ജനപഥങ്ങളുടെയും നാഥ, ഞങ്ങളുടെ അഭിഭാഷകയും സംരക്ഷകയുമായിരിക്കട്ടെ. ആമ്മേൻ.

## ബെനഡിക്ടിൻ ധ്യാനകേന്ദ്രത്തിൽ ധ്യാനിക്കുന്നവർക്കും ശുശ്രൂഷകർക്കും വേണ്ടിയുള്ള പ്രാർത്ഥന

കർത്താവായ ദൈവമേ! അങ്ങയുടെ തിരുവിഷ്ടപ്രകാരം സ്ഥാപിക്കപ്പെടുകയും അങ്ങയുടെ പരിശുദ്ധാത്മാവിനാൽ അത്ഭുതകരമായി നയിക്കപ്പെടുകയും ചെയ്യുന്ന ഈ ബെന ഡിക്ടിൻ ധ്യാനകേന്ദ്രത്തെ ഓർത്ത് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഈ ധ്യാനകേന്ദ്രം വഴി അനേകായിരങ്ങളെ നാളി തുവരെ രക്ഷയുടെ മാർഗ്ഗത്തിലേയ്ക്ക് അങ്ങു നയിച്ചുവല്ലോ.

ഈ ധ്യാനത്തിൽ പങ്കെടുക്കുന്ന ഞങ്ങളെ എല്ലാവ രേയും ഇനിയും ഇവിടെ വരാനിരിക്കുന്നവരെയും ധാരാളമായി അനുഗ്രഹിക്കണമെ. പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാന ങ്ങളും ഇവിടെ നിരന്തരം വർഷിക്കണമെ. യേശുവിന്റെ തിരു രക്തത്തിന്റെ ശക്തിയാൽ അത്ഭുതങ്ങളും അടയാളങ്ങളും ഇവിടെ നടക്കാൻ ഇടയാക്കണമെ.

ആദ്യനൂറ്റാണ്ടിൽ അങ്ങയുടെ അപ്പസ്തോലന്മാരുടെ മേൽ അഗ്നിനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവിനെ വർഷിച്ചതുപോലെ ഇപ്പോൾ ഞങ്ങളുടെ മേലും അരൂപിയെ അയയ്ക്കണമെ. ഇവിടെ ശുശ്രൂഷ ചെയ്യുന്ന എല്ലാവരേയും കാരുണ്യപൂർവ്വം കടാക്ഷിക്കണമെ. തീക്ഷ്ണതയുള്ള ധാരാളം

പ്രേഷിതരെ ഈ ധ്യാനകേന്ദ്രത്തിനായി നൽകണമേ. ദുഷ്ടാരൂപിയുടെ എല്ലാ ബന്ധനങ്ങളിൽനിന്നകറ്റി ഞങ്ങൾക്ക് ഓരോരുത്തർക്കും രോഗശാന്തിയും ആന്തരികസൗഖ്യവും വിശുദ്ധിയിലുള്ള വളർച്ചയും തന്ന് അനുഗ്രഹിക്കണമെ.

പരിശുദ്ധയമ്മേ, വി. യൗസേപ്പേ, വി. ബെനദിക്തോസെ, വി. മിഖായേലേ, സകലവിശുദ്ധരെ സ്വർഗ്ഗീയദൂതരേ ഞങ്ങൾക്കു സഹായമായി വരണമേ ആമ്മേൻ.

1. സ്വർഗ്ഗ. 1. നന്മ. 1 ത്രിത്വ.

## ബഹിഷ്കരണ പ്രാർത്ഥന

ഞങ്ങളുടെ കർത്താവും ദൈവവുമായ ഈശോമിശിഹായുടെ നാമത്തിൽ, ദൈവമാതാവായ അമലോത്ഭവകന്യകാമറിയത്തിന്റെയും, മുഖ്യദൂതനായ വി. മിഖായേലിന്റെയും, ശ്ലീഹന്മാരായ വി. പത്രോസിന്റെയും, വി. പൗലോസിന്റെയും മധ്യസ്ഥതയിൽ അഭയം ഗമിച്ച് (വൈദികരെങ്കിൽ, എന്റെ ശുശ്രൂഷാ പൗരോഹിത്യത്തിന്റെ പരിശുദ്ധ അധികാരത്തിന്റെ ശക്തിയാലും) പിശാചിന്റെ ആക്രമണത്തെയും വഞ്ചനകളെയും പരാജയപ്പെടുത്തുവാൻ ഞങ്ങൾ പ്രത്യാശാപൂർവ്വം ഒരുമ്പെടുന്നു.

1. ദൈവം എഴുന്നള്ളുമ്പോൾ അവിടുത്തെ ശത്രുക്കൾ ചിതറിക്കപ്പെടുന്നു. അവിടുത്തെ ദ്വേഷിക്കുന്നവർ പലായനം ചെയ്യുന്നു.
2. പുക മറഞ്ഞുപോകുന്നതുപോലെ അവർ അപ്രത്യക്ഷരാകുന്നു. തീയിൽ മെഴുക് എന്നതുപോലെ അവിടുത്തെ ശത്രുക്കൾ നശിക്കുന്നു. (സങ്കീ. 67)
3. കർത്താവിന്റെ കുരിശുകാണുമ്പോൾ ശത്രുക്കൾ ഭയപ്പെട്ടോടുന്നു.
4. യൂദാവംശത്തിന്റെ സിംഹം, ദാവീദിന്റെ സന്തതി, അവിടുന്ന് ശത്രുക്കളെയെല്ലാം കീഴടക്കി. (വെളി. 5:5)

5. കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ വർഷിക്കണമെ.

6. ഞങ്ങൾക്ക് അങ്ങയിലുള്ള വലുതായ പ്രത്യാശപോലെ.

(തുടർന്നുവരുന്ന പ്രാർത്ഥനയിലെ 33 കുരിശടയാളങ്ങളിൽ സ്വയം കുരുശു വരയ്ക്കുക. വൈദികരെങ്കിൽ ആശീർവ്വാദം നൽകുക.)

അശുദ്ധാത്മാക്കളെ + പൈശാചിക ശക്തികളെ + നാരകീയ ശത്രുക്കളെ + എല്ലാ വഞ്ചക സമൂഹങ്ങളെ + സാത്താന്റെ സംഘങ്ങളെ + ഗണങ്ങളെ + നിങ്ങൾ ആരായിരുന്നാലും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ നാമത്തിലും അവിടുത്തെ അധികാരത്തിലും ഞങ്ങൾ നിങ്ങളെ ബന്ധിച്ച് + ശാസിച്ച് + ബഹിഷ്ക്കരിക്കുന്നു. + ദൈവത്തിന്റെ തിരുസഭയിൽ നിന്നും ദൈവസാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടതും ദിവ്യ ചെമ്മരിയാടിന്റെ അമൂല്യരക്തത്താൽ പരിത്രാണം ചെയ്യപ്പെട്ടതുമായ മനുഷ്യാത്മാക്കളിൽ നിന്നും ബഹിഷ്കൃതനായി നീ പലായനം ചെയ്യുക + ഏറ്റം സൂത്രശാലിയായ നാരകീയ സർപ്പമേ, ഇനി ഒരിക്കലും മാനവകുലത്തെ വഞ്ചിക്കുവാനും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ മർദ്ധിക്കുവാനും അവരെ ഗോതമ്പുപോലെ കൊഴിക്കുവാനും നീ വ്യാമോഹിക്കേണ്ട + നിന്റെ അതിരറ്റ അഹന്തയിൽ ആരോട് തുല്യനാണെന്നു നീ അവകാശപ്പെടുന്നുവോ ആ അത്യുന്നത ദൈവം നിന്നോട് കൽപ്പിക്കുന്നു + ആ ദൈവം  എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നും, സത്യം ഗ്രഹിക്കണമെന്നും ആഗ്രഹിക്കുന്നു (1 തിമോ. 2:4). പിതാവായ ദൈവം നിന്നോടും കൽപ്പിക്കുന്നു. + പുത്രനായ ദൈവം നിന്നോടു കൽപ്പിക്കുന്നു. + പരിശുദ്ധാത്മാവായ ദൈവം നിന്നോട് കൽപ്പിക്കുന്നു. + നിന്റെ അസൂയ നിമിത്തം നീ മനുഷ്യവംശത്തിന് ചെയ്ത നാശത്തെ അതിലംഘിക്കുവാൻ ദൈവവചനമായ ക്രിസ്തു മനുഷ്യനായി അവതരിച്ച് മരണംവരെ അനുസരണമുള്ളവനായി ഞങ്ങളുടെ വംശത്തെ രക്ഷിച്ചു (ഫിലി. 2:8). തന്റെ സഭയെ ഉറപ്പുള്ള

പാറമേൽ സ്ഥാപിക്കുകയും ലോകാവസാനംവരെ എല്ലാ നാളു കളിലും അവളോടുകൂടി വസിക്കുന്നതിനാൽ (മത്താ. 28:30) നരകവാതിലുകൾ അവൾക്കെതിരായി പ്രബലപ്പെടുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്ത മിശിഹാ നിന്നോട് കൽപ്പിക്കുന്നു. + പരിശുദ്ധമായ കുരിശിന്റെ അടയാളം നിന്നോട് കൽപ്പിക്കുന്നു. + അപ്രകാരം തന്നെ ക്രിസ്തീയ വിശ്വാസസത്യങ്ങളുടെ ശക്തിയും നിന്നോട് കൽപ്പിക്കുന്നു. + മഹത്ത്വപൂർണ്ണയും ദൈവമാതാവും തന്റെ എളിമയിൽ ഉത്ഭവത്തിന്റെ പ്രഥമലക്ഷ ണത്തിൽത്തന്നെ അമലോത്ഭവയും, നിന്റെ ഗർവ്വിഷ്ഠമായ തലയെ തകർത്ത സ്വർഗ്ഗരാജ്ഞിയുമായ പരി. കന്യകാമറിയം നിന്നോട് കൽപ്പിക്കുന്നു. + വി. പത്രോസ് വി. പൗലോസ് ശ്ലീഹ ന്മാരുടെയും മറ്റ് അപ്പസ്തോലന്മാരുടെയും വിശ്വാസം നിന്നോട് കൽപ്പിക്കുന്നു. + വേദസാക്ഷികളുടെയും എല്ലാ വിശുദ്ധന്മാ രുടെയും പ്രത്യേകിച്ച് ......ടെയും ഭക്തിപൂർവ്വമായ മദ്ധ്യസ്ഥ തയും നിന്നോട് കൽപ്പിക്കുന്നു.

ഇപ്രകാരം ശപിക്കപ്പെട്ട ഭീകരസർപ്പമേ + പൈശാചിക സമൂഹങ്ങളെ + സജീവദൈവനാമത്തിൽ + സത്യദൈവനാമ ത്തിൽ + പരിശുദ്ധമായ ദൈവനാമത്തിൽ + തന്റെ ഏകപുത്ര നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചു പോകാതെ ഏകജാ തനെ നൽകുവാൻ തക്കവണ്ണം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവനാമത്തിൽ (യോഹ 3:16) ഞങ്ങൾ നിങ്ങളെ ശപിക്കുന്നു. + മനുഷ്യരെ വഞ്ചിക്കുകയും, അവരിൽ നിത്യ നാശത്തിന്റെ വിഷം വർഷിക്കുകയും, സഭയെ ഉപദ്രവിക്കുക യും, അവളുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കുവാൻ നിങ്ങളോട് ഞങ്ങൾ കൽപ്പിക്കുന്നു. + സകല വഞ്ചനയുടെയും ഉപജ്ഞാതാവും ഉടമയും മനുഷ്യ രക്ഷയുടെ ശത്രുവുമായ സാത്താനെ നീ പോവുക + നിന്റെ പ്രവർത്തനങ്ങൾ യാതൊന്നും മിശിഹായിൽ ഇല്ല. അവിടു ത്തേയ്ക്ക് നീ ആധിപത്യം നൽകുക. + അവിടുത്തെ തിരുര ക്തത്തിന്റെ വിലയാൽ വീണ്ടെടുത്ത ഏകവും, പരിശുദ്ധവും,

കാതോലികവും, അപ്പസ്തോലികവുമായ തിരുസഭയുടെ മുമ്പാകെ നീ മാറിക്കൊടുക്കുക + ദൈവത്തിന്റെ സർവ്വശക്ത മായ കരങ്ങളിൽ നീ അമരുക + ഞങ്ങൾ ഈശോമിശിഹാ യുടെ പരിപാവനവും ഭയജനകവുമായ തിരുനാമം വിളിച്ച പേക്ഷിക്കുന്നത് കേട്ട് ഭയന്നു വിറച്ച് നീ പാലായനം ചെയ്യുക. + സ്വർഗ്ഗദൂതഗണങ്ങളായ ബലവത്തുക്കളും, നാഥകൃത്യന്മാ രും, ഭദ്രാസനന്മാരും സവിനയം ഈ തിരുനാമത്തോട് വിധേ യത്വമുള്ളവരാണ്. ക്രോവേന്മാരും സ്രാപ്പേന്മാരും നിരന്തരം ഈ തിരുനാമത്തെ പരിശുദ്ധൻ, പരിശുദ്ധൻ സൈന്യങ്ങളുടെ ദൈവമായ കർത്താവ് പരിശുദ്ധൻ എന്നു പാടി സ്തുതിക്കുന്നു.

1. കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമെ.
2. എന്റെ നിലവിളി അങ്ങേ പക്കലെത്തട്ടെ.
1. കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.
2. അങ്ങയുടെ (നിങ്ങളുടെ) ആത്മാവോടും കൂടിയുണ്ടായിരി ക്കട്ടെ.

**നമുക്ക് പ്രാർത്ഥിക്കാം**

സ്വർഗ്ഗസ്ഥനായ ദൈവമേ, ഭൂമിയെ പാലിക്കുന്ന കർത്താവേ, മാലാഖമാരുടെയും മുഖ്യദൂതരുടെയും പൂർവ്വപി താക്കന്മാരുടെയും, പ്രവാചകന്മാരുടെയും അപ്പസ്തോലന്മാരു ടെയും, വേദസാക്ഷികളുടെയും ദൈവമേ, മരണാനന്തരം ജീവനും ജോലിക്കുശേഷം വിശ്രമവും നൽകുവാൻ ശക്തനായ ദൈവമേ, അങ്ങല്ലാതെ വേറെ ദൈവമില്ല. ഉണ്ടാകുവാനും സാദ്ധ്യമല്ല. എന്തെന്നാൽ അങ്ങ് ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സൃഷ്ടാവാണ്. അങ്ങയുടെ മഹത്ത്വപൂർണ്ണ മായ തിരുസന്നിധിയിൽ വിനയപൂർവ്വം സാഷ്ടാംഗപ്രണാമം ചെയ്യുന്നു. അങ്ങയുടെ ശക്തിയാൽ നാരകീയ അരൂപികളുടെ ആധിപത്യത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. ആമ്മേൻ.

## ബന്ധനവിമുക്ത പ്രാർത്ഥന

ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ശക്തിയുള്ള നാമത്തിൽ, അവിടുത്തെ തിരുശരീരരക്തങ്ങളുടെ യോഗ്യതയാൽ എല്ലാ അന്ധകാരശക്തികളും പൈശാചിക ബന്ധനങ്ങളും, ദുശ്ശീലങ്ങളും ഞങ്ങളെ വിട്ടുപോകട്ടെ. ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. അന്ധകാര ശക്തികൾക്ക് ഞങ്ങളുടെമേൽ അധികാരമില്ല. ഞങ്ങൾ യേശുക്രിസ്തുവിന്റേതാണ്. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ കല്പിക്കുന്നു. ഞങ്ങളെയും കുടുംബാംഗങ്ങളെയും സഹപ്രവർത്തകരെയും ബാധിച്ചിരിക്കുന്ന രോഗത്തിന്റെയും തകർച്ചയുടെയും ദുശ്ശീലങ്ങളുടെയും ദുരാത്മാക്കളെ പുറത്തുവരുക. യേശുക്രിസ്തുവിന്റെ കുരിശിന്റെ കീഴെ ഈ ദുരാത്മാക്കൾ ബന്ധിക്കപ്പെടട്ടെ. ഒരിക്കലും തിരിച്ചുവരാനാവാത്തവിധം നിർവീര്യമാക്കപ്പെടട്ടെ. തിരുരക്തത്താൽ കഴുകി ഞങ്ങളെയും ഞങ്ങൾക്കുള്ളവരെയും ശുദ്ധീകരിക്കണമെ. വിശുദ്ധ കുരിശിന്റേയും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ മിഖായേലിന്റെയും സകല മാലാഖമാരുടെയും സകല വിശുദ്ധരുടെയും മദ്ധ്യസ്ഥതയും വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ അപേക്ഷകളും ഞങ്ങൾക്ക് അഭയവും കോട്ടയുമായിരിക്കട്ടെ. വിശുദ്ധ ബെനഡിക്ടിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും വിശുദ്ധ ഗീവർഗ്ഗീസിന്റെയും മദ്ധ്യസ്ഥതയും സകല അപ്പസ്തോലന്മാരുടെയും സകല രക്തസാക്ഷികളുടെയും പ്രാർത്ഥനാസഹായവും ഞങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ. യേശുവിന്റെ ശക്തിയുള്ള നാമത്തിൽ അസൂയയുടെയും, അഹങ്കാരത്തിന്റെയും അലസതയുടെയും, ശത്രുതയുടെയും, വെറുപ്പിന്റെയും, കോപത്തിന്റെയും, ആസക്തികളുടെയും എല്ലാ ബന്ധനങ്ങളും ഞങ്ങളിൽ നിന്ന് അകന്നുപോകട്ടെ. കർത്താവായ യേശുക്രിസ്തു നിത്യജീവനിലേക്കും രക്ഷയുടെ പൂർണ്ണതയിലേക്കും ഞങ്ങളെ നയിക്കുമാറാകട്ടെ.

യേശുവേ സ്തോത്രം..... യേശുവേ നന്ദി.... യേശുവേ ആരാധന (അല്പനേരം സ്തുതിക്കുക)

## വി. അൽഫോൻസാമ്മയോടുള്ള പ്രാർത്ഥന

ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയ രഹസ്യങ്ങളിൽ പങ്കുചേരുവാൻ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ അൽഫോൻസാമ്മേ, വിശുദ്ധിയിൽ വളർന്ന് സ്വർഗ്ഗീയമഹത്ത്വത്തിന്റെ കിരീടമണിയുവാൻ നിനക്കു ഭാഗ്യമുണ്ടായല്ലോ. ഭാരതസഭയുടെ അലങ്കാരമായ നിന്റെ പക്കൽ ഞങ്ങളുടെ മാതൃരാജ്യത്തെയും ഞങ്ങൾ ഓരോരുത്തരെയും തിരുസഭയെയും ഭരമേൽപ്പിക്കുന്നു.

ഓ! സഹനത്തിന്റെ പുത്രീ, ഞങ്ങൾ നിന്റെ മാതൃക അനുകരിച്ച് ഞങ്ങളുടെ കഷ്ടപ്പാടുകളിലെല്ലാം ദൈവപരിപാലന കാണുവാനും അവിടുത്തെ തിരുമനസിനു കീഴ്‌വഴങ്ങി ജീവിക്കുവാനും അവസാനം നിന്നോടുകൂടി സ്വർഗ്ഗത്തിലെത്തിച്ചേരുവാനുംവേണ്ട അനുഗ്രഹവും പ്രത്യേകിച്ച് ........ (ആവശ്യം പറയുക) ഞങ്ങൾക്കു സാധിച്ചുതരണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## വി. കുരിശിന്റെ പ്രാർത്ഥന

ഓ! ആരാധ്യനായ ദൈവമേ, രക്ഷകനായ യേശുക്രിസ്തുവേ, അങ്ങു ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ചുവല്ലോ! വിശുദ്ധ കുരിശേ! എന്റെ സത്യപ്രകാശമായിരിക്കണമെ. ഓ! വിശുദ്ധ കുരിശേ! എന്റെ ആത്മാവിനെ സത്ചിന്തകൾകൊണ്ട് നിറയ്ക്കണമേ. ഓ! വിശുദ്ധ കുരിശേ! എല്ലാ തിന്മകളിൽ നിന്നും എന്നെ മോചിപ്പിക്കേണമേ. ഓ! വിശുദ്ധ കുരിശേ! എല്ലാ അപകടങ്ങളിൽ നിന്നും പെട്ടെന്നുള്ള മരണത്തിൽ നിന്നും എന്നെ രക്ഷിക്കണമെ. എനിക്കു നിത്യജീവൻ നൽകണമെ. ഓ! ക്രൂശിതനായ നസ്രായക്കാരൻ യേശുവേ! ഇപ്പോഴും എപ്പോഴും എന്റെമേൽ കരുണയുണ്ടാകണമെ.

നിത്യജീവിതത്തിലേക്ക് നയിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ തിരുരക്തത്തിന്റെയും മരണത്തിന്റെയും ഉയിർപ്പിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും പൂജിത ബഹുമാനത്തിനായി യേശു, ക്രിസ്തുമസ് ദിവസം ജനിച്ചുവെന്നും ദുഃഖവെള്ളിയാഴ്ച അവിടുന്ന് കുരിശിൽ തൂങ്ങി മരിച്ചുവെന്നും നിക്കദേമൂസും യൗസേപ്പും കർത്താവിന്റെ തിരുശരീരം കുരിശിൽ നിന്നിറക്കി സംസ്ക്കരിച്ചുവെന്നും അവിടുന്ന് സ്വർഗ്ഗാരോഹിതനായി എന്നും ഞങ്ങൾ വിശ്വസിക്കുന്നു. കാണപ്പെടുന്നതും കാണപ്പെടാത്തതുമായ എല്ലാ ശത്രുക്കളിൽ നിന്നും എന്നെ സംരക്ഷിക്കണമെ. കർത്താവായ യേശുവേ, എന്നിൽ കനിയണമെ. പരി. അമ്മേ, വിശുദ്ധ യൗസേപ്പു പിതാവേ, എനിക്കു വേണ്ടി പ്രാർത്ഥിക്കണമെ. ഭയംകൂടാതെ കുരിശുവഹിക്കുവാനുള്ള ശക്തി അങ്ങയുടെ കുരിശിന്റെ സഹനത്തിലൂടെ എനിക്കു നൽകണമെ. അങ്ങയെ അനുഗമിക്കുവാനുള്ള കൃപാവരം എനിക്കു നൽകണമെ. ആമ്മേൻ.

## വിശുദ്ധ ബെനഡിക്ടിന്റെ നൊവേന

### ആമുഖഗാനം

സ്വർഗ്ഗത്തിൽനിന്നും നീ പുഞ്ചിരിച്ചാലും
സ്വർഗ്ഗീയ പുഷ്പങ്ങൾ വർഷിച്ചാലും
സുവിശേഷമലരുകൾ വിതറിയാലും
ബെനദിക്തോസ് താതാ നിൻ ശക്തിമൂലം

നിൻ ദിവ്യ ശക്തിയാൽ പ്രാർത്ഥനയാൽ
തൻ ഭക്തിജ്വാലയാൽ സുകൃതങ്ങളാൽ
വളർന്നു വന്നല്ലോ ഈ സ്വര ഗംഗയിൽ
ക്രിസ്തുവിൻനാമവും സുവിശേഷവും

എന്നും ഞങ്ങൾ നിൻ കൈവിളക്കാൽ
ലോകമാമീക്കടൽ നീന്തിടുവാൻ
സഹോദരസ്നേഹം വളർന്നിടുവാനായ്
നിന്നാത്മ ശക്തിയാൽ സ്മരിച്ചിടണേ

സ്നേഹപിതാവാകും സ്വർഗ്ഗതാതാ
സ്തുതിസ്തോത്രമാലകൾ നിനക്കു നേരാം
പുത്രനും റൂഹായ്ക്കും മേലിലെന്നും
സ്തുതിയും വണക്കവും നേർന്നിടുന്നേൻ

**കാർമ്മി:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി

**സമൂഹം:** ആമ്മേൻ

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...
(സമൂഹവും കൂടി ചൊല്ലുന്നു.)

**കാർമ്മി:** സർവ്വശക്തനും കാരുണ്യവാനുമായ പിതാവേ അങ്ങയുടെ പുത്രന്റെ തിരുനാമത്തിൽ ഒരുമിച്ച് കൂടിയിരിക്കുന്ന ഞങ്ങൾക്ക് പ്രത്യേക മദ്ധ്യസ്ഥനും സഹായകനുമായി വി. ബെനഡിക്ടിനെ നൽകുവാൻ അങ്ങ് തിരുമനസ്സായല്ലോ. ഈശോയുടെ വിശ്വസ്തദാസനും സന്യാസസഭകളുടെ പിതാവും പൈശാചിക ശക്തികളുടെ പേടിസ്വപ്നവും തപോധനനുമായ ഈ വിശുദ്ധനിലൂടെ ആദ്ധ്യാത്മികവും ഭൗതീകവുമായ എല്ലാ ആവശ്യങ്ങളിലും സഹായം തേടുന്നതിനുള്ള കൃപാവരം ഞങ്ങൾക്ക് നൽകേണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.
**സമൂഹം: ആമ്മേൻ**

**നവനാൾ ജപം**

പ്രസാദവരത്താലും നാമധേയത്താലും/ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനും/ അശരണരുടെ മദ്ധ്യസ്ഥനും/ അന്ധകാരത്തിൽ പ്രകാശവും/ രോഗികൾക്ക് ആശ്വാസവും/ സന്യാസത്തിന്റെ മാതൃകയുമായ/ വിശുദ്ധ ബെനഡിക്ടേ/ ഞങ്ങൾ അങ്ങയെ വണങ്ങുന്നു. തപോനിഷ്ഠമായ ജീവിതത്തിന്റെയും/ ജീവിതവിശുദ്ധിയുടെയും/ മാതൃകയായ പിതാവേ/ തിന്മയുടെ ശക്തികളിൽ നിന്നും/ പൈശാചിക ബന്ധനങ്ങളിൽ നിന്നും /വിശുദ്ധ കുരിശിന്റെ ശക്തിയാൽ/ മോചനം പ്രാപിക്കുവാൻ/ അങ്ങു ഞങ്ങൾക്കു തുണയായിരിക്കണമെ/ ദാരിദ്ര്യവും രോഗങ്ങളും/ കഷ്ടതകളും നിറഞ്ഞ ജീവിതത്തിൽ / വിശ്വാസത്തിലും പ്രത്യാശയിലും/ സ്നേഹത്തിലും മുന്നേറുവാൻ/ ഞങ്ങളെ സഹായിക്കണമേ. അനുദിന ജീവിതത്തിലെ/ ഞങ്ങളുടെ ആവശ്യങ്ങളും അപേക്ഷകളും/ അങ്ങേപ്പക്കൽ ഞങ്ങൾ സമർപ്പിക്കുന്നു. പ്രത്യേകമായി ഞങ്ങൾ യാചിക്കുന്ന ഈ അനുഗ്രഹം......ദൈവതിരുമനസിന് ഉതകുന്നതെങ്കിൽ/ അങ്ങയുടെ ശക്തിയേറിയ മാദ്ധ്യസ്ഥത്താൽ/ ഞങ്ങൾക്ക് വാങ്ങി തരണമെന്ന്/ താഴ്മയോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ദൈവവചന വായന

(ഉചിതമായ ഭാഗങ്ങൾ തെരഞ്ഞെടുത്തു വായിക്കുക)

**പ്രസംഗം**

**സാർവ്വത്രിക പ്രാർത്ഥന**

**കാർമ്മി:** പ്രിയ സഹോദരരേ, വി. ബെനഡിക്ടിന്റെ മാദ്ധ്യസ്ഥ്യം വഴി, നമ്മുടെയും സമസ്തലോകത്തിന്റെയും ആവശ്യങ്ങൾക്കായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

തിരുസഭയുടെ അധിപനായ (N.N) മാർപാപ്പയേയും അദ്ദേഹത്തിന്റെ സഹകാരികളായ മെത്രാന്മാരേയും വൈദികരേയും, സഭയെ ധീരമായി നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ സഹായിക്കണമെന്ന്, കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലോകരാഷ്ട്രങ്ങൾ സമാധാനത്തിലും സഹകരണത്തിലും കഴിയുവാനും, ഐശ്വര്യവും സമൃദ്ധിയും ലോകത്തിൽ നിറയുവാനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ഭാരതം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കുവാനും അവളുടെ ഭരണാധികാരികൾ ദൈവമഹത്ത്വത്തിനും മനുഷ്യക്ഷേമത്തിനും വേണ്ടി തങ്ങളുടെ കഴിവും അധികാരവും വിനിയോഗിക്കുവാനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലോകം മുഴുവനും വി. ബെനഡിക്ടിനെ അറിയുന്നതിനും ഈ പുണ്യാത്മാവിന്റെ മദ്ധ്യസ്ഥതയാൽ ആത്മീകവും ശാരീരികവുമായ നിരവധി അനുഗ്രഹങ്ങൾ പ്രാപിച്ച് നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കുവാനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ആരോഗ്യവാന്മാർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യമെന്നരുൾചെയ്തുകൊണ്ട് വിവിധ രോഗങ്ങളാൽ

പീഡിതരായിരുന്നവരെ സൗഖ്യമാക്കിയ കർത്താവേ, വി. ബെനഡിക്ടിന്റെ സുകൃതങ്ങളിൽ ശരണപ്പെടുന്ന എല്ലാ രോഗികളെയും സുഖമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ദാരിദ്ര്യവും രോഗവും വേദനകളും പ്രയാസങ്ങളും മൂലം നിരാശയിൽപ്പെടാതെ, അവയെല്ലാം ദൈവമഹത്വത്തിനും, പുണ്യാഭിവൃദ്ധിയ്ക്കും ആത്മരക്ഷയ്ക്കുമുള്ള ഉപാധികളാക്കി മാറ്റുവാനുള്ള അനുഗ്രഹം ഏവർക്കും നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ഞങ്ങളുടെ ബന്ധുക്കളേയും, മിത്രങ്ങളേയും, അയൽക്കാരെയും ഉപകാരികളെയും പ്രത്യാശയോടെ അങ്ങയെ സമീപിക്കുന്ന എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വി. ബെനഡിക്ടിന്റെ മാദ്ധ്യസ്ഥം വഴി ലഭിച്ചിട്ടുള്ള എല്ലാ നന്മകൾക്കുമായി ഞങ്ങൾ അർപ്പിക്കുന്ന കൃതജ്ഞതാനിർഭരമായ സ്തുതികളും സ്തോത്രങ്ങളും കനിവോടെ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

## കർതൃപ്രാർത്ഥന

**കാർമ്മി:** ക്രിസ്തുനാഥൻ നമുക്കു നൽകിയ പ്രബോധനമനുസരിച്ച് ഏകസ്വരത്തിൽ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം. (മറ്റേതെങ്കിലും ഉചിതമായ ആമുഖമുപയോഗിക്കാവുന്നതാണ്.)

**കാർമ്മി + സമൂഹം:** സ്വർഗ്ഗസ്ഥനായ............

## രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

**കാർമ്മി:** നമ്മുടെ സഹായം കർത്താവിന്റെ നാമത്തിലാകുന്നു.

**സമൂഹം:** ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിൽ.

**കാർമ്മി:** കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ

**സമൂഹം:** എന്റെ യാചനയുടെ സ്വരം അങ്ങേ കാതുകളിൽ എത്തട്ടെ.

**കാർമ്മി:** കർത്താവിന്റെ സമാശ്വാസം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

**സമൂഹം:** അങ്ങയോടും കൂടെ.

**കാർമ്മി:** നമുക്കു പ്രാർത്ഥിക്കാം.

**കാർമ്മി:** (സമൂഹത്തിനുമേൽ കൈവിരിച്ചു പിടിച്ചുകൊണ്ടു ചൊല്ലുന്നു.) ദയാനിധിയായ കർത്താവേ, ശാരീരികവും മാനസികവുമായ വേദനയനുഭവിക്കുന്ന നിന്റെ ദാസരിൽ കനിയണമേ. അങ്ങയുടെ വത്സലദാസനായ വി. ബെനഡിക്ടിന്റെ സഹായം അപേക്ഷിക്കുന്ന ഇവരെല്ലാവരും ഈ വിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ എല്ലാ വിഷമതകളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും മോചനം പ്രാപിക്കുവാൻ കൃപയരുളണമേ. വിശ്വാസത്തിൽ സ്ഥിരപ്പെട്ട് ഇവർ അങ്ങയുടെ കാരുണ്യത്തിനും സ്നേഹത്തിനും സാക്ഷികളായിത്തീരുവാൻ ഇടയാകട്ടെ.

സർവ്വശക്തനായ ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവും നിങ്ങളിൽ കനിഞ്ഞ്, എല്ലാ അസ്വസ്ഥതകളിൽ നിന്നും മോചിതരാക്കി നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും. (സമൂഹത്തെ ആശീർവ്വദിക്കുന്നു)

**സമൂഹം:** ആമ്മേൻ

**സമാപനഗാനം**

സ്വർഗ്ഗീയതാരകമേ, സ്വർഗ്ഗീയമാതൃകയേ
സുകൃതങ്ങൾക്കെന്നും ആധാരമേ,
ബെനദിക്തോസ് താതാ പ്രാർത്ഥിച്ചീടണമേ
ഇന്നുമെന്നേരവും എക്കാലവും

സമ്പത്ത് വലയങ്ങൾ നൈമിഷികം
ആരാധകവൃന്ദമോ നിഴലുകളും
തിരഞ്ഞെടുക്കപ്പെട്ടോർ ഞങ്ങളിന്ന്
തീരുമാനങ്ങളെ പുതുക്കിടുന്നു.

തിരയും തീരവും കടന്നുവന്നോർ ഞങ്ങൾ
ഈ ലോകസുഖങ്ങളും വെടിഞ്ഞവരും
ദൈവാരൂപിയിൽ വളർന്നിടുവാൻ
ധ്യാനിച്ചു പിഞ്ചെല്ലാൻ നീ കനിയൂ

സ്വർഗ്ഗീയപാതയിൽ ചരിച്ചിടാം നാം
സ്വർഗ്ഗീയാനുഭൂതി രുചിച്ചറിയാം.
നൈർമല്യോം നീതിയും കൈവരിക്കാം
ദൈവസായൂജ്യവും രുചിച്ചറിയാം.

കഷ്ടനഷ്ടങ്ങളെ മറന്നിടുകിൽ
സന്തോഷചിത്തരായ് നമുക്കുയരാം
സ്വർഗ്ഗീയപാതയിൽ വളർന്നു നമ്മൾ
ദൈവരാജ്യത്തിന്റെ മക്കളാകാം.

ദൈവപിതാവിനു സ്തുതിസ്തോത്രങ്ങൾ
തൻപ്രിയ സൂനുവിനു സ്തുതിസ്തോത്രങ്ങൾ
പരിശുദ്ധാത്മാവിനും നൽസ്തുതികൾ
എന്നുമെന്നേരവും എക്കാലവും.

## വിശുദ്ധ ബെനഡിക്ടിന്റെ ജീവചരിത്രസംക്ഷേപം

അഞ്ചാം നൂറ്റാണ്ടിൽ ബാർബേറിയനിസം സഭയേയും യൂറോപ്പിനെയും ആകമാനം ആക്രമിച്ചു കീഴടക്കിക്കൊണ്ടിരുന്ന അവസരത്തിൽ, സംസ്കാരത്തിന്റെയും ദൈവവിശ്വാസത്തിന്റെയും തിരികൊളുത്തിക്കൊണ്ട് തിന്മയുടെ ശക്തികളെ തുരത്തുവാനായി A.D. 480-ൽ ഇറ്റലിയിലെ നൂർസിയായിൽ ഒരു കുലീനകുടുംബത്തിലെ അംഗമായി ബെനഡിക്ട് ഭൂജാതനായി. സമ്പൽസമൃദ്ധമായ സാഹചര്യങ്ങളാലും ബൗദ്ധികവും മാനസികവുമായ കഴിവുകളാലും അലംകൃതനായിരുന്ന ബെനഡിക്ട് ഉന്നത വിദ്യാഭ്യാസത്തിനായി റോമിലേയ്ക്കയക്കപ്പെട്ടു. എന്നാൽ അന്ന് ലോക തലസ്ഥാനമായി കണക്കാക്കപ്പെട്ടിരുന്ന റോമാനഗരത്തിൽ നടമാടിയിരുന്ന ലൗകികതയുടേയും, അസന്മാർഗ്ഗികതയുടെയും വിഷധൂമം നിറഞ്ഞ അന്തരീക്ഷം, അദ്ദേഹത്തെ അവയ്ക്കെതിരായി പടപൊരുതുവാൻ വേണ്ട ദൈവീകശക്തി ആർജ്ജിക്കുന്നതിനായി ഏകാന്തത നിറഞ്ഞ വനാന്തരങ്ങളിലേക്ക് തിരിച്ചുവിട്ടു.

സുബിയാക്കോ എന്ന സ്ഥലത്തെ വനാന്തരങ്ങളിൽ പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും മൂന്നുവർഷം ഏകാന്തതയിൽ കഴിഞ്ഞ ബെനഡിക്ടിന് അതു തുടരുവാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ കീർത്തി ചുറ്റുപാടും പരക്കുവാൻ തുടങ്ങിയതോടെ ആദ്ധ്യാത്മികതയും, സംസ്കാരവും, വിജ്ഞാനവും തേടി തന്റെ ചുറ്റും കൂടിയ ശിഷ്യന്മാരെ തിരസ്കരിക്കുവാൻ ബെനഡിക്ടിന് സാധിക്കുമായിരുന്നില്ല. കുലീനരും ധനവാന്മാരുമായ റോമൻ പൗരന്മാർ തങ്ങളുടെ പുത്രന്മാരെ ബെനഡിക്ടിന്റെ ശിക്ഷണത്തിൽ ഏൽപ്പിക്കാൻ തുടങ്ങി. അങ്ങനെ, ബെനഡിക്ട് "ദൈവസേവനപാഠശാല" എന്ന് താൻ തന്നെ വിളിച്ച 12 ആശ്രമങ്ങൾ സുബിയാക്കോയിലും പരിസര

ങ്ങളിലുമായി സ്ഥാപിച്ചു. അവയുടെ ദിനചര്യയ്ക്കടിസ്ഥാന മായി അദ്ദേഹം നിർദ്ദേശിച്ച തത്വസംഹിത വളരെ ലളിതവും അതേസമയം വളരെ ഗഹനവുമായ ഒന്നായിരുന്നു. "പ്രാർത്ഥി ക്കുക; പ്രവർത്തിക്കുക" ഇന്നും ബെനഡിക്ടിൻ സഭയുടെ അടിസ്ഥാനതത്വമായി ഇതു നിലകൊള്ളുന്നു. ഈ രണ്ടു പ്രാഥ മിക ക്രിസ്തീയ ബോധനങ്ങൾവഴി യൂറോപ്പിനെ ബാർബേറി യനിസത്തിന്റെ അന്ധകാരത്തിൽനിന്ന്, വിജ്ഞാനത്തിന്റെയും, സംസ്കാരത്തിന്റെയും, അതിലുപരിയായി ആദ്ധ്യാത്മികതയു ടേയും പ്രകാശത്തിലേക്ക് നയിക്കുവാൻ ബെനഡിക്ടിന് സാധിച്ചു.

പ്രാർത്ഥനയുടെയും, പ്രായ്ശ്ചിത്തത്തിന്റേയും പരസ്നേഹ പ്രവർത്തികളുടേയും ദിവ്യപ്രഭയാൽ പൂരിതമാ യിരുന്ന ആ ജീവിതം 547 മാർച്ച് 21-ന് അവസാനിച്ചു. പക്ഷേ അതവസാനിക്കുകയായിരുന്നില്ല, സത്യത്തിൽ ആരംഭിക്കുക യായിരുന്നു. അദ്ദേഹത്തിന്റെ അരൂപി ആവാഹിച്ചുകൊണ്ട്, അന്ന് അദ്ദേഹം രൂപം കൊടുത്ത ആ ചെറുസമൂഹം വളർന്ന് പടർന്ന് ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും വിജ്ഞാനത്തി ന്റെയും ആദ്ധ്യാത്മികതയുടേയും വെളിച്ചം വീശിക്കൊണ്ട്, ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ദീപശിഖ കളായി നിലകൊള്ളുന്നു.

ബെനഡിക്ട് രചിച്ച വിശ്വവിഖ്യാതമായ 'നിയമാവലി' ഉത്തമ ക്രിസ്തീയ സമൂഹത്തിനൊരു മാർഗ്ഗദർശിയായി ഇന്നും പ്രഭ മങ്ങാതെ ആദ്ധ്യാത്മിക പ്രചോദനമരുളുന്നു. പതിനഞ്ചു നൂറ്റാണ്ടുകാലം അസംഖ്യം വ്യക്തികൾക്ക് മാർഗ്ഗദർശി യായിരുന്ന ആ നിയമാവലിയ്ക്കും, അതിന്റെ വിശുദ്ധനായ രചയിതാവിനും ഇനിയും അനേകം അനുയായികളെ ദൈവം നൽകട്ടെ.

## വി. ബെനഡിക്ടിന്റെ മെഡൽ

കത്തോലിക്കാ തിരുസഭയിൽ ഉപയോഗിക്കുന്ന മെഡലുകളിൽ വെച്ച് ഏറ്റവും പുരാതനവും സമാദരണീയവുമായ ഒന്നാണ് വി. ബെനഡിക്ടിന്റെ മെഡൽ. ഇതിന്റെ ഒരു വശത്ത് ആലേഖനം ചെയ്തിരിക്കുന്ന വി. കുരിശാണ് ഇതിന്റെ പ്രത്യേകത. ഈ മെഡൽ ഭക്തിപൂർവ്വം ധരിക്കുന്നവർക്ക്, അവരുടെ ആവശ്യങ്ങളിൽ അനുഭവവേദ്യമാകുന്ന ശക്തിയും ആശ്വാസവും ദൈവസഹായവും അത്ഭുതാവഹമാണ്. ഇക്കാരണത്താലാണ് ഈ മെഡൽ ലോകമെമ്പാടും വിഖ്യാതമായതും കൂദാശാനുകരണങ്ങളിൽ ഒന്നായി വിലമതിക്കപ്പെടുന്നതും.

### മെഡലിന്റെ ഉത്ഭവം

മുപ്പതിലേറെ മാർപ്പാപ്പമാരേയും അമ്പതിനായിരത്തിലധികം വിശുദ്ധരേയും തിരുസഭയ്ക്ക് പ്രദാനം ചെയ്ത് കീർത്തിയാർജ്ജിച്ച ബെനഡിക്റ്റിൻ സന്യാസ സഭയുടെ സ്ഥാപകനാണ് വി. ബെനഡിക്ട്. ഇറ്റലിയിലെ നൂർസിയായിൽ എ.ഡി. 480–ൽ ഭൂജാതനായി. എ.ഡി. 547–ൽ മൊന്തേ കസിനോയിൽവെച്ച് ദിവംഗതനാകുകയും ചെയ്തു. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ വി. കുരിശിനോട് അത്യഗാധമായ ഭക്തി പുലർത്തിയിരുന്ന ആ വലിയ വിശുദ്ധൻ വി. കുരിശുവഴി അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. നമ്മുടെ വീണ്ടെടുപ്പിന്റെ (രക്ഷയുടെ) ചിഹ്നമായ വി.കുരിശിനോട് അത്യന്തം ആദരവ് ഉണ്ടായിരിക്കുവാനും മനുഷ്യരക്ഷയ്ക്ക് വിഘാതമായി നിൽക്കുന്ന ത്രിവിധ ശത്രുക്കൾ–ലോകം, പിശാച്, ശരീരം എന്നിവയോട് പോരാടുന്നതിന് കുരിശിന്റെ ഉപയോഗത്തിൽ അഭയം ഗമിക്കുന്നതിനും തന്റെ അനുയായികളെ അദ്ദേഹം പഠിപ്പിച്ചു.

### മെഡലിന്റെ മുൻവശം

മെഡലിന്റെ മുൻവശം പ്രതിനിധീകരിക്കുന്നത് ഒരു കയ്യിൽ വി. കുരിശും മറുകൈയിൽ വി. നിയമവുമേന്തി നിൽക്കുന്ന വി. ബെനഡിക്ടിനെയാണ്. വിശുദ്ധന്റെ പാദത്തിൻ കീഴിലായി രേഖപ്പെടുത്തിയിരിക്കുന്നു:– EX SM Casino, MDCCCLXXX. (കാസിനോ മലയിൽ നിന്ന് 1880–ൽ ലഭിച്ചത്) മെഡലിലെ മാർജിനിനുള്ളിലായി കൊത്തിയിരിക്കുന്ന Ejus in obitu nostro presentia muniamur – നമ്മുടെ മരണവിനാഴികയിൽ അവന്റെ (കുരിശിൽ മരിച്ചവന്റെ) സാന്നിദ്ധ്യം നമ്മെ സംരക്ഷിക്കട്ടെ.

### മെഡലിന്റെ മറുവശം

നമ്മുടെ രക്ഷയുടെ അടയാളമായ കുരിശാണ് മറുപുറ ത്തുള്ളത്. കുരിശിന്റെ നെടുകെയുള്ള തണ്ടിൽ C.S.S.M.L. (Crux Sacra Sit Mihi Lux) വി. കുരിശ് എനിക്ക് വെളിച്ചമായിരിക്കട്ടെ യെന്നും കുറുകെയുള്ള തണ്ടിൽ N.D.S.M.D. (Non Draco Sit Mihi Dux) സാത്താൻ നിന്റെ വഴികാട്ടിയാകാതിരിക്കട്ടെ എന്നും രേഖ പ്പെടുത്തിയിരിക്കുന്നു. കുരിശിന്റെ നാലു ഭാഗത്തുമായി കാണുന്ന CSPB എന്ന വലിയ അക്ഷരങ്ങൾ (Crux Sancti Patris Benedicti) വി. ബെനഡിക്റ്റ് പിതാവിന്റെ കുരിശ് എന്ന് സൂചി പ്പിച്ചിരിക്കുന്നു.

കുരിശിന്റെ മുകളിലെ PAX “സമാധാനം” എന്നാണ്. ബെന ഡിക്ടിൻ ജീവിത പാതയുടെ ലക്ഷ്യവും അന്ത്യഫലവും വ്യക്തമാക്കുന്നു. മെഡലിന്റെ ചുറ്റുമായി V.R.S.N.S.M.V., S.M.Q.L.V.B. (Vade Retro Satana; numquam suade mihivana സാത്താനേ നീ പിന്നിൽ പോകൂ, വ്യർത്ഥ ചിന്തകൾ എനിക്ക് നിർദ്ദേശിക്കരുത്) എന്നും, S.M.Q.L.I.V.B.(Suant mala quae libas; ipse venena bibas നീ വെച്ചുനീട്ടുന്ന പാനപാത്രം തിന്മയാണ്; നീ തന്നെ നിന്റെ വിഷം കുടിക്കുക) എന്നും എഴുതിയിരി ക്കുന്നു.

## ഇതിന്റെ ശക്തിയും പ്രയോജനവും

1. പിശാചിൽ നിന്ന് ആത്മാവിനും ശരീരത്തിനുമുണ്ടാകുന്ന എല്ലാ അപകടങ്ങളേയും അതു തടയുന്നു. "പിശാചിനെ തുരത്തുന്ന കാശുരൂപം" എന്നാണ് മിഷൻ നാടുകളിൽ ഇതറിയപ്പെടുന്നത്.
2. കഠിന പാപികൾക്കുപോലും ഇത് മാനസാന്തരവരം ലഭിച്ചു കൊടുക്കുന്നു.
3. പിശാചിനാൽ പീഡിപ്പിക്കപ്പെടുന്നവരേയും, ശുദ്ധതയ്ക്കെതിരായ പ്രലോഭനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവരേയും ഇതു സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്നു.
4. ഈശോമിശിഹായുടേയും, വി. ബെനഡിക്ടിന്റേയും സഹായം മരണസമയത്തു ലഭിക്കുന്നതിന് ഇതു കാരണമാക്കുന്നു.
5. ഇതിന്റെ ഉപയോഗംമൂലം ശാരീരിക പീഡകളും രോഗങ്ങളും സാധാരണമായി സുഖപ്പെടുന്നുണ്ട്.
6. സാംക്രമിക രോഗങ്ങൾക്കു ഇതു ഫലസിദ്ധിയേറിയ ഒരു പ്രതിവിധിയാണ്.
7. മന്ത്രവാദത്തിനും മറ്റു പൈശാചിക സ്വാധീനതകൾക്കും എതിരായി ഇതിനു പ്രത്യേക ശക്തിയുണ്ട്.
8. ഗർഭിണികൾക്ക് സുഖപ്രസവത്തിനുവേണ്ട പ്രത്യേക സ്വർഗ്ഗീയ സഹായം ഇതുമൂലം ലഭ്യമാകുന്നു.
9. കൊടുങ്കാറ്റിന്റേയും കരയിലും കടലിലുമുള്ള മറ്റു അപകടങ്ങളുടേയും സമയത്ത് ഇതു നമ്മെ സംരക്ഷിക്കുന്നു.
10. പ്ലേഗു മുതലായ പകർച്ചവ്യാധികൾ ബാധിച്ച വളർത്തുമൃഗങ്ങൾക്കു ദൃശ്യമായ സഹായം ഇതുമൂലം സിദ്ധിച്ചിട്ടുണ്ട്.

# **ദിവ്യബലി** (ലത്തീൻ ക്രമം)

## **പ്രാരംഭകർമങ്ങൾ**

*1. പ്രവേശകഗാനം അവസാനിക്കുമ്പോൾ പുരോഹിതനും വിശ്വാസികളും നിന്നുകൊണ്ട് കുരിശടയാളം വരയ്ക്കുന്നു.*

**പുരോ:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**ജനം:** ആമേൻ.

*2. അനന്തരം പുരോഹിതൻ കൈകൾ വിരിച്ച്, ഇപ്രകാരം പറഞ്ഞു കൊണ്ട്, ജനത്തെ അഭിവാദനം ചെയ്യുന്നു:*

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളോടുകൂടെ.

*അഥവാ*

നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും കൃപയും സമാധാനവും നിങ്ങളോടുകൂടെ.

*അഥവാ* കർത്താവു നിങ്ങളോടുകൂടെ.

ജനം : അങ്ങേ ആത്മാവോടുംകൂടെ.

## **അനുതാപകർമം**

3. *പുരോ:* സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യരാകേണ്ടതിന് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം.

*അല്പനിമിഷം മൗനംപാലിക്കുന്നു. തുടർന്ന് എല്ലാവരും ഒരുമിച്ച് പൊതുവായ അനുതാപപ്രകരണം ചൊല്ലുന്നു.*

സർവശക്തനായ ദൈവത്തോടും / സഹോദരരേ, നിങ്ങളോടും ഞാൻ ഏറ്റുപറയുന്നു: / എന്തെന്നാൽ വിചാരത്താലും വാക്കാലും/ പ്രവൃത്തിയാലും ഉപേക്ഷയാലും/ ഞാൻ വളരെയേറെ പാപം ചെയ്തുപോയി:/ *(നെഞ്ചിലടിച്ചുകൊണ്ടു*

*പറയുന്നു)* എന്റെ പിഴ,/ എന്റെ പിഴ,/ എന്റെ വലിയ പിഴ./ *(അതിനുശേഷം തുടരുന്നു.)* ആകയാൽ/ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും/ എല്ലാ മാലാഖമാരോടും വിശുദ്ധരോടും/ സഹോദരരേ, നിങ്ങളോടും/ ഞാൻ അപേക്ഷിക്കുന്നു:/ എനിക്കു വേണ്ടി/ നമ്മുടെ കർത്താവായ ദൈവത്തോടു/ പ്രാർഥിക്കണമേ.

**പുരോ :** സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

**ജനം :** ആമേൻ.

*അഥവാ*

4. *പുരോ:* സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യരാകേണ്ടതിന് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം.

*അല്പനിമിഷം മൗനംപാലിക്കുന്നു.*

**തുടർന്ന് പുരോ:** കർത്താവേ, ഞങ്ങളിൽ കനിയണമേ.

**ജനം:** എന്തെന്നാൽ, അങ്ങേക്കെതിരായി ഞങ്ങൾ പാപം ചെയ്തുപോയി.

**പുരോ:** കർത്താവേ, അങ്ങേ കാരുണ്യം ഞങ്ങൾക്കു കാണിച്ചുതരണമേ.

**ജനം:** അങ്ങേ രക്ഷ ഞങ്ങൾക്കു നല്കുകയും ചെയ്യണമേ.

**പുരോ :** സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

**ജനം :** ആമേൻ.

*അഥവാ*

5. *പുരോ:* ഹൃദയം തകർന്നവരെ സുഖപ്പെടുത്താൻ അയയ്ക്കപ്പെട്ട കർത്താവേ, കനിയണമേ.

**ജനം :** കർത്താവേ, കനിയണമേ.

**പുരോ :** പാപികളെ വിളിക്കാൻ ആഗതനായ ക്രിസ്തുവേ, കനിയണമേ.

**ജനം :** ക്രിസ്തുവേ, കനിയണമേ.

**പുരോ :** ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവേ, കനിയണമേ.

**ജനം :** കർത്താവേ കനിയണമേ.

**പുരോ:** സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപ്പങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കമാറാകട്ടെ.

**ജനം :** ആമേൻ

6. *മുമ്പു പറഞ്ഞ ഏതെങ്കിലുമൊരു അനുതാപകർമരൂപത്തിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ* കർത്താവേ, കനിയണമേ *തുടരുന്നു:*

V : കർത്താവേ, കനിയണമേ. R : കർത്താവേ, കനിയണമേ

V : ക്രിസ്തുവേ, കനിയണമേ. R : ക്രിസ്തുവേ, കനിയണമേ.

V : കർത്താവേ, കനിയണമേ. R : കർത്താവേ, കനിയണമേ

7. *നിർദേശിച്ചിരിക്കുന്നതനുസരിച്ച് ഈ ഗീതം പാടുകയോ ചൊല്ലുകയോ ചെയ്യുന്നു.*

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം ഭൂമിയിൽ സന്മനസ്സുള്ള മനുഷ്യർക്ക് സമാധാനവും. കർത്താവായ ദൈവമേ, / സ്വർഗീയരാജാവേ, /സർവശക്തനായ ദൈവപിതാവേ, / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു/ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു/ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു/ അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുന്നു/ അങ്ങേ മഹാമഹിമയ്ക്കായി ഞങ്ങൾ നന്ദിപറയുന്നു. / യേശുക്രിസ്തുവേ, / ജാതനായ ഏക പുത്രനായ കർത്താവേ,/

കർത്താവായ ദൈവമേ, ദൈവത്തിന്റെ കുഞ്ഞാടേ,/ പിതാവിന്റെ പുത്രാ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന അങ്ങ് / ഞങ്ങളിൽ കനിയണമേ;/ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന അങ്ങ്/ ഞങ്ങളുടെ പ്രാർഥന കൈക്കൊള്ളണമേ./ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന അങ്ങ് ഞങ്ങളിൽ കനിയണമേ. എന്തെന്നാൽ,/ അങ്ങുമാത്രം പരിശുദ്ധൻ/ അങ്ങുമാത്രം കർത്താവ്/ അങ്ങുമാത്രം അത്യുന്നതൻ,/ യേശുക്രിസ്തുവേ,/ പരിശുദ്ധാത്മാവോടുകൂടെ/ പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിൽ. ആമേൻ.

**പദ്യരൂപം**

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം
ഭൂമിയിൽ സന്മനസ്സുള്ളോർക്കു ശാന്തിയുമേ
    അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു
    അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു
    ആരാധിച്ചങ്ങയെ വാഴ്ത്തുന്നു
    ദിവ്യമഹിമകൾ പാടുന്നു.

അങ്ങേ മഹാമഹിമയ്ക്കിതാ
നന്ദി ചൊല്ലുന്നിവർ താഴ്മയായ്
ദൈവമേ, കർത്താവാം അങ്ങയെ,
വാഴ്ത്തുന്നു സ്വർലോകരാജനെ.

    സർവൈകശക്തനാം ദൈവമേ,
    താതനാമങ്ങയെ വാഴ്ത്തുന്നു
    ഏകാത്മജാ, ദേവസൂനുവേ,
    കർത്താവാം ശ്രീയേശുക്രിസ്തുവേ.

ദൈവമേ, കർത്താവാം അങ്ങയെ
വാഴ്ത്തുന്നു ദൈവത്തിൻ കുഞ്ഞാടേ,
താതനാം ദൈവത്തിൻ സൂനുവേ,
അങ്ങയെ വാഴ്ത്തിസ്തുതിക്കുന്നു.

ലോകത്തിൻ പാപനിഹന്താവേ,
കാരുണ്യം തൂകണേ ഞങ്ങളിൽ
ലോകത്തിൻ പാപനിഹന്താവേ,
ഞങ്ങൾതൻ പ്രാർഥന കേൾക്കണേ.

നിത്യപിതാവിന്റെ പാർശ്വത്തിൽ
നേർവലംഭാഗത്തിരുന്നിടും
ഞങ്ങൾതൻ രക്ഷകനേശുവേ,
കാരുണ്യം തൂകണേ ഞങ്ങളിൽ.

സത്യസ്വരൂപൻ പിതാവുതൻ
നിത്യമഹിമാവിൻ തേജസ്സിൽ
പാവനാത്മാവുതൻ ഐക്യത്തിൽ
വാഴുന്ന ക്രിസ്തുവാം യേശുവേ

അങ്ങുമാത്രം പരിപാവനൻ
അങ്ങുതാൻ ഏകനാം നാഥനും
അങ്ങുമാത്രം പരമോന്നതൻ
ത്രിത്വൈകദൈവമഹത്ത്വത്തിൽ,

ആമേൻ.

8. *ഈ ഗാനമവസാനിക്കുമ്പോൾ, കൈകൾകൂപ്പി പുരോഹിതൻ ചൊല്ലുന്നു:*

നമുക്കു പ്രാർഥിക്കാം

*എല്ലാവരും പുരോഹിതനോടൊത്ത് അല്പസമയം നിശ്ശബ്ദമായി പ്രാർഥിക്കുന്നു.*

*അനന്തരം, പുരോഹിതൻ കൈകൾ വിരിച്ച്, സമാഹരണ പ്രാർഥന ചൊല്ലുന്നു; അതിന്റെ അവസാനത്തിൽ ജനം ഉദ്ഘോഷിക്കുന്നു:*

ആമേൻ.

**വചനപ്രഘോഷണകർമ്മം**

9. *എല്ലാവരും ഇരിക്കുന്നു. അനന്തരം പാഠകൻ വചനപീഠത്തെ സമീപിച്ച് ഒന്നാംവായന പ്രഘോഷിക്കുന്നു. വായനയുടെ അവസാനം സൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു:*

കർത്താവിന്റെ വചനം.

*എല്ലാവരും:* ദൈവത്തിനു നന്ദി.

10. *സങ്കീർത്തകൻ അഥവാ ഗായകൻ സങ്കീർത്തനമാലപിക്കുകയോ ചൊല്ലുകയോ ചെയ്യുമ്പോൾ ജനം പ്രതിവചനം നടത്തുന്നു.*

11. *തുടർന്ന് രണ്ടാംവായന ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞപോലെ പാഠകൻ വചനപീഠത്തിൽനിന്ന് വായിക്കുന്നു. വായനയുടെ അവസാനം സൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു:* കർത്താവിന്റെ വചനം.

*എല്ലാവരും:* ദൈവത്തിനു നന്ദി.

12. *എല്ലാവരും എഴുന്നേല്ക്കുന്നു. തുടർന്ന്,* അല്ലേലൂയായോ *നിർദേശങ്ങൾ അനുശാസിക്കുന്നതനുസരിച്ചുള്ള മറ്റൊരു ഗാനമോ ആരാധനക്രമകാലം ആവശ്യപ്പെടുന്നപോലെ ആലപിക്കുന്നു.*

നമുക്കു പ്രാർഥിക്കാം

എല്ലാവരും പുരോഹിതനോടൊത്ത് അല്പസമയം നിശ്ശബ്ദമായി പ്രാർഥിക്കുന്നു.

അനന്തരം, പുരോഹിതൻ കൈകൾ വിരിച്ച്, സമാഹരണ പ്രാർഥന ചൊല്ലുന്നു; അതിന്റെ അവസാനത്തിൽ ജനം ഉദ്ഘോഷിക്കുന്നു:

ആമേൻ.

വചനപ്രഘോഷണകർമ്മം

9. എല്ലാവരും ഇരിക്കുന്നു. അനന്തരം പാഠകൻ വചനപീഠത്തെ

സമീപിച്ച് ഒന്നാംവായന പ്രഘോഷിക്കുന്നു. വായനയുടെ അവസാനം സൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ വചനം.

എല്ലാവരും: ദൈവത്തിനു നന്ദി.

10. സങ്കീർത്തകൻ അഥവാ ഗായകൻ സങ്കീർത്തനമാലപിക്കുകയോ ചൊല്ലുകയോ ചെയ്യുമ്പോൾ ജനം പ്രതിവചനം നടത്തുന്നു.

11. തുടർന്ന് രണ്ടാംവായന ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞപോലെ പാഠകൻ വചനപീഠത്തിൽനിന്ന് വായിക്കുന്നു.

വായനയുടെ അവസാനം സൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു: കർത്താവിന്റെ വചനം.

എല്ലാവരും: ദൈവത്തിനു നന്ദി.

12. എല്ലാവരും എഴുന്നേല്ക്കുന്നു. തുടർന്ന്, അല്ലേലൂയായോ നിർദേശങ്ങൾ അനുശാസിക്കുന്നതനുസരിച്ചുള്ള മറ്റൊരു ഗാനമോ ആരാധനക്രമകാലം ആവശ്യപ്പെടുന്നപോലെ ആലപിക്കുന്നു.

13. തുടർന്ന്, ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ വചനപീഠത്തിലക്കു പോകുന്നു; തുടർന്ന് അദ്ദേഹം ഇപ്രകാരം പറയുന്നു

കർത്താവ് നിങ്ങളോടുകൂടെ.

**ജനം:** അങ്ങേ ആത്മാവോടുംകൂടെ.

*ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ :* ...ന്റെ (യുടെ) വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന

*തത്സമയം അദ്ദേഹം ഗ്രന്ഥത്തിലും നെറ്റിയിലും അധരങ്ങളിലും നെഞ്ചിലും കുരിശടയാളം വരയ്ക്കുന്നു.*

**ജനം :** കർത്താവേ, അങ്ങേക്കു മഹത്ത്വം.

14. *സുവിശേഷപ്രഘോഷണത്തിന്റെ അവസാനം ഡീക്കൻ*

*അല്ലെ ങ്കിൽ പുരോഹിതൻ :* കർത്താവിന്റെ സുവിശേഷം

*എല്ലാവരും :* ക്രിസ്തുവേ, അങ്ങേക്കു സ്തുതി.

15. *സുവിശേഷപ്രസംഗം കഴിഞ്ഞ് നിർദേശിച്ചിരിക്കുന്ന അവസങ്ങളിൽ, വിശ്വാസപ്രമാണം അഥവാ വിശ്വാസപ്രഖ്യാപനം ആലപി ക്കുകയോ ചൊല്ലുകയോ ചെയ്യുന്നു:*

ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു; സ്വർഗത്തിന്റെയും ഭൂമിയുടെയും / ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിന്റെയും/ സ്രഷ്ടാവും സർവശക്തനുമായ പിതാവിലും/ ഞാൻ വിശ്വസിക്കുന്നു./ ഏകകർത്താവും/ ജാതനായ ഏകദൈവപുത്രനും/ എല്ലാ യുഗങ്ങൾക്കും മുമ്പ്/ പിതാവിൽനിന്നു ജനിച്ചവനുമായ/ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു./

ദൈവത്തിൽനിന്നുള്ള ദൈവവും/ പ്രകാശത്തിൽ നിന്നുള്ള പ്രകാശവും/ സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും/ ജനിച്ചവനെങ്കിലും സൃഷ്ടിക്കപ്പെടാത്തവനും/ പിതാവുമായി സത്തയിൽ ഏകനുമായ/ അവിടന്നുവഴി സകലവും സൃഷ്ടിക്കപ്പെട്ടു./ മനുഷ്യരായ നമുക്കുവേണ്ടിയും/ നമ്മുടെ രക്ഷയ്ക്കുവേണ്ടിയും/ അവിടന്ന് സ്വർഗത്തിൽനിന്നിറങ്ങി;/

*തുടർന്നുവരുന്ന വാക്കുകൾ മുതൽ,* മനുഷ്യനായിത്തീർന്നു *എന്നതുവരെ എല്ലാവരും ശിരസ്സു നമിക്കുന്നു.*

പരിശുദ്ധാത്മാവാൽ/ കന്യകമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച്/ മനുഷ്യനായിത്തീർന്നു/ പോന്തിയൂസ് പീലാത്തോസിന്റെ കാലത്ത്/ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട്/ പീഡകൾ സഹിച്ചു മരിച്ച്/ അടക്കപ്പെട്ടു; / വിശുദ്ധ ലിഖിതങ്ങളനുസരിച്ച് മൂന്നാംദിവസം ഉയിർക്കുകയും / സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുകയും/ പിതാവിന്റെ വലത്തുഭാഗത്തിരിക്കുകയും ചെയ്യുന്നു; / ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ / അവിടന്നു മഹത്ത്വത്തോടെ

വീണ്ടും വരും;/ അവിടത്തെ രാജ്യത്തിന്/ അവസാനം ഉണ്ടാവുകയുമില്ല./ കർത്താവും ജീവദാതാവും/ പിതാവിൽനിന്നും / പുത്രനിൽനിന്നും പുറപ്പെടുന്നവനും/ പിതാവിനോടും പുത്രനോടുമൊപ്പം/ ആരാധിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും/ പ്രവാചകന്മാർ വഴി സംസാരിച്ചവനുമായ/ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു./ ഏകവും/ വിശുദ്ധവും/ സാർവത്രികവും/ അപ്പസ്തോലികവുമായ സഭയിലും ഞാൻ വിശ്വസിക്കുന്നു. പാപങ്ങളുടെ മോചനത്തിനായുള്ള / ഏകജ്ഞാന സ്നാനം/ ഞാൻ ഏറ്റുപറയുകയും/ മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന യുഗത്തിലെ ജീവിതവും/ ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. / ആമേൻ.

**പദ്യരൂപം**

ഏകനാം ദൈവത്തിൽ വിശ്വസിക്കുന്നേൻ
ആകാശത്തിന്റെയും ഭൂമിയുടെയും
ദൃശ്യാദൃശ്യങ്ങളാമെല്ലാറ്റിന്റെയും
സ്രഷ്ടാവും സർവൈകശക്തനുമായ
ദൈവപിതാവിൽ ഞാൻ വിശ്വസിക്കുന്നേൻ.

എല്ലാ യുഗങ്ങൾക്കുംമുമ്പു പിതാവിൽ
നിന്നു ജനിച്ചൊരു ദൈവസുതനും
ഏകനാം ജാതനും നാഥനുമായ
ക്രിസ്തുവാം ഈശോയിൽ വിശ്വസിക്കുന്നേൻ.

ദൈവത്തിൽനിന്നുള്ള ദൈവമാണെന്നും
ദീപ്തിയിൽനിന്നുള്ള ദീപ്തിയാണെന്നും
സത്യദൈവം തന്നിൽനിന്നുള്ള സാക്ഷാൽ
ദൈവമാണെന്നും ഞാൻ വിശ്വസിക്കുന്നേൻ.

ജാതനാണെങ്കിലും സൃഷ്ടനല്ലെന്നും
സത്തയിൽ താതനോടേകനാണെന്നും
സർവവും താൻവഴി സൃഷ്ടമായെന്നും
സന്തതം ഞാനേവം വിശ്വസിക്കുന്നേൻ.

നമ്മൾക്കും നമ്മൾതൻ രക്ഷയ്ക്കുംവേണ്ടി
സ്വർഗത്തിൽനിന്നുമിറങ്ങിയിപ്പാരിൽ,
കന്യാമറിയത്തിൽനിന്നു റൂഹായാൽ
ധന്യശരീരമെടുത്തു നരനായ്.

പോന്തിയോസ് പീലാത്തോസ് വാണിടുംനാളിൽ
നമ്മൾക്കായ് ഘോരമാം പീഡകളേറ്റു
ക്രൂശിൽ മരിച്ചു സംസ്കാരവുമാർന്നു:
വിശ്വസിക്കുന്നേനീ സത്യങ്ങളെല്ലാം.

മുന്നം ലിഖിതങ്ങൾ ചൊന്നതുപോലെ
മൂന്നാം ദിവസമുയിർത്തെഴുന്നേറ്റു
സ്വർഗത്തിലേറി ഇരുന്നരുളുന്നു
തൻപിതാവിൻ വലംപാർശ്വത്തിലായി.

ജീവിപ്പോരെയും മരിച്ചവരെയും
ന്യായംവിധിക്കാൻ പ്രതാപങ്ങളോടെ
വീണ്ടുംവരും, അന്തമില്ലാത്തതാണാ
തൻവാഴ്ചയെന്നതും വിശ്വസിക്കുന്നേൻ.

താതനിൽനിന്നും തനയനിൽനിന്നും
ചെമ്മേ പുറപ്പെടും പാവനാത്മാവിൽ,
താതനും ജാതനുമൊന്നിച്ചു നിത്യം
സ്തുത്യനും പൂജ്യനുമാകും റൂഹായിൽ

വേദപ്രവാചകന്മാർ വഴിയെല്ലാം
നമ്മോടരുൾചെയ്ത ജീവദാതാവും
കർത്താവുമായുള്ള പാവനാത്മാവിൽ
ഏറ്റം ഉറപ്പായി വിശ്വസിക്കുന്നേൻ.

വിശ്വസിക്കുന്നു. ഞാൻ ഏകവിശുദ്ധ
കാതോലിക്കാപ്പസ്തോലിക്കാസഭയിൽ
പാപവിമോചനമേകുന്നൊരേക
ജ്ഞാനസ്നാനം ഭക്ത്യാ പ്രഖ്യാപിക്കുന്നേൻ.

മൃത്യു വരിച്ചവർക്കുള്ളോരുയിർപ്പും
നിത്യപരലോകജീവിതവും ഞാൻ
വിശ്വസിച്ചേറ്റമുറപ്പായിഹത്തിൽ
പ്രത്യാശയോടിതാ കാത്തിരിക്കുന്നേൻ.

ആമേൻ.

16. *നൈസെയാ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണത്തിന പകരം, പ്രത്യേകിച്ച്, തപസ്സുകാലത്തും പെസഹാക്കാല അപ്പോസ്തലന്മാരുടെ വിശ്വാസ പ്രമാണമെന്നറിയപ്പെടും റോമാസഭയുടെ ജ്ഞാനസ്നാനപരമായ വിശ്വാസപ്രമാണ ഉപയോഗിക്കാവുന്നതാണ്.*

സർവശക്തനായ പിതാവും/ സ്വർഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ/ ഏകദൈവത്തിലും അവിടത്തെ ഏകപുത്രനും/ ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിലും/ ഞാൻ വിശ്വസിക്കുന്നു.

*തുടർന്നുവരുന്ന വാക്കുകൾ മുതൽ,* കന്യകമറിയത്തിൽനിന്നു പിറന്ന് *എന്നതുവരെ എല്ലാവരും ശിരസ്സ് നമിക്കുന്നു.*

അവിടന്ന് പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകമറിയത്തിൽനിന്നു പിറന്ന്,/ പോന്തിയൂസ് പീലാത്തോസിന്റെ കാലത്ത്/ പീഡകൾ സഹിച്ച്, ക്രൂശിക്കപ്പെട്ട്,/ മരിച്ച് അടക്കപ്പെട്ട്,/ പാതാളങ്ങളി ലിറങ്ങി/ മരിച്ചവരുടെ ഇടയിൽനിന്ന് / മൂന്നാംദിവസം ഉയിർത്ത്/ സ്വർഗത്തിലേക്ക് എഴുന്നള്ളി/ സർവശക്തനായ പിതാവായ ദൈവത്തിന്റെ/ വലത്തുഭാഗത്തിരിക്കുന്നു; / അവിടെനിന്ന്/ ജീവിക്കുന്നവരെയും മരിച്ചവരെയും/ വിധിക്കാൻ വരുമെന്നും/ ഞാൻ വിശ്വസിക്കുന്നു./ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു./ വിശുദ്ധ കത്തോലിക്കാസഭയിലും/ പുണ്യവാന്മാരുടെ ഐക്യത്തിലും/ പാപങ്ങളുടെ മോചനത്തിലും/ ശരീരത്തിന്റെ ഉയിർപ്പിലും/ നിത്യമായ ജീവിതത്തിലും/ ഞാൻ വിശ്വസിക്കുന്നു, / ആമേൻ.

*17. സാർവത്രികപ്രാർഥന അഥവാ വിശ്വാസികളുടെ പ്രാർഥന തുടർന്നുവരുന്നു.*

**സ്തോത്രയാഗകർമം**

*18. ഇവ തീർന്നശേഷം കാഴ്ചവയ്പുഗാനം ആരംഭിക്കുന്നു. ജനം ഇരിക്കുന്നു.*

*19. പുരോഹിതൻ അൾത്താരയിൽ നിന്നുകൊണ്ട് ഇരുകൈകളിലും അപ്പത്തോടൊപ്പം തളികയുമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ച്, താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:*

ദൈവമേ, അങ്ങേ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ജീവന്റെ ഭോജനമായിത്തീരാനുള്ള, ഭൂമിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ ഈ അപ്പം ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്. സർവസൃഷ്ടികളുടെയും നാഥനായ അങ്ങു വാഴ്ത്തപ്പെടട്ടെ.

*അപ്പത്തോടുകൂടെ തളിക തിരുശീലയിൽ വയ്ക്കുന്നു.*

*കാഴ്ചവയ്പുഗാനമില്ലാത്തപക്ഷം, ഈ വാക്കുകൾ പുരോഹിതന് ഉയർന്നസ്വരത്തിൽ ചൊല്ലാവുന്നതാണ്; അവസാനം ജനം പ്രഘോഷിക്കുന്നു:* ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

*20. തുടർന്ന് പുരോഹിതൻ പാനപാത്രമെടുത്ത്. ഇരുകരങ്ങളുംകൊണ്ട് അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:*

ദൈവമേ, അങ്ങേ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ആത്മീയപാനീയമായിത്തീരാനുള്ള, മുന്തിരിവള്ളിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ ഈ വീഞ്ഞു ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്. സർവസൃഷ്ടികളുടെയും നാഥനായ അങ്ങു വാഴ്ത്തപ്പെടട്ടെ.

*കാഴ്ചവയ്പു ഗാനമില്ലാത്തപക്ഷം, ഈ വാക്കുകൾ പുരോഹിതന് ഉയർന്നസ്വരത്തിൽ ചൊല്ലാവുന്നതാണ്; അവസാനം*

*ജനം പ്രഘോഷിക്കുന്നു:* ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

21. *തുടർന്ന് അൾത്താരയുടെ മധ്യഭാഗത്ത്, ജനങ്ങൾക്കഭിമുഖമായി നിന്ന്, പുരോഹിതൻ കൈകൾ വിരിക്കുകയും കൂപ്പുകയും ചെയ്തുകൊണ്ട് പറയുന്നു:*

സഹോദരരേ, എന്റെയും നിങ്ങളുടെയുംബലി സർവശക്തനും പിതാവുമായ ദൈവത്തിനു സ്വീകാര്യമാകാൻവേണ്ടി പ്രാർഥിക്കുവിൻ.

*ജനം എഴുന്നേറ്റ് പ്രത്യുത്തരിക്കുന്നു:* കർത്താവ് തന്റെ നാമത്തിന്റെ സ്തുതിക്കും മഹിമയ്ക്കും നമ്മുടെയും അവിടത്തെ തിരുസഭമുഴുവന്റെയും നന്മയ്ക്കുമായി, അങ്ങേ കരങ്ങളിൽ നിന്ന് ഈ ബലി സ്വീകരിക്കുമാറാകട്ടെ

22. *അനന്തരം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് നൈവേദ്യ പ്രാർഥന ചൊല്ലുന്നു. അതിന്റെ അവസാനം ജനം പ്രഘോഷിക്കുന്നു:* ആമേൻ.

## സ്ത്രോത്രയാഗപ്രാർത്ഥന

23. *തുടർന്ന്, പുരോഹിതൻ സ്തോത്രയാഗപ്രാർഥന ആരംഭിക്കുന്നു. കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:*

കർത്താവു നിങ്ങളോടുകൂടെ.

**ജനം:** അങ്ങേ ആത്മാവോടുംകൂടെ.

**പുരോ:** ഹൃദയങ്ങൾ ഉയർത്തുവിൻ

**ജനം:** കർത്താവിലേക്ക് ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

**പുരോ:** നമ്മുടെ കർത്താവായ ദൈവത്തിന് നന്ദിപ്രകാശിപ്പിക്കാം.

**ജനം:** അത് ഉചിതവും ന്യായവുമത്രേ.

*ആമുഖഗീതിയുടെ അവസാനം പുരോഹിതൻ കരങ്ങൾ കൂപ്പി, ജനങ്ങളോടൊത്ത് ആലപിക്കുകയോ ഉയർന്ന സ്വരത്തിൽ ചൊല്ലുകയോ ചെയ്യുന്നു:*

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. സ്വർഗവും ഭൂമിയും അങ്ങേ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

**പദ്യരൂപം**

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
സൈന്യങ്ങൾതൻ കർത്താവാം
ദൈവം പരിശുദ്ധൻ

1. നിരുപമമങ്ങേ മഹിമകളാൽ
നിറഞ്ഞുമഹിയും വിണ്ടലവും
ഹോസാന, ഹോസാന
അത്യുന്നതങ്ങളിൽ ഹോസാന.

2. കർത്താവിൻ തിരുനാമത്തിൽ
വരുവോൻ ഏറ്റം ധന്യനുമാം
ഹോസാന, ഹോസാന,
അത്യുന്നതങ്ങളിൽ ഹോസാന.

### സ്തോത്രയാഗപ്രാർഥന 11

24. *ജനം മുട്ടുകുത്തുന്നു. പുരോഹിതൻ, കൈകൾ വിരിച്ചു കൊണ്ട് ചൊല്ലുന്നു:*

C: കർത്താവേ, സർവവിശുദ്ധിയുടെയും ഉറവിടമായ അങ്ങ് സത്യമായും പരിശുദ്ധനാകുന്നു.

25. *കൈകൾ കൂപ്പുന്നു; അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെ മേൽ വിരിച്ചുകൊണ്ടു ചൊല്ലുന്നു:*

CC: ആകയാൽ, അങ്ങേ ആത്മാവാൽ മഞ്ഞുകണം പോലെ ഈ കാണിക്കകൾ പവിത്രമാക്കണമേ.

*കൈകൾ കൂപ്പുന്നു. അപ്പത്തിന്റെയും പാനപാത്രത്തിന്റെയും മേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ടു ചൊല്ലുന്നു:*

അങ്ങനെ, ഞങ്ങൾക്കായി ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും+രക്തവുമായിത്തീരുമാറാകട്ടെ.

*കൈകൾ കൂപ്പുന്നു.*

26. അവിടന്ന്, ഒറ്റിക്കൊടുക്കപ്പെട്ട് സ്വമനസ്സാലേ പീഡകൾ സഹിച്ചപ്പോൾ,

*അപ്പമെടുത്ത്, ബലിപീഠത്തിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചു കൊ ് തുടരുന്നു:*

അപ്പമെടുത്ത്, കൃതജ്ഞത പ്രകാശിപ്പിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

*അല്പം കുനിഞ്ഞ്,*

എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ. എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.

*ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളി യിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.*

27. അപ്രകാരം, അത്താഴം കഴിഞ്ഞ്,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ടു തുടരുന്നു:

പാനപാത്രമെടുത്ത്. വീണ്ടും അങ്ങേക്ക് കൃതജ്ഞ പ്രകാശിപ്പിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

*അല്പം കുനിഞ്ഞ്,*

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടിയും**
**അനേകർക്കുവേണ്ടിയും പാപമോചനത്തിനായി**
**ചിന്തപ്പെടാനിരിക്കുന്ന എന്റെ രക്തത്തിന്റെ, നവീനവും**
**സനാതനവുമായ ഉടമ്പടിയുടെ പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ**

*ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തി, തിരികെ തിരുശീലയിൽ വച്ച് മുട്ടുകുത്തി ആരാധിക്കുന്നു.*

28. *അനന്തരം പുരോഹിതൻ പറയുന്നു:* വിശ്വാസത്തിന്റെ രഹസ്യം

**ജനം:** കർത്താവേ,/ അങ്ങ് വീണ്ടും വരുന്നതുവരെ / അങ്ങേ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങേ . ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു.

*അഥവാ*

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ ഈ പാനപാത്ര ത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ, അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങേ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

*അഥവാ*

അങ്ങേ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

29. *പുരോഹിതൻ കൈകൾ വിരിച്ച് ചൊല്ലുന്നു:*

CC: ആകയാൽ കർത്താവേ, അവിടത്തെ മരണവും ഉയിർപ്പും ഓർത്തുകൊണ്ട് അങ്ങേ തിരുമുമ്പിൽ നില്ക്കുന്നതിനും അങ്ങയെ പരിചരിക്കുന്നതിനും അർഹരാക്കി ത്തീർത്തതിന് ഞങ്ങൾ നന്ദിപറഞ്ഞു കൊണ്ട് ജീവന്റെ അപ്പവും രക്ഷയുടെ പാനപാത്രവും ഞങ്ങൾ അങ്ങേക്ക് അർപ്പിക്കുന്നു.

(ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുചേരുന്ന ഞങ്ങളെ പരിശുദ്ധാത്മാവിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു.

CI കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ N. പാപ്പയോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും വൈദിക

ഗണത്തോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ.

*മരിച്ചവർക്കുവേണ്ടിയുള്ള ദിവ്യപൂജയിൽ താഴെ കൊടുത്തിരിക്കുന്നത് ചേർക്കാവുന്നതാണ്.*

(ഇന്ന്) ഈ ലോകത്തിൽനിന്ന് അങ്ങേ പക്കലേക്കു വിളിച്ച അങ്ങേദാസൻ N. (ദാസി N.) ഓർക്കണമേ. അങ്ങേ പുത്രന്റെ മരണത്തിനു സദൃശമായി അവിടത്തോട് ഒന്നായിത്തീർന്ന ഇയാളെ അവിടത്തെ ഉത്ഥാനത്തിലും ഒന്നാക്കണമേ.

C2: ഉയിർപ്പിന്റെ പ്രത്യാശയോടെ നിദ്രകൊള്ളുന്ന ഞങ്ങളുടെ സഹോദരങ്ങളെയും അങ്ങേ കാരുണ്യത്തിൽ മരണമടഞ്ഞ സകലരെയും അങ്ങ് ഓർക്കുകയും അതേ മുഖത്തിന്റെ പ്രകാശത്തിലേക്ക് അവരെ സ്വീകരിക്കുകയും ചെയ്യണമേ. ഞങ്ങളെല്ലാവരിലും കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും ആ കന്യകയുടെ ഭർത്താവായ ഭാഗ്യപ്പെട്ട യൗസേപ്പിനോടും അനുഗൃഹീതരായ അപ്പോസ്തലന്മാരോടും കാലാകാലങ്ങളിൽ അങ്ങയെ* പ്രസാദിപ്പിച്ച സകല വിശുദ്ധരോടുമൊത്ത്, നിത്യജീവനിൽ പങ്കുചേരാൻ ഞങ്ങളെ അർഹരാക്കുകയും അങ്ങേ പുത്രനായ യേശുക്രിസ്തുവഴി ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

30. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തി പ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ, ക്രിസ്തുവിനോടുകൂടെ, ക്രിസ്തുവിൽ ത്തന്നെ, സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക് പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, എല്ലാ ബഹുമതിയും മഹത്ത്വവും എന്നും എന്നേക്കും.

**ജനം :** ആമേൻ.

*തുടർന്ന്, ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു.*

## ദിവ്യകാരുണ്യസ്വീകരണകർമം

65. *ജനം എഴുന്നേല്ക്കുന്നു. പാനപാത്രവും തളികയും തിരുശീലയിൽവച്ച്, പുരോഹിതൻ കൂപ്പുകൈകളോടെ പറയുന്നു:*

രക്ഷാകരമായ കല്പനകളാൽ ഉദ്ബോധിതരായും ദിവ്യോപദേശത്താൽ രൂപവത്കൃതരായും നിർഭയം നമുക്ക് ഏറ്റുചൊല്ലാം:

*പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ജനങ്ങളോടുചേർന്ന് തുടരുന്നു:* സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങേ നാമം പൂജിതമാകണമേ;/ അങ്ങേ രാജ്യം വരണമേ; അങ്ങേ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ./ അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ;/ ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നപോലെ,/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ; / ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; / തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ.

*പദ്യരൂപം*

1. സ്വർഗത്തിൽവാഴും ഞങ്ങൾതൻ താതാ
   നിൻനാമം പൂജിതമായിടേണം.
2. വരണം നിൻരാജ്യം, സ്വർഗത്തിലെപ്പോൽ
   നിന്നുള്ളം പാരിലുമായിടേണം.
3. അന്നന്നുവേണ്ടുന്നാഹാരമിന്ന്
   ഞങ്ങൾക്കു നല്കുമാറായിടേണം.
4. അന്യർതൻ ദ്രോഹം ഞങ്ങൾ ക്ഷമിക്കുംപോൽ
   ഞങ്ങൾതൻ ദ്രോഹവും നീ ക്ഷമിക്ക
5. പാപപരീക്ഷയിലുൾപ്പെടുത്താതെ
   തിന്മയിൽനിന്നു നീ കാത്തിടേണം..

66. *കൈകൾ വിരിച്ചുകൊണ്ട് പുരോഹിതൻ മാത്രം തുടരുന്നു.*

കർത്താവേ, എല്ലാ തിന്മകളിലും നിന്നു ഞങ്ങളെ മോചിപ്പിക്കണമേ; ഞങ്ങളുടെ ദിനങ്ങളിൽ സമാധാനം കനിവാർന്നു നല്കണമേ. അനുഗ്രഹപൂർണമായ പ്രത്യാശയും ഞങ്ങളുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ കരുണയുടെ സഹായത്താൽ ശക്തിപ്രാപിച്ച് ഞങ്ങളെപ്പോഴും പാപത്തിൽനിന്ന് മോചിതരാകുകയും എല്ലാ വിപത്തുകളിലും നിന്ന് സുരക്ഷിതരാകുകയും ചെയ്യുമാറാകട്ടെ

*കൈകൾ കൂപ്പുന്നു. ജനം പ്രഘോഷിക്കുന്നു.*

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും: എന്നേക്കും അങ്ങയുടേതാകുന്നു.

67. *കൈകൾ വിരിച്ചുകൊണ്ട്, പുരോഹിതൻമാത്രം ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:* സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു എന്ന് അങ്ങേ അപ്പോസ്തലന്മാരോട് അരുൾചെയ്ത കർത്താവായ യേശുക്രിസ്തുവേ, ഞങ്ങളുടെ പാപങ്ങളല്ല, പിന്നെയോ, അങ്ങേ സഭയുടെ വിശ്വാസം തൃക്കൺപാർത്ത്, അങ്ങേ തിരുവുള്ളമനുസരിച്ച് സഭയ്ക്ക് സമാധാനവും ഐക്യവും നല്കാൻ കനിയണമേ.

എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഈ പ്രാർഥന കേട്ടരുളണമേ.

**ജനം:** ആമേൻ.

68. *പുരോഹിതൻ ജനങ്ങളുടെനേരേ കൈകൾ വിരിച്ചുകൊണ്ട് വീണ്ടും കൂപ്പിക്കൊണ്ട് ചൊല്ലുന്നു:*

കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

**ജനം:** അങ്ങേ ആത്മാവോടുംകൂടെ

69. *അനന്തരം, ഡീക്കൻ അഥവാ പുരോഹിതൻ സന്ദർഭോചിതം നിർദേശിക്കുന്നു:*

നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ,

70. *തത്സമയം, ജനങ്ങൾ പാടുകയോ ചൊല്ലുകയോ ചെയ്യുന്നു.*
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,
ഞങ്ങളിൽ കനിയണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,
ഞങ്ങളിൽ കനിയണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,
ഞങ്ങൾക്കു സമാധാനം നല്കണമേ.

**പദ്യരൂപം**

1. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ കുഞ്ഞാടേ,
ഞങ്ങളിൽ കനിയണമേ.

2. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ കുഞ്ഞാടേ,
ഞങ്ങളിൽ കനിയണമേ.

3. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ കുഞ്ഞാടേ,
ഞങ്ങൾക്ക് ശാന്തി നൽകണമേ.

71. *പുരോഹിതൻ മുട്ടുകുത്തി വണങ്ങി തിരുവോസ്തി എടുത്ത് തളികയുടെയോ പാനപാത്രത്തിന്റെയോ മുകളിൽ അല്പം ഉയർത്തിപ്പിടിച്ച്. ജനങ്ങൾക്ക് അഭിമുഖമായി നിന്നുകൊണ്ട് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.*

ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവൻ! കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടിരിക്കുന്നവർ അനുഗൃഹീതർ!

*തുടർന്ന്, ജനങ്ങളോടൊന്നിച്ച് ഒരു പ്രാവശ്യം ചൊല്ലുന്നു:*

കർത്താവേ/ അങ്ങ് എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല;/ അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി/ എന്റെ ആത്മാവു സുഖം പ്രാപിക്കും.

72. *അനന്തരം തളികയോ കുസ്തോദിയോ എടുത്തുകൊണ്ട് ദിവ്യകാരുണ്യം സ്വീകരിക്കാനുള്ളവരെ സമീപിക്കുന്നു. ഓരോ*

*രുത്തരുടെയും മുമ്പിൽ തിരുവോസ്തി അല്പം ഉയർത്തിപ്പിടിച്ചു കൊണ്ടു പറയുന്നു:*

ക്രിസ്തുവിന്റെ ശരീരം.

*ദിവ്യകാരുണ്യം സ്വീകരിക്കുന്നയാൾ പ്രതിവചിക്കുന്നു:* ആമേൻ.

*ദിവ്യകാരുണ്യം സ്വീകരിക്കുന്നു.*

73. *ദിവ്യകാരുണ്യം നല്കിയശേഷം പുരോഹിതൻ അഥവാ ഡീക്കൻ അഥവാ അൾത്താരശുശ്രൂഷകൻ തളികയും പാനപാത്രവും ശുദ്ധീകരിക്കുന്നു.*

74. *അനന്തരം, അവിടെത്തന്നെ നിന്നുകൊണ്ട്, അല്ലെങ്കിൽ ബലിപീഠത്തിന്റെ മധ്യഭാഗത്തു ചെന്നുനിന്നുകൊണ്ട് പുരോഹിതൻ പറയുന്നു:* നമുക്കു പ്രാർഥിക്കാം.

75. നിശ്ശബ്ദപ്രാർഥന മുമ്പു നടത്തിയില്ലെങ്കിൽ, പുരോഹിതനും ജനങ്ങളും അല്പസമയം നിശ്ശബ്ദമായി പ്രാർഥിക്കുന്നു. അതിനുശേഷം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ദിവ്യഭോജനാനന്തരപ്രാർഥന ചൊല്ലുന്നു!

*പ്രാർഥനയുടെ അവസാനത്തിൽ ജനം പ്രതിവചിക്കുന്നു;* ആമേൻ,

**സമാപനകർമങ്ങൾ**

76. *അതിനുശേഷം പുരോഹിതൻ, ജനങ്ങളുടെനേരെ തിരിഞ്ഞ്, കൈകൾ വിരിച്ചുകൊണ്ടു പറയുന്നു.*

കർത്താവു നിങ്ങളോടുകൂടെ.

**ജനം :** അങ്ങേ ആത്മാവോടുംകൂടെ.

*പുരോഹിതൻ ജനങ്ങളെ ആശീർവദിക്കുന്നു:*

സർവശക്തനായ ദൈവം, പിതാവും പുത്രനും * പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**ജനം :** ആമേൻ.

*77. അനന്തരം, ഡീക്കൻ അഥവാ പുരോഹിതൻ ജനങ്ങളുടെനേരെ തിരിഞ്ഞ്, കൈകൾകൂപ്പി പറയുന്നു:*

പോകുവിൻ, ദിവ്യപൂജ സമാപിച്ചു.

*അഥവാ* പോകുവിൻ, കർത്താവിന്റെ സുവിശേഷം അറിയിക്കുവിൻ

*അഥവാ* നിങ്ങളുടെ ജീവിതംവഴി കർത്താവിനെ മഹത്ത്വപ്പെടുത്തിക്കൊണ്ട് സമാധാനത്തിൽ പോകുവിൻ.

*അഥവാ* സമാധാനത്തിൽ പോകുവിൻ.

**ജനം :** ദൈവത്തിനു നന്ദി.

*78. അതിനുശേഷം വൈദികൻ പതിവനുസരിച്ച് പ്രാരംഭ കർമത്തിലെന്നപോലെ അൾത്താരയെ ചുംബിക്കുന്നു. തുടർന്ന് താണു വണങ്ങിയശേഷം ശുശ്രൂഷകരോടൊപ്പം തിരികെപ്പോകുന്നു.*

## 91-ാം സങ്കീർത്തനം

അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും/ സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും/ കർത്താവിനോട് എന്റെ സങ്കേതവും/ എന്റെ കോട്ടയും/ ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും/ അവിടുന്ന് നിന്നെ വേടന്റെ കെണിയിൽ നിന്നും/ മാരകമായ മഹാമാരിയിൽ നിന്നും രക്ഷിക്കും/ തന്റെ തൂവലുകൾകൊണ്ട്/ അവിടുന്ന് നിന്നെ മറച്ചുകൊള്ളും;/ അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും;/ അവിടുത്തെ വിശ്വസ്തത നിനക്കു കവചവും/ പരിചയും ആയിരിക്കും./ രാത്രിയിലെ ഭീകരതയെയും/ പകൽ പറക്കുന്ന അസ്ത്രത്തെയും നീ ഭയപ്പെടേണ്ടാ/ ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും/ നട്ടുച്ചയ്ക്കു വരുന്ന വിനാശത്തെയും/ നീ പേടിക്കേണ്ടാ/ നിന്റെ പാർശ്വങ്ങളിൽ ആയിരങ്ങൾ/ മരിച്ചുവീണേക്കാം./ നിന്റെ വലത്തുവശത്തു പതിനായിരങ്ങളും/ എങ്കിലും നിനക്ക് ഒരനർത്ഥവും/ സംഭവിക്കുകയില്ല/ ദുഷ്ടരുടെ പ്രതിഫലം/ നിന്റെ കണ്ണുകൾകൊണ്ടുതന്നെ നീ കാണും/ നീ കർത്താവിൽ ആശ്രയിച്ചു:/ അത്യുന്നതനിൽ നീ വാസമുറപ്പിച്ചു/ നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല/ ഒരനർത്ഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല/ നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ/ അവിടുന്ന് തന്റെ ദൂതന്മാരോടു കല്പിക്കും/ നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ/ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും/ സിംഹത്തിന്റെയും അണലിയുടെയും മേൽ/ നീ ചവിട്ടി നടക്കും/ യുവസിംഹത്തെയും സർപ്പത്തെയും/ നീ ചവിട്ടിമെതിക്കും/ അവൻ സ്നേഹത്തിൽ എന്നോട് ഒട്ടിനിൽക്കുന്നതിനാൽ/ ഞാൻ അവനെ രക്ഷിക്കും/ അവൻ എന്റെ നാമം അറിയുന്നതുകൊണ്ട്/ ഞാൻ അവനെ സംരക്ഷിക്കും/ അവൻ എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ/ ഞാൻ ഉത്തരമരുളും/ അവന്റെ കഷ്ടതയിൽ/ ഞാൻ അവനോടുചേർന്നു നിൽക്കും/ ഞാൻ അവനെ മോചിപ്പിക്കുകയും/ മഹത്വപ്പെടുത്തുകയും ചെയ്യും/ ദീർഘായുസ്സു നൽകി/ ഞാൻ അവനെ സംതൃപ്തനാക്കും/ എന്റെ രക്ഷ/ ഞാൻ അവനു കാണിച്ചുകൊടുക്കും/

*(ശക്തമായി സ്തുതിക്കുക)*

## വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോ, അങ്ങേ ദാസന്മാരായ വൈദികർക്ക് യാതൊരാപത്തും വരാതെ അങ്ങേ തിരുഹൃദയത്തിൽ അഭയം നൽകണമെ. അങ്ങേ പരിശുദ്ധമായ ശരീരത്തെ ദിവസംതോറും എടുക്കുന്ന അവരുടെ പൂശപ്പെട്ട കരങ്ങളെ മലിനമാകാതെ കാക്കണമെ. അങ്ങേ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിർമ്മലമായി കാത്തുകൊള്ളണമെ. ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ മഹനീയ മുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽ നിന്ന് അകറ്റുകയും വിശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമെ. അങ്ങേ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. ആമ്മേൻ.

ലോകരക്ഷകനായ ഈശോ, അങ്ങേ പുരോഹിതരേയും വൈദീകശുശ്രൂഷകരേയും ശുദ്ധീകരിക്കണമെ.

വൈദീകരുടെ രാജ്ഞിയായ മറിയമെ, വൈദീകർക്കുവേണ്ടി പ്രാർത്ഥിക്കണമെ.

• • • • • • •